# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

# ഗലീലി വിഭാഗം

## പാഠാവലി നാല്

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-4
ഫോൺ: 0481 2572890

ossaebodhanam.org

**AN OSSAE PUBLICATION**

**Sunday School Padavali-4**

First Edition : November 2013

Fourth Edition : March 2021

Copies: 5,000

Price ₹ 50.00

Printed at Catholicate Press, Devalokam

# പ്രവേശിക

അഭിനന്ദനീയമായ ചുവടുവെയ്പായിരുന്നു ഇത്. പ്രസ്ഥാനം അധ്യക്ഷനും വിദ്യാഭ്യാസ വിചക്ഷണനുമായ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെയും ഡയറക്ടർ ജനറലും പ്രശസ്ത മനഃശാസ്ത്രജ്ഞനുമായ ഫാ. ഡോ. ഒ. തോമസിന്റെയും നേതൃത്വത്തിൽ അധ്യാപന മേഖലയിൽ പരിചയസമ്പന്നരായ വൈദികരും അത്മായരും അടങ്ങിയ ഒരു സംഘം അധ്വാനശീലരുടെ പരിശ്രമ ഫലമായിരുന്നു പ്രസ്തുത പ്രസിദ്ധീകരണം. അത് ഇപ്പോൾ പുനഃപ്രസിദ്ധീകരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. ഇതിനായി പ്രയത്നിച്ചവരെ നന്ദിപൂർവം ഓർക്കുന്നു; ദൈവകരങ്ങളിൽ സമർപ്പിക്കുന്നു.

ദൈവവചനം, ആരാധന, കുടുംബ നമസ്കാരം, സഭാപിതാക്കന്മാരുടെ ജീവിതവൃത്താന്തവും പ്രബോധനവും, വിശ്വാസം, സഭാചരിത്രം, സാമൂഹികവിഷയങ്ങൾ എന്നിവ ചേർത്തിണക്കിക്കൊണ്ടും ബാലപാഠം മുതൽ വേദപ്രവീൺ തരംവരെ അനുക്രമമായും സമതുലിതമായും വികസിപ്പിച്ചെടുത്തുകൊണ്ടുള്ള വിഷയക്രമീകരണമാണ് ഈ പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിക്കാൻ പരിശ്രമിച്ചിട്ടുള്ളത്. ഇതിന്മേൽ ആവശ്യമെങ്കിൽ പരിഷ്കാരങ്ങളും തിരുത്തലുകളും ആവാം. അവ നിർദ്ദേശിക്കുവാനുള്ള സ്വാതന്ത്ര്യവും തുറവിയും ഉണ്ടെന്നും ഏവരെയും ഓർമ്മിപ്പിക്കട്ടെ.

ഒരു കാര്യം മറന്നുകൂടാ, പാഠ്യവിഷയങ്ങളോടൊപ്പം ഗുരുമുഖം എന്ന മറ്റൊരു തുറന്ന പുസ്തകം കുഞ്ഞുങ്ങൾ കാണുന്നു, അറിയുന്നു, സ്വാംശീകരിക്കുന്നു. ഇളം മനസ്സുകളിൽ സ്ഥായിയായ സ്വാധീനമായി അലിഞ്ഞുചേരുന്നത് പാഠ്യവിഷയങ്ങളോ ഗുരുമുഖമോ? രണ്ടിനും പ്രാധാന്യമുണ്ട്; എങ്കിലും ഏറെ ആഴമായി പതിയുന്നത് ഗുരുമുഖംതന്നെയെന്നു നാം തിരിച്ചറിയുന്നു. മുഖം ആളത്തത്തിന്റെ സമഗ്രപ്രകാശമാകുന്നുവല്ലോ; കേഴ്വിക്കുമപ്പുറം പോകുന്ന നേർക്കാഴ്ച. അമ്മയും അപ്പനും ആചാര്യരും (അധ്യാപകരും) വൈദീകരും ജ്യേഷ്ഠസഹോദരരും ഗുരുവരരത്രെ. എന്നാൽ "ഗുരുണാംമാതാശ്രേയസി" (ഗുരുക്കളിൽ അഗ്രിമസ്ഥാനത്ത് അമ്മ നിൽക്കുന്നു). ഭവനമാണ് ആദ്യത്തെ കളരി; പിന്നെ പള്ളിയും പള്ളിക്കൂടവും. ഇതെല്ലാംകൂടി ചേരുന്നൊരു ഗുരുകുല സങ്കല്പവും ഗുരുശിഷ്യ പാരസ്പര്യവും പരമ്പരയും. പാഠ്യ-പാഠ്യേതര വിഷയങ്ങളെയും അധ്യാപക-അധ്യേതാക്കളെയും കാണാനും പരിഗണിക്കാനും ഇത്തരമൊരു പ്രവിശാല പാഠ്യസങ്കല്പത്തിൽ വേണം.

ഈ അമുഖക്കുറിപ്പോടെ നമ്മുടെ സൺഡേസ്കൂൾ പാഠപുസ്തകങ്ങളുടെ പുതിയ പതിപ്പ് സഭാസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
2017 ഒക്ടോബർ 14

**ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത**
പ്രസിഡന്റ്, ഒ.എസ്.എസ്.എ.ഇ.

# ആമുഖം

യേശുക്രിസ്തു ഏക കർത്താവും രക്ഷകനും ദൈവവുമാകുന്നു എന്ന ബോധ്യം കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ ഉറപ്പിക്കുകയെന്നതാണ് OSSAE യുടെ ബോധനലക്ഷ്യം. എല്ലാ ക്ലാസ്സുകളിലും പ്രസ്തുത വിശ്വാസസത്യം ആവർത്തിക്കപ്പെടണം. വേദപുസ്ത കവും ആരാധനയും സഭാചരിത്രവും മഹത് വ്യക്തികളെക്കുറിച്ചുള്ള പഠനവും പ്രസ്തുത ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ നിർവഹിക്കപ്പെടുവാൻ അധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കണം. കുഞ്ഞുങ്ങളുടെ ഭാവിജീവിതം കരുപ്പിടിപ്പിക്കുന്നതിലും ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നതിലും 'യേശുക്രിസ്തു എന്റെ ദൈവമാകുന്നു' എന്ന ബോധ്യം ഉണ്ടാ കണം. ത്രിയേക ദൈവത്തിൽ വിശ്വസിക്കുവാനും നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര മഹാസംഭവത്തിൽ, വിശുദ്ധ സഭയുടെ അംഗമെന്ന നിലയിൽ പങ്കാളികളായി ദൈവരാജ്യ മഹത്വത്തിനായി ജീവിക്കുവാനും സൺഡേസ്കൂൾ പഠനം പ്രചോദനമാകണം.

നിലവിൽ എന്താണ് എന്നതിനെക്കാൾ പ്രധാനമാണ് ഇനിയും എന്തൊക്കെയാകാം എന്നത്. പഠനം കഴിവതും വിദ്യാർത്ഥി കേന്ദ്രീകൃതമാക്കണം. അധ്യാപകർ ആജ്ഞാപി ക്കുന്ന സ്ഥിരശൈലി മാറ്റി സഹായിയുടെയും സംരക്ഷകന്റെയും സംയുക്തശൈലിയി ലേക്കു മാറണം. പരമസത്യമായ ദൈവത്തെ അറിയുവാനും അനുഭവമാക്കുവാനും അതു പ്രകാരമുള്ള ജീവിതം നയിക്കുവാനുമുള്ള മാർഗ്ഗദർശനമാണ് ഇന്നിന്റെ ഗുരുധർമ്മം. 'വളർച്ച' അധ്യാപകനും വിദ്യാർത്ഥിക്കും ഒരുപോലെ സംജാതമാകണം. കഠോപനിഷത്തിന്റെ ശാന്തിപാഠം, അധ്യയനത്തിന്റെ ഈ ആത്യന്തിക ലക്ഷ്യം വിവരിക്കുന്നു. "ഓം സഹനാവ വതു സഹനൗ ഭുനക്തു; സഹവീര്യം കരവാവഹൈ; തേജസ്വിനാവധീതമസ്തു; മാ വിദ്വി ഷാവഹൈ. നമ്മെ (ഗുരുവിനെയും ശിഷ്യനെയും) ഒരുമിച്ച് (ദൈവം) അനുഗ്രഹിക്കട്ടെ. നാം രണ്ടുപേരും ഒരുമിച്ച് ഭുജിക്കട്ടെ. നാം രണ്ടുപേരും പരസ്പരം ശക്തി പകരട്ടെ. നാം അധ്യയനം ചെയ്ത് തേജസ്സ് ഉറ്റതാവട്ടെ." ഭാരതത്തിന്റെ തദ്ദേശീയ ക്രൈസ്തവ സഭയായ മലങ്കരസഭ അതിന്റെ വളർന്നുവരുന്ന തലമുറയ്ക്ക് ദേശസ്നേഹവും സ്വത്വബോധവും പകർന്നു നൽകണം.

മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളെ ദൈവീകരായി വളർത്തുകയെന്ന സുവിശേഷ ദൗത്യത്തിൽ വലുതായ ഉത്തരവാദിത്വം ഉണ്ട്. പരീക്ഷയ്ക്ക്, ആണ്ടിൽ ഒരിക്കൽ കുട്ടികളെ പരിശീലിപ്പിക്കുന്ന പതിവിനു പകരം ആഴ്ചയിൽ അല്പസമയമെങ്കിലും ക്രമമായി വേദ പഠനത്തിനു സമയം കണ്ടെത്തണം. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പ്രബോ ധിപ്പിക്കുന്നതുപോലെ 'ഭവനത്തിലെ സഭ' (Home Church) ആണ് വേദപഠനത്തിന്റെ ഈറ്റില്ലം. മാതാപിതാക്കളാണ് കുഞ്ഞുങ്ങളെ സ്വാധീനിക്കുവാൻ ഏറ്റവും കഴിവുള്ള അധ്യാപകർ. ബാലപാഠം മുതൽ 12-ാം ക്ലാസ്സുവരെയുള്ള പാഠങ്ങൾ വീഡിയോ ക്ലാസ്സുകളായി ossaebodhanam.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സൺഡേസ്കൂളിൽ അധ്യാപകർ നൽകുന്ന ക്ലാസ്സുകളോടൊപ്പം ഓൺലൈൻ ക്ലാസ്സുകൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ മാതാപിതാക്കൾ ശ്രമിക്കണം. പരീക്ഷയിലെ ഉന്നത വിജയം മാത്രമല്ല ലക്ഷ്യം; കുഞ്ഞു ങ്ങൾ ദൈവീകരാകുകയെന്നതാണ് പരമമായ ലക്ഷ്യം. ചെറുതായിരിക്കുന്നതു മാത്രമല്ല, വലുതാകാൻ ശ്രമിക്കാത്തതാണ് ആത്മീയ അപചയത്തിനു കാരണം! നന്മ നിറഞ്ഞതും ദൈവരാജ്യമഹത്വത്തിന് അനുയോജ്യവുമായ ചിന്താധാരകൾ നമ്മുടെ മനസ്സുകളിൽ നിറയട്ടെ, വരുംതലമുറയിലേക്ക് അവ അനസ്യൂതം പ്രവഹിക്കട്ടെ!

ദേവലോകം
23-02-2021

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ

# മുഖവുര

OSSAE യുടെ കരിക്കുലം സമ്പൂർണമായി പരിഷ്കരിച്ചത് 2012-13 കാലഘട്ടത്തിലായിരുന്നു. വിദ്യാർത്ഥികളുടെ മനഃശാസ്ത്രം ഉൾക്കൊണ്ടുകൊണ്ടും വിദ്യാർത്ഥികേന്ദ്രീകൃതമായ അധ്യാപനം പരിഗണിച്ചും ആണ് പുസ്തകങ്ങൾക്കു രൂപം നൽകിയത്. അന്ന് സൺഡേസ്കൂൾ അസോസിയേഷൻ പ്രസിഡന്റായിരുന്ന അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ സമ്പൂർണമായ മേൽനോട്ടത്തിലും, ഡയറക്ടർ ജനറൽ ആയിരുന്ന ബഹു. ഡോ. ഒ. തോമസച്ചന്റെ നേതൃത്വത്തിലുമാണ് കരിക്കുലം റിവിഷൻ നടത്തിയത്. അന്ന് പബ്ലിക്കേഷൻ ഓഫീസറായി സേവനം അനുഷ്ഠിച്ചിരുന്നത് ബഹു. കെ.വി. തോമസ് അച്ചൻ (കല്ലൂപ്പാറ) ആയിരുന്നു. തുമ്പമൺ ഭദ്രാസനത്തിലെ പ്രൊഫ. ഡോ. സാം വി. ഡാനിയേൽ ആണ് എക്സിക്യൂട്ടീവ് എഡിറ്ററായി പ്രവർത്തിച്ച് ഓരോ പാഠങ്ങൾക്കും രൂപംനൽകിയത്. പാഠങ്ങളുടെ ഘടനയെക്കുറിച്ച് അദ്ദേഹം തയ്യാറാക്കിയ കുറിപ്പ് ഉള്ളടക്കത്തിനുശേഷം കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുക. പിന്നീട് ഡയറക്ടർ ജനറലായി വന്ന ബഹു. ഡോ. റജി മാത്യു അച്ചൻ ഉൾപ്പെടെയുള്ളവർ അടങ്ങിയ ഒരു കരിക്കുലം കമ്മറ്റിയാണ് ഇതിനുവേണ്ടി അഹോരാത്രം യത്നിച്ചത്. പാഠങ്ങൾ എഴുതി തയ്യാറാക്കിയ അനേകരുണ്ട്. എല്ലാവരുടെയും പ്രവർത്തനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. പുസ്തകങ്ങളിൽ വന്ന അക്ഷരത്തെറ്റുകളും മറ്റും പരിഹരിക്കുവാനുള്ള ശ്രമം ആരംഭിച്ചത് ബഹു. ഡോ. ജേക്കബ് കുര്യനച്ചൻ ഡയറക്ടർ ജനറലായി വന്നപ്പോഴാണ്.

പുസ്തകപരിഷ്കരണം നടന്നിട്ട് പത്തുവർഷം ആയ സാഹചര്യത്തിൽ അധ്യാപകരുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ട സമയം ആയിരിക്കുകയാണ് എന്ന് OSSAE പൊതുയോഗം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ സൺഡേസ്കൂൾ അസോസിയേഷൻ പ്രസിഡന്റായിരിക്കുന്ന അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും ഡയറക്ടർ ജനറൽ ആയിരിക്കുന്ന ബഹു. ഡോ. വർഗീസ് വർഗീസ് അച്ചന്റെയും നേതൃത്വത്തിലുള്ള കരിക്കുലം കമ്മിറ്റി അതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഈ കാര്യത്തിൽ ബഹു. ജോബ് സാം മാത്യു ശെമ്മാശന്റെ സേവനം എടുത്തുപറയേണ്ടതാണ്.

പരീക്ഷ എന്നതല്ല നമ്മുടെ സൺഡേസ്കൂൾ അഭ്യസനത്തിന്റെ പ്രധാന ലക്ഷ്യം എന്ന് അധ്യാപകരും മാതാപിതാക്കളും വിദ്യാർത്ഥികളും തിരിച്ചറിയണം. കുഞ്ഞുങ്ങളെ ദൈവാനുരൂപരാക്കി വളർത്തിയെടുക്കുക എന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പ്രാർത്ഥനയോടെ ഓരോ പാഠവും കൈകാര്യം ചെയ്യുവാൻ നമുക്കു സാധിക്കണം. MCQ മാതൃകയിലുള്ള പരീക്ഷയിൽ ഊന്നൽ നൽകുന്നതും ഈ ആശയത്തിനായിരിക്കും എന്നതും പ്രത്യേകം ശ്രദ്ധിക്കുക.

ബേത്‌ലഹേം, നസ്രേത്ത്, ഗലീലി, യരുശലേം, താബോർ എന്നീ അഞ്ചു വിഭാഗങ്ങളിലായി പതിമൂന്നു ക്ലാസ്സുകളാണ് ഇപ്പോൾ നിലവിലുള്ളത്. ഗലീലി വിഭാഗത്തിലെ നാലാം ക്ലാസ് പാഠപുസ്തകമാണ് ഇത്. ഇതിൽ വന്നിട്ടുള്ള തെറ്റുകളും കുറവുകളും ചൂണ്ടിക്കാണിച്ചാൽ അടുത്ത എഡിഷനിൽ പരിഹരിക്കുവാൻ സാധിക്കും.

ഓരോ പാഠവും അനുഗ്രഹപ്രദമായും ഫലപ്രദമായും പ്രയോജനപ്പെടുത്തുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ദേവലോകം
23-02-2021

**പ്രൊഫ. ഡോ. ചെറിയാൻ തോമസ്**
പബ്ലിക്കേഷൻ ഓഫീസർ

# ഉള്ളടക്കം

*യൂണിറ്റ് ഒന്ന്:* **വേദപുസ്തക സംഭവങ്ങൾ**

പാഠം 1: അബ്രഹാം - ഒരു വംശത്തിന്റെ ആരംഭം ....9

പാഠം 2: യിസഹാക്ക് - വാഗ്ദത്ത സന്തതി .... 14

പാഠം 3: യാക്കോബും പന്ത്രണ്ട് ഗോത്രങ്ങളും .... 19

പാഠം 4: യൗസേഫും സഹോദരങ്ങളും .... 23

പാഠം 5: യാക്കോബും കുടുംബവും മിസ്രയീമിൽ .... 28

പാഠം 6: യേശുക്കുഞ്ഞിനെ ദൈവാലയത്തിൽ സമർപ്പിക്കുന്നു .... 33

പാഠം 7: സ്നാപക യോഹന്നാനും യേശുവിന്റെ മാമോദീസായും .... 37

പാഠം 8: യേശു സാത്താനെ ജയിക്കുന്നു .... 41

പാഠം 9: യേശു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു .... 45

പാഠം 10: പിറവികുരുടന്റെ സൗഖ്യം .... 49

*യൂണിറ്റ് 2:* **പ്രാർത്ഥന**

പാഠം 11: വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന .... 54

പാഠം 12: ക്രൂബേന്മാരുടെ സ്തുതിപ്പ് .... 58

പാഠം 13: ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ.... 61

*യൂണിറ്റ് 3:* **ആരാധനാ ഗീതങ്ങൾ**

പാഠം 14: ലോകത്തിന്റെ വെളിച്ചമായ യേശു .... 65

പാഠം 15: നമുക്ക് ഉണർവ്വുള്ളവരായിരിക്കാം .... 68

*യൂണിറ്റ് 4:* **എന്റെ പള്ളി**

പാഠം 16: മാമോദീസാത്തൊട്ടി .... 71

പാഠം 17: ധൂപക്കുറ്റി .... 76

യൂണിറ്റ് 5: **വിശുദ്ധ കുർബ്ബാന: ഒരു പഠനം**

പാഠം 18: വിശുദ്ധ കുർബ്ബാന: അർത്ഥവും പ്രാധാന്യവും .... 79

പാഠം 19: വിശുദ്ധ കുർബ്ബാനയ്ക്കുള്ള ഒരുക്കം .... 83

*യൂണിറ്റ് 6:* **വിശ്വാസ സത്യങ്ങൾ**
പാഠം 20: വിശുദ്ധ വേദപുസ്തകം ........ 88
പാഠം 21: കർത്താവിന്റെ ക്രൂശ്: എന്റെ പ്രശംസ ........ 93

*യൂണിറ്റ് 7:* **മഹദ്‌വ്യക്തിപരിചയം**
പാഠം 22: വിശുദ്ധ യോഹന്നാൻ സ്നാപകൻ ........ 97
പാഠം 23: കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് (പാമ്പാടി തിരുമേനി) ........ 101

*യൂണിറ്റ് 8:* **നല്ല ശീലങ്ങൾ**
പാഠം 24: വിനയം: മഹത്വത്തിലേക്കുള്ള പാത ........ 106
പാഠം 25: സത്യം: വിലയേറിയ നിധി ........ 111

**അർദ്ധവാർഷിക പരീക്ഷയ്ക്കു മുൻപു പഠിക്കേണ്ട പാഠങ്ങൾ**

**പാഠങ്ങൾ**

**1, 2, 3, 4, 5, 11, 12, 14, 16, 18, 20, 22, 24**

## പാഠങ്ങളുടെ ഘടന

(തയ്യാറാക്കിയത്: പ്രൊഫ. ഡോ. സാം വി. ഡാനിയേൽ)

1. **മുഖ്യസന്ദേശം, പഠനോദ്ദേശ്യം:** ഓരോ പാഠത്തിൽനിന്നും ഉരുത്തിരിഞ്ഞുവരേണ്ട പ്രധാന ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്.
2. **മനഃപാഠവാക്യം:** ഓരോ പാഠത്തിലെയും പ്രധാന ആശയവുമായി ബന്ധപ്പെട്ട ഒരു വേദവാക്യം കുട്ടികൾ ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം ക്ലാസ്സിന്റെ അവസാനം വിശുദ്ധ വേദപുസ്തകത്തിൽനിന്ന് ടീച്ചർ കുട്ടികളെ വായിച്ചു കേൾപ്പിക്കുകയും പല പ്രാവശ്യം ഏറ്റു പറയിക്കുകയും ചെയ്യണം.
3. **പഠനസഹായികൾ:** പാഠഭാഗത്തിലെ ആശയങ്ങൾ നന്നായി അവതരിപ്പിക്കുവാൻ ഉപയോഗിക്കാവുന്ന ചിത്രങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയെക്കുറിച്ച് ഈ ഭാഗത്തു നൽകിയിരിക്കുന്നു.
4. **ആമുഖം:** പാഠഭാഗത്തിന്റെ അവതരണം ഏറ്റവും ആകർഷകവും ആസ്വാദ്യകരവുമാക്കുവാൻ ഈ ഭാഗം സഹായിക്കുന്നു.
5. **പാഠഭാഗം:** പാഠത്തിന്റെ ഉള്ളടക്കമാണിത്. ഇതു കഴിയുന്നത്ര വിദ്യാർത്ഥി കേന്ദ്രീകൃതമാക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. കുട്ടികൾക്കു നല്ല പങ്കാളിത്തമുണ്ടാകത്തക്കവിധത്തിൽ വേണം ആശയങ്ങൾ അവതരിപ്പിക്കുവാൻ. വി. വേദപുസ്തകം ടീച്ചർ ക്ലാസ്സിൽ കൊണ്ടുപോകണം. വേദഭാഗങ്ങൾ എടുത്തു വായിച്ചു കേൾപ്പിക്കണം. വിവരണങ്ങൾ കഥ പറയുംപോലെയാവണം. കുട്ടികളോടു ചോദ്യങ്ങൾ ചോദിച്ച് അവരെ ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കണം. പ്രധാന ആശയങ്ങൾ വരുമ്പോൾ ഒന്നിച്ച് ഏറ്റുപറയിക്കണം.
6. **നമുക്കു ചിന്തിക്കാം:** പാഠഭാഗത്തിലെ ആശയങ്ങൾ എത്രമാത്രം കുട്ടികൾ ഗ്രഹിച്ചു എന്ന് പരിശോധിക്കുന്നതിനായി നൽകിയിരിക്കുന്ന ചോദ്യങ്ങളാണ് ഇവ.
7. **പ്രവർത്തനങ്ങൾ:** ഈ ഭാഗത്തു നൽകിയിരിക്കുന്നവ പലതും അഭിനയിക്കാനും വരയ്ക്കുവാനും ചെയ്തു കാണിക്കുവാനും കഥ പറയുവാനും എഴുതിക്കൊണ്ടുവരുവാനും ഉള്ളതാണ്.
8. **നമുക്കു പാടാം:** പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗാനമാണ് ഇവിടെ നൽകിയിരിക്കുന്നത്. അതു ടീച്ചർ പാടിക്കൊടുക്കുകയും കുട്ടികൾ ഏറ്റുപാടുകയും വേണം.
9. **നമുക്കു പ്രാർത്ഥിക്കാം:** പാഠഭാഗത്തിലെ ആശയവുമായി ബന്ധപ്പെട്ട ഒരു ലഘു പ്രാർത്ഥനയാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ പ്രാർത്ഥന ടീച്ചറിന് കുട്ടികളോടൊപ്പം ക്ലാസ്സിൽതന്നെ നടത്താവുന്നതാണ്. എല്ലാവരും എഴുന്നേറ്റുനിന്ന് കുരിശു വരച്ചുവേണം പ്രാർത്ഥിക്കുവാൻ.
10. **നിശ്ചയം:** ഒരു തീരുമാനംപോലെ കുട്ടികളുടെ മനസ്സിനെ സ്പർശിക്കുന്നതും അവരുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാവുന്നതുമായ ഒരു ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ ആശയം കുട്ടികളെക്കൊണ്ടു പറയിക്കണം.
11. **തുടർവായനയ്ക്ക്:** പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗങ്ങൾ, ഒരാഴ്ച വിവിധ ദിവസങ്ങളിൽ വൈകുന്നേരവും രാവിലെയും വായിക്കുന്നതിനും ധ്യാനിക്കുന്നതിനുമായി നൽകിയിരിക്കുന്നു.

## യൂണിറ്റ് ഒന്ന്

# വേദപുസ്തക സംഭവങ്ങൾ

### പാഠം 1

## അബ്രഹാം - ഒരു വംശത്തിന്റെ ആരംഭം

(ഉൽപത്തി 17-22)

**മുഖ്യസന്ദേശം:** ദൈവം തന്റെ സ്നേഹം പ്രദർശിപ്പിക്കുവാൻ പ്രത്യേക വ്യക്തികളെ തെരഞ്ഞെടുക്കുന്നു. അവരുമായി ചില ഉടമ്പടികളും വാഗ്ദത്തങ്ങളും ഉണ്ടാക്കുന്നു. അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർ കല്പനകൾ പാലിച്ചു ജീവിച്ചാൽ ദൈവം അവരെ അനുഗ്രഹിക്കുകയും തന്റെ ഉദ്ദേശ്യങ്ങൾക്കായി നിയോഗിക്കുകയും ചെയ്യും.

**മനഃപാഠവാക്യം:** അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു. (റോമർ 4:3)

**പഠനസഹായികൾ:** അബ്രഹാം സഞ്ചരിച്ച നാടുകൾ രേഖപ്പെടുത്തിയ ഭൂപടം, മൃഗബലി പീഠം, മനുഷ്യർ താൽക്കാലിക വാസത്തിന് ഉപയോഗിക്കുന്ന കൂടാരം എന്നിവയുടെ ചിത്രങ്ങൾ.

### ആമുഖം

ഒരുമിച്ചു പാർത്തിരുന്ന അബ്രഹാമും അവന്റെ സഹോദരപുത്രനായ ലോത്തും തമ്മിൽ പിരിഞ്ഞതും, ലോത്തിന്റെ ജീവിതത്തിൽ വന്നു ഭവിച്ച പ്രതിസന്ധികൾ അബ്രഹാം ഇടപെട്ട് പരിഹാരമുണ്ടാക്കിയതും മൂന്നാം ക്ലാസിൽ നമ്മൾ പഠിച്ചല്ലോ.

രാജ്യങ്ങൾ തമ്മിൽ സമാധാനക്കരാർ ഒപ്പുവയ്ക്കുന്നതിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലേ? ഒരു കെട്ടിടം പണിയാൻ ആലോചിക്കുമ്പോൾ ഉടമസ്ഥനും കോൺട്രാക്ടറും തമ്മിൽ ഉടമ്പടി എഴുതി ഉണ്ടാക്കും.

ദൈവം അബ്രഹാമിനോടു ഉടമ്പടി ചെയ്തതും അബ്രഹാമിനെ പരിശോധിച്ചതും അവയോട് അദ്ദേഹം പ്രതികരിച്ച രീതികളും ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

### പാഠഭാഗം

പഴയനിയമകാലത്ത് മനുഷ്യർക്ക് ആയുർദൈർഘ്യം കൂടുതൽ ആയിരുന്നു. അബ്രഹാമിന് 99 വയസ്സായപ്പോഴാണ് യഹോവ അദ്ദേഹത്തിന് പ്രത്യക്ഷനായത്. അബ്രഹാമിന്റെ

ഭാര്യയുടെ പേര് ഓർമ്മയുണ്ടോ? സാറാ. യഹോവ അബ്രഹാമിനോട് ഒരു ഉടമ്പടി ഉണ്ടാക്കി. യഹോവയുടെ നിയമങ്ങൾ പാലിച്ചാൽ അനുഗ്രഹങ്ങൾ ലഭിക്കുമെന്ന് വാഗ്ദാനം ചെയ്തു.

1. അബ്രഹാം അനേകജാതികൾക്ക് പിതാവാകും.
2. ഒരു പുത്രൻ ജനിക്കും.
3. ഫലഭൂയിഷ്ടമായ കനാൻ ദേശം അവകാശമായി ലഭിക്കും.
4. അബ്രഹാമിൽ നിന്ന് പുതിയൊരു വംശം ഉണ്ടാകും.
5. ആ വംശത്തിൽ രാജാക്കന്മാരുമുണ്ടാകും.

യഹോവ അബ്രഹാമിനോട് ചില വ്യവസ്ഥകൾ പറഞ്ഞു.

1. അബ്രഹാമിന്റെ സന്തതികളെല്ലാം യഹോവയുടെ നിയമം പാലിക്കണം.
2. ആൺകുട്ടികളെല്ലാം എട്ടാം ദിവസം പരിച്ഛേദന ഏൽക്കണം.
3. അവർ എന്നും യഹോവയെ ദൈവമായി സ്വീകരിക്കണം.

അന്നുമുതൽ യഹൂദന്മാരുടെ എല്ലാ ആൺകുട്ടികളും ജനിച്ച് എട്ടാം ദിവസം പരിച്ഛേദന ഏല്ക്കുന്ന പതിവുണ്ടായി. അബ്രഹാം 99-ാം വയസ്സിലും അദ്ദേഹത്തിന് ഹാഗറിൽ ജനിച്ച മകൻ യിശ്മായേൽ 13-ാം വയസ്സിലും ഒരേ ദിവസം പരിച്ഛേദനയേറ്റു. (യഹൂദനായി ജനിച്ച യേശുകുഞ്ഞിന് 8-ാം ദിവസം പരിച്ഛേദന നടത്തിയത്, വി. ലൂക്കോസ് 2:21 ൽ വായിക്കാം)

**നമുക്ക് ചിന്തിക്കാം**

1. യഹോവ വിളിക്കുമ്പോൾ അബ്രഹാമിന് എത്ര വയസ്സായിരുന്നു?

   ..........................................................................................................

2. ജനിച്ച് എട്ടാം ദിവസം യഹൂദബാലന്മാർക്ക് നിർബന്ധമാക്കിയ ആചാരമെന്ത്?

   ..........................................................................................................

അബ്രഹാമുമായി ബന്ധപ്പെട്ട മറ്റൊരു സംഭവം കൂടി നമുക്ക് പഠിക്കാം. അബ്രഹാം സൽക്കാര പ്രിയനായിരുന്നു. മെമ്രേയുടെ തോപ്പ് എന്ന ഒരു തോട്ടത്തിൽ വച്ച് ഒരിക്കൽ അദ്ദേഹം മൂന്നു ദൈവപുരുഷന്മാരെ വിഭവ സമൃദ്ധമായ വിരുന്നു നൽകി സൽക്കരിച്ചു. മക്കളില്ലാതിരുന്ന അബ്രഹാമിന് ഒരു മകൻ ജനിക്കും എന്ന അനുഗ്രഹം ദൈവപുരുഷന്മാർ നൽകി.

സാറാ അബ്രഹാമിന് ഒരു പുത്രനെ പ്രസവിച്ചു. അബ്രഹാം അവന് യിസ്സഹാക്ക് എന്നു പേരിട്ടു. യഹോവയുടെ വാഗ്ദാനപ്രകാരം ജനിച്ച പുത്രനാകയാൽ യിസ്സഹാക്കിനെ വാഗ്ദത്തപുത്രൻ എന്നു വിളിക്കുന്നു. എട്ടാം ദിവസം യഹോവയുടെ കല്പനപോലെ പരിച്ഛേദന നടത്തി. ആ കുടുംബം സന്തോഷമായി കഴിഞ്ഞു വന്നു.



അബ്രഹാം മൂന്നു ദൈവപുരുഷന്മാരെ സൽക്കരിക്കുന്നു

### നമുക്ക് ചിന്തിക്കാം

1. മൂന്നു ദൈവപുരുഷന്മാർ ഏത് തോപ്പിൽ വച്ച് അബ്രഹാമിന് പ്രത്യക്ഷപ്പെട്ടു?
2. അബ്രഹാമിനു സാറായിൽ ജനിച്ച വാഗ്ദത്ത പുത്രന്റെ പേര് എന്ത്?

അങ്ങനെയിരിക്കെ ഒരു നാൾ അബ്രഹാമിന്റെ വിശ്വാസത്തെ പരിശോധിക്കുവാൻ യഹോവ തീരുമാനിച്ചു. ഏകജാതനായ പുത്രൻ യിസഹാക്കിനെ ബലി അർപ്പിക്കുവാൻ കല്പിച്ചു. എത്ര വിഷമം തോന്നുന്ന ഒരു കല്പനയാണ്. അല്ലേ? പക്ഷേ അബ്രഹാം യഹോവയെ പൂർണ്ണമായി അനുസരിച്ചു. ബലി നടത്തുവാൻ തന്നെ തീരുമാനിച്ചു. മകനെ മോറിയാ മലയുടെ മുകളിലേക്കു കൊണ്ടുപോയി. ബലി അർപ്പിക്കുവാൻ കൈകാലുകൾ കെട്ടി. മകനെ ബലിപീഠത്തിൽ കിടത്തി. മകനെ വെട്ടുവാനായി കത്തി ഉയർത്തവേ യഹോവയുടെ ദൂതൻ അവനെ തടഞ്ഞു. അബ്രഹാമേ, ബാലന്റെമേൽ കൈ വയ്ക്കരുത് എന്ന ശബ്ദം അബ്രഹാം കേട്ടു. ഏകപുത്രനെ യഹോവയ്ക്കു ബലികഴിക്കുവാൻ മടിക്കാത്ത അബ്രഹാം, ദൈവത്തെ അനുസരിക്കുന്നവനാണെന്ന് ദൂതൻ പ്രഖ്യാപിച്ചു. അബ്രഹാം തിരിഞ്ഞു നോക്കുമ്പോൾ ഒരു ആട്ടിൻകുട്ടി കൊമ്പ് വള്ളികളിൽ കുടുങ്ങി കാട്ടിൽ കിടക്കുന്നതു കണ്ടു. അബ്രഹാം യിസഹാക്കിനു പകരം ആ ആട്ടിൻകുട്ടിയെ ബലി അർപ്പിച്ചു. അബ്രഹാമിന് ദൈവത്തിന്റെ മുമ്പാകെയുള്ള സമർപ്പണം കണ്ടല്ലോ.

യഹോവയിൽ പൂർണ്ണവിശ്വാസം അർപ്പിച്ചതിനാൽ യഹോവ അബ്രഹാമിന് ഭൂമിയിൽ ഐശ്വര്യങ്ങൾ നൽകി, വലിയ ജനതയായി ഉയർത്തി. ഒരു പുതിയ വംശം (ഇസ്രയേൽ ജനം) യിസഹാക്കിൽനിന്നും ആരംഭിച്ചു. അടിയുറച്ച ദൈവവിശ്വാസത്തിന് ഉദാഹരണമാണ് അബ്രഹാമിന്റെ ജീവിതം.

### പ്രവർത്തനങ്ങൾ

1) മൃഗബലിയുമായി ബന്ധപ്പെട്ട് അഞ്ചു വാക്കുകൾ എഴുതുക. വൃത്തത്തിലെ അക്ഷരങ്ങൾ ചേർത്തുവായിക്കുക.

1. തീർച്ച പായ് =
2. കവിത പാറ മുളക് =
3. യാത്ര മൃഗം പീപ്പി മഠം
4. ആന പട്ടി മീൻ പകുതി കിട്ടി
5. പക മത്തി =

2) അബ്രഹാം യിസഹാക്കിനെ ബലി അർപ്പിക്കുവാൻ കൊണ്ടുപോകുന്ന രംഗം ടീച്ചറുടെ സഹായത്തോടെ അഭിനയിക്കുക.

3) ചേരുന്നവ വരച്ച് ചേർക്കുക

| | എ | ബി |
|---|---|---|
| 1. | മോറിയാ | തോപ്പ് |
| 2. | അബ്രഹാം | പരിച്ഛേദന |
| 3. | സോദോം | ലോത്ത് |
| 4. | ആട്ടുകൊറ്റൻ | മല |
| 5. | മെമ്രേ | സാറാ |
| 6. | യഹൂദൻ | യാഗം |

## നമുക്ക് പാടാം

ഹാബേലിൻ കുഞ്ഞാടും നോഹിനുടെ - കാഴ്ചയതും
അബ്രഹാംതൻ ബലിയും കൈക്കൊണ്ട - കർത്താവേ!
നോമ്പും പ്രാർത്ഥനയും - കൈക്കൊണ്ട്
അൻപാലടിയാരെ - കാക്കുക.

## നമുക്ക് പ്രാർത്ഥിക്കാം

അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, അങ്ങയിൽ പൂർണ്ണമായി വിശ്വസിച്ച് അവിടുത്തെ മക്കളായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ

**നിശ്ചയം**

**ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച്, അവനിൽ വിശ്വസിച്ച് ഞങ്ങൾ ജീവിക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ഉല്പ. 12:1-9 |
| തിങ്കൾ | സദൃ. 25: 1-10 | ഉല്പ. 16: 1-6 |
| ചൊവ്വ | സങ്കീ. 137 | ഉല്പ. 16: 7-16 |
| ബുധൻ | യോഹ. 14: 1-7 | റോമ. 4:1-10 |
| വ്യാഴം | 1 കൊരി 13: 9 -13 | റോമ. 4: 13 - 25 |
| വെള്ളി | എബ്രാ. 11: 17-24 | എബ്രാ. 11: 1-8 |
| ശനി | എബ്രാ. 11: 25-30 | എബ്രാ. 11: 9-12 |
| ഞായർ | സങ്കീ. 133 | * |

പാഠം 2

# യിസഹാക്ക് - വാഗ്ദത്ത സന്തതി

(ഉൽപത്തി 21, 24, 25 : 19-34)

**മുഖ്യസന്ദേശം:** യഹോവ അബ്രഹാമിനു നൽകിയ വാഗ്ദത്തങ്ങളെല്ലാം നിവർത്തിയാകുന്നത് വാഗ്ദത്ത പുത്രനായ യിസഹാക്കിലൂടെയാണ്.

**മനഃപാഠവാക്യം:** നീ എന്റെ വാക്കനുസരിച്ചതു കൊണ്ട് നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും. (ഉൽപത്തി 22:18)

**പഠനസഹായികൾ:** ഒട്ടകപ്പുറത്തിരിക്കുന്ന യഹൂദന്റെ ചിത്രം, യഹൂദ മണവാട്ടിയുടെ ചിത്രം.

## ആമുഖം

അബ്രഹാമിന്റെ വീട്ടിൽ അദ്ദേഹത്തോടൊപ്പം താമസിച്ചിരുന്നത് ആരെല്ലാമാണ്? ഭാര്യ സാറായും വാഗ്ദത്ത പുത്രനായ യിസഹാക്കും ദാസി ഹാഗാറും അവളുടെ മകൻ യിശ്മായേലും. വാഗ്ദത്തപുത്രനായ യിസഹാക്കിനെക്കുറിച്ചാണ് നാം ഇന്നു പഠിക്കുന്നത്.

## പാഠഭാഗം

അബ്രഹാമിനും സാറായ്ക്കും വാർദ്ധക്യത്തിൽ ജനിച്ച വാഗ്ദത്ത പുത്രന് യിസഹാക്ക് എന്നു പേരിട്ടു (ഇസഹാക്ക് എന്ന പേരിന് ചിരി എന്നാണർത്ഥം). ദൈവകല്പനപ്രകാരം എട്ടാം ദിവസം പരിച്ഛേദന കഴിച്ചു. പിതാവിന്റെ അവകാശം ആദ്യജാതനായ യിശ്മായേലിന് ലഭിക്കുമെന്ന് ചിന്തിച്ച സാറായ്ക്ക് ഹാഗാറിനോടും യിശ്മായേലിനോടും നീരസമായി. അതുകൊണ്ട് യഹോവയുടെ നിർദ്ദേശപ്രകാരം അബ്രഹാം ദാസിയെയും മകനെയും വീട്ടിൽനിന്നും ഇറക്കിവിട്ടു. അവർ മരുഭൂമിയിൽ പോയി പാർത്തു.

ശരിയോ തെറ്റോ (✓) അടയാളമിടുക

1. സാറായുടെ ആദ്യ പുത്രനാണ് യിശ്മായേൽ [ശരി] [തെറ്റ്]
2. ഹാഗാർ അബ്രഹാമിന്റെ ദാസിയായിരുന്നു [ശരി] [തെറ്റ്]
3. വാഗ്ദത്ത പുത്രനായിരുന്നു യിസഹാക്ക് [ശരി] [തെറ്റ്]

അബ്രഹാമിനെപ്പോലെ യിസഹാക്കും ദൈവത്തെ ആരാധിക്കുന്നതിൽ ഉത്സാഹം കാണിച്ചു. മാതാപിതാക്കളോട് സ്നേഹവും അനുസരണവുമുള്ള മകനായി വളർന്നു വന്നു. ഹെബ്രോനിൽ വച്ച് സാറാ മരിച്ചു. മക്പേലാ ഗുഹയിൽ അവരെ അടക്കം ചെയ്തു.



വിവാഹകൂദാശ

അബ്രഹാം വൃദ്ധനായപ്പോൾ തന്റെ വിശ്വസ്ത ദാസനായ എലിയാസറിനെ പ്രധാനപ്പെട്ട ഒരു ചുമതല ഏല്പിച്ചു. - "തന്റെ മകന് ഒരു വധുവിനെ അന്വേഷിക്കുവാൻ."

എങ്ങനെയാണ് എലിയാസർ ഇസഹാക്കിനു വധുവിനെ തെരഞ്ഞെടുത്തത് എന്ന റിയേണ്ടേ?

അബ്രഹാമിന്റെ ആൾക്കാർ താമസിച്ചിരുന്ന പട്ടണത്തിൽ ചെന്നിട്ട് അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു: "എന്റെ യജമാനന്റെ മകന്റെ വിവാഹകാര്യം ഇന്നുതന്നെ സാധിപ്പിച്ചുതര ണമേ. ഇതാ, ഞാൻ കിണറ്ററികെ നിൽക്കുന്നു. കന്യകമാർ വെള്ളം കോരുവാൻ വരുന്നു. നിന്റെ പാത്രം ഇറക്കി എനിക്കു കുടിപ്പാൻ തരേണം എന്നു ഞാൻ പറയുമ്പോൾ, 'കുടി ക്കുക, നിന്റെ ഒട്ടകങ്ങൾക്കും കുടിപ്പാൻ കൊടുക്കാം' എന്നു പറയുന്ന സ്ത്രീതന്നെ ഇസഹാക്കിനു നിയമിച്ചവളാകട്ടെ."

എലിയാസർ പ്രതീക്ഷിച്ചതുപോലെ മറുപടി പറഞ്ഞ സ്ത്രീയായിരുന്നു റിബേക്കാ. പ്രാർത്ഥനയോടെ ദൈവ ഇഷ്ടം അറിഞ്ഞാണ് വധുവിനെ തെരഞ്ഞെടുത്തത്.

അബ്രഹാമിന്റെ സഹോദരനായ നാഹോരിന്റെ കൊച്ചുമകളും ലാബാന്റെ സഹോദരി യുമായ റിബേക്കാ എന്ന സുന്ദരിയായ യുവതിയെ യഹോവ ആ ദാസനു കാട്ടികൊടുത്തു. എലിയാസർ തന്റെ യജമാനൻ കൊടുത്തയച്ച ആഭരണങ്ങളും സമ്മാനങ്ങളും റിബേക്കയ്ക്ക് നൽകി. അവളെ മാതാപിതാക്കളുടെയും സഹോദരൻ ലാബാന്റെയും അനു വാദത്തോടെ യിസഹാക്കിന്റെ വീട്ടിൽ കൊണ്ടുപോയി. യിസഹാക്ക് റിബേക്കയെ വിവാഹം ചെയ്തു.

### നമുക്ക് ചിന്തിക്കാം

യിസഹാക്കിന്റെ സ്വഭാവ വിശേഷങ്ങൾ എന്തെല്ലാം?

- അപ്പനെപ്പോലെ തന്നെ സത്യദൈവത്തെ ആരാധിച്ചു.
- അനുസരണയുള്ള മകനായിരുന്നു.
- ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു.

യിസഹാക്കിനും റിബേക്കായ്ക്കും മക്കളില്ലായിരുന്നു. അതുകൊണ്ട് യഹോവയോട് അവർ മുട്ടിപ്പായി പ്രാർത്ഥിക്കുമായിരുന്നു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു. അവർക്ക് രണ്ട് മക്കൾ ജനിച്ചു. - ഏശാവ്, യാക്കോബ്. റിബേക്കാ യാക്കോബിനെയും യിസഹാക്ക് ഏശാവിനെയും കൂടുതലായി സ്നേഹിച്ചു. (മാതാപിതാക്കന്മാർ മക്കൾക്ക് സ്നേഹം ഒരു പോലെ നൽകേണ്ടതല്ലേ) ഇത് ഭാവിയിൽ കലഹത്തിന് കാരണമായിത്തീർന്നു. തനിക്ക് വിശന്നപ്പോൾ ഒരു പാത്രം പായസം ലഭിക്കുന്നതിനായി ഏശാവ് തന്റെ ജ്യേഷ്ഠാവകാശം (യഹൂദന്യായപ്രമാണം അനുസരിച്ച് പിതാവിന്റെ സ്വത്തിന്റെ നേർപകുതി അവകാശവും കുടുംബത്തിന്റെ പേര് നിലനിർത്തുവാനുള്ള അവകാശവും പിതാവിന്റെ അനുഗ്രഹവും മൂത്തപുത്രനുള്ളതാണ്. ഈ അവകാശത്തെയാണ് ജ്യേഷ്ഠാവകാശം എന്നു പറയുന്നത്) അനുജനായ യാക്കോബിന് വിറ്റുകളഞ്ഞു.

റിബേക്കാ ഗർഭിണി ആയിരുന്ന കാലത്ത് അവളുടെ ഉദരത്തിൽ രണ്ട് വംശങ്ങൾ ഉണ്ടാകുമെന്നും മൂത്തവൻ ഇളയവനെ സേവിക്കുമെന്നും യഹോവ അരുളിച്ചെയ്തിരുന്നു. അതുപോലെ സംഭവിക്കുകയും ചെയ്തു.

## നമുക്ക് ചിന്തിക്കാം

1 അബ്രഹാമിന്റെ വാഗ്ദത്തപുത്രൻ ആര്?

..............................................................................................................

2 യിസഹാക്കിന്റെ ഭാര്യയുടെ പേര് എന്ത്?

..............................................................................................................

3 യിസഹാക്കിന്റെ രണ്ട് മക്കൾ ആരെല്ലാം?

..............................................................................................................

4 എങ്ങനെയാണ് ഇസഹാക്കിന് ഭാര്യയെ തെരഞ്ഞെടുത്തത്?

..............................................................................................................

..............................................................................................................

..............................................................................................................

5 യഹൂദ ന്യായപ്രമാണം അനുസരിച്ച് ജ്യേഷ്ഠാവകാശം എന്നാൽ എന്ത്?

..............................................................................................................

..............................................................................................................

6 യിസഹാക്കിന്റെ മക്കളെപ്പറ്റി യഹോവയുടെ അരുളപ്പാട് എന്തായിരുന്നു?

..............................................................................................................

..............................................................................................................

## പ്രവർത്തനങ്ങൾ

1. മകന്റെ വിവാഹ നിശ്ചയത്തിന് വധുവിന് നൽകാനായി അബ്രഹാം കൊടുത്തയച്ച സമ്മാനങ്ങൾ എന്തൊക്കെയാണ്? വേദപുസ്തകത്തിൽ ഉൽപ്പത്തി 24:22,53 ഉം നോക്കി (✓) അടയാളമിടുക.
   1. ഒരു പൊൻമൂക്കുത്തി ☐
   2. രണ്ട് പൊൻ വളകൾ ☐
   3. വെള്ളിയാഭരണങ്ങൾ ☐
   4. പൊന്നാഭരണങ്ങൾ ☐
   5. വധുവിന് പുതിയ വസ്ത്രങ്ങൾ ☐
   6. വധുവിന്റെ അമ്മയ്ക്കും സഹോദരനും വിശേഷവസ്ത്രങ്ങൾ ☐
2. നിങ്ങളെ ക്ഷണിച്ചിട്ടുള്ള ഒരു വിവാഹകൂദാശയിൽ മാതാപിതാക്കളുടെ അനുമതിയോടെ ആദിയോടന്തം പങ്കെടുത്ത് ശ്രദ്ധയോടെ നിരീക്ഷിക്കുക.
3. വിശുദ്ധ വിവാഹകൂദാശയിലെ ക്രമങ്ങളും ചടങ്ങുകളും ചർച്ച ചെയ്യുക.

## നമുക്ക് പാടാം

ആദിമ നീതിജ്ഞരെ വാഴ്ത്തിയ ദൈവം തൻ ബഹുകൃപയാൽ
ഈ ദാസരെ വാഴ്ത്തട്ടെ ദേവാ! ദയ ചെയ്തീടണമേ
ഹവ്വയൊടാദാമിനെ വാഴ്ത്തിയ ദൈവം തൻ................
സാറയൊടബറാ - മിനെ വാഴ്ത്തിയ ദൈവം തൻ............
റഫ്ക്കയൊടിസഹാക്കിനെ വാഴ്ത്തിയ ദൈവം തൻ.........
റാഹേലൊടുയാ - ക്കോബിനെ വാഴ്ത്തിയ ദൈവം തൻ............
മെസ്രേനിൽ യൌസേ - പ്പിനെ വാഴ്ത്തിയ ദൈവം തൻ............
(വിവാഹശുശ്രൂഷ, കിരീടം വാഴ്വിന്റെ ക്രമം)

## നമുക്ക് പ്രാർത്ഥിക്കാം

സ്നേഹവാനായ ദൈവമേ, യിസഹാക്കിനെ പോലെ അനുസരണയുള്ള മക്കളായി വളരുവാൻ ഞങ്ങൾക്ക് ഇടയാക്കണമേ. മാതാപിതാക്കളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെ. ആമ്മീൻ

### നിശ്ചയം

**എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്ന അനുസരണയുള്ള മക്കളായി ഞങ്ങൾ ജീവിക്കും. ഏതു തീരുമാനവും ദൈവത്തോട് ആലോചിച്ചു മാത്രമായിരിക്കും.**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | 1 ശമു. 1:4-21 |
| തിങ്കൾ | സങ്കീ 46 | വി.ലൂക്കോ. 1:5-18 |
| ചൊവ്വ | സങ്കീ 34 | ഉല്പ. 22:8-21 |
| ബുധൻ | സദൃ 28:1-10 | ഉല്പ. 19:1-13 |
| വ്യാഴം | ഉല്പ. 19;14 - 28 | ഉല്പ. 23:1-20 |
| വെള്ളി | ഉല്പ. 25:12-18 | ഉല്പ. 26 : 12-25 |
| ശനി | എബ്രാ. 6:13-20 | 1 കോരി 2:6-12 |
| ഞായർ | എബ്രാ. 11: 1-12 | * |

## പാഠം 3

# യാക്കോബും പന്ത്രണ്ട് ഗോത്രങ്ങളും

(ഉല്പത്തി 30)

**മുഖ്യസന്ദേശം:** യഹോവയുടെ വാഗ്ദാനം പോലെ അബ്രഹാമിന്റെ കൊച്ചു മകനായ യാക്കോബിൽ നിന്നും യിസ്രയേൽ എന്ന വലിയൊരു ജനസമൂഹം പുറപ്പെടുന്നു.

**മനഃപാഠവാക്യം:** മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ. (സങ്കീർത്തനം 127:3)

**പഠനസഹായികൾ:** അബ്രഹാമിന്റെ വംശാവലി കാണിക്കുന്ന ഒരു ചാർട്ട്

## ആമുഖം

യഹൂദന്മാർ സന്തതി പരമ്പരയിലും വംശപാരമ്പര്യത്തിലും അഭിമാനിച്ചിരുന്നു. വാർദ്ധക്യമായിട്ടും മക്കളുണ്ടാകാതിരുന്ന അബ്രഹാമിനോട് ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ നിന്റെ സന്തതി പെരുകും എന്ന് യഹോവ അരുളിച്ചെയ്തു. അപ്പന്റെ അനുഗ്രഹം ലഭിച്ച യാക്കോബിന്റെ വംശത്തിലൂടെയാണ് ഇസ്രായേൽ എന്ന ജനസമൂഹം വളർന്നു വരുന്നത്. ഈ സംഭവമാണ് നമ്മൾ ഇന്ന് പഠിക്കുന്നത്.

## പാഠഭാഗം

യിസഹാക്കിന്റെ രണ്ടു പുത്രന്മാരിൽ ഇളയവനായ യാക്കോബിന് ജ്യേഷ്ഠാവകാശം ലഭിച്ച സംഭവം നേരത്തെ പഠിച്ചല്ലോ. തുടർന്ന് അപ്പനിൽനിന്ന് അനുഗ്രഹങ്ങളും അവൻ നേടിയെടുത്തു. ആ കഥ നമുക്ക് പഠിക്കാം. യിസഹാക്ക് വൃദ്ധനായി കണ്ണിന്റെ കാഴ്ച മങ്ങിയപ്പോൾ മൂത്തമകനായ ഏശാവിനെ അനുഗ്രഹിക്കുന്നതിനായി അവനെ വിളിച്ച് അവനോട് പറഞ്ഞു. നീ പോയി എനിക്ക് ഇഷ്ടപ്പെട്ട ഭക്ഷണം ഉണ്ടാക്കി എന്റെ അടുക്കൽ കൊണ്ടുവരിക, ഞാൻ നിന്നെ അനുഗ്രഹിക്കും. ഏശാവ് വേട്ടതേടി ഭക്ഷണം കൊണ്ടു വരുവാൻ പോയി. ഈ വിവരം മനസ്സിലാക്കിയ റിബേക്കാ യാക്കോബിന്റെ കൈവശം രുചികരമായ ഭക്ഷണം ഉണ്ടാക്കി പിതാവിന്റെ അടുക്കൽ കൊടുത്തയച്ചു. ഏശാവിന്റെ ശരീരം മുഴുവൻ രോമം പൊതിഞ്ഞിരുന്നു. ഏശാവ് ആണെന്ന് തോന്നിപ്പിക്കുന്നതിനായി യാക്കോബിന്റെ കൈകൾ ആട്ടിൻതോലുകൊണ്ട് പൊതിഞ്ഞു. ഭക്ഷണം കഴിച്ചു തൃപ്തനായ പിതാവ് ഏശാവെന്നു കരുതി യാക്കോബിനെ അനുഗ്രഹിച്ചു. അങ്ങനെ അമ്മയുടെ സഹായത്തോടെ യാക്കോബ് ജേഷ്ഠാവകാശം പൂർണ്ണമായി സ്വന്തമാക്കി. അധികം താമസിക്കാതെ ഏശാവ് വേട്ടയിറച്ചിയുമായി വന്ന് അപ്പനോട് അനുഗ്രഹം ചോദിച്ചു. ഇപ്പോൾ വന്നതാണ് ഏശാവ് എന്ന് തിരിച്ചറിഞ്ഞ യിസഹാക്ക് പരിഭ്രമിച്ച് നടുങ്ങി. എന്നാൽ ആദ്യം വന്നവൻ ആര്? ഞാൻ അവന് സകല അനുഗ്രഹവും നൽകിയല്ലോ. അവൻ അനുഗ്രഹിക്കപ്പെട്ടവനാകും എന്നു പറഞ്ഞു. ഇതുമൂലം ഏശാവിനു യാക്കോബിനോട് വിരോധമായി.

### നമുക്ക് ചിന്തിക്കാം

- യിസഹാക്കിന്റെ ഇളയ പുത്രൻ ആര്?

  ..........................................................................................................................................

- യാക്കോബ് പിതാവിൽനിന്ന് അനുഗ്രഹം സ്വന്തമാക്കിയതെങ്ങനെ?

  ..........................................................................................................................................

  ..........................................................................................................................................

  ..........................................................................................................................................

ജ്യേഷ്ഠനായ ഏശാവ് തന്നോടു പകരം വീട്ടുമെന്ന് ഭയന്ന് അവൻ അമ്മയുടെ സഹോദരനായ ലാബാന്റെ വീട്ടിലേക്കോടിപ്പോയി. അവിടെ താമസിക്കുമ്പോൾ ലാബാന്റെ പെൺമക്കളായ ലേയാ, റാഹേൽ എന്നിവരെ യാക്കോബ് വിവാഹം ചെയ്തു. അവിടെവച്ച് അവന് 13 മക്കളുണ്ടായി.

ഭാര്യമാരെയും മക്കളെയും കൂട്ടി ലാബാന്റെ ഭവനത്തിൽ നിന്നും തിരികെ സ്വന്തം ദേശത്തേയ്ക്കു പോകുന്ന യാത്രയിൽ, യബ്ബോക്ക് കടവിനക്കരെവച്ച് യാക്കോബ് ഒരു ദൈവദൂതനുമായി മല്ലുപിടിച്ചു. അതുകൊണ്ട് ദൈവം അവന് യിസ്രയേൽ എന്ന പുതിയ പേരു നൽകി. ഇസ്രായേൽ എന്ന വാക്കിന് ദൈവത്തോട് മല്ലു പിടിച്ചവൻ എന്നാണർത്ഥം. നീ മുഖാന്തിരവും നിന്റെ സന്തതി മുഖാന്തിരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്ന വാഗ്ദാനവും കൊടുത്തു.

ലേയാ യാക്കോബിന് ആറു പുത്രന്മാരെയും ഒരു പുത്രിയെയും പ്രസവിച്ചു. - രൂബൻ, ശിമയോൻ, ലേവി, യഹൂദ, സെബൂലൂൻ, ഇസ്സാഖാർ, ദീന. യാക്കോബ് കൂടുതൽ സ്നേഹിച്ച റാഹേൽ രണ്ടു പുത്രന്മാർക്കു ജന്മം നൽകി-യോസഫ്, ബന്യാമിൻ. ഇവരെ കൂടാതെ റാഹേലിന്റെ ദാസിയായ ബിൽഹാ; ദാൻ, നഫ്താലി എന്നീ പുത്രന്മാരെയും ലേയായുടെ ദാസിയായ സില്പ; ഗാദ്, ആശേർ എന്നീ രണ്ടു പുത്രന്മാരെയും പ്രസവിച്ചു. അങ്ങനെ യാക്കോബിന് പന്ത്രണ്ട് ആൺ മക്കളും ഒരു മകളും ജനിച്ചു.

### നമുക്ക് ചിന്തിക്കാം

1. ഏശാവിനെ ഭയന്ന് യാക്കോബ് ഓടിപ്പോയതെങ്ങോട്ട്?

   ..........................................................................................................................................

2. യാക്കോബിന്റെ രണ്ടു ഭാര്യമാർ ആരെല്ലാം?

   ..........................................................................................................................................

3. യാക്കോബിന് യിസ്രായേൽ എന്ന പേരു ലഭിച്ചതെങ്ങനെ?

   ..........................................................................................................................................

4. യാക്കോബിന്റെ പതിമൂന്ന് മക്കളുടെയും പേരു പറയുക?

   ..........................................................................................................................................

   ..........................................................................................................................................

യഹോവ ഉപായിയായ യാക്കോബിന്റെ ഹൃദയം രൂപാന്തരപ്പെടുത്തി. അവന് ഇസ്രായേൽ എന്ന പേരു നൽകി (ഉൽപത്തി 32:28) അനുഗ്രഹിച്ചു.

ഇസ്രയേലിന്റെ പന്ത്രണ്ട് പുത്രന്മാരാണ് പന്ത്രണ്ട് ഗോത്രപിതാക്കന്മാരായി അറിയപ്പെടുന്നത്. ഗോത്രപിതാക്കന്മാരുടെ പേരുകൾ ഈ പാഠത്തിന്റെ അവസാനം നൽകിയിരിക്കുന്ന പാട്ടിലുണ്ട്. അത് പാടി ഹൃദിസ്ഥമാക്കുക.

യാക്കോബിന്റെ സന്തതി പരമ്പരകൾ യിസ്രായേൽക്കാർ എന്ന് അറിയപ്പെട്ടു. ഓരോ ഗോത്രത്തിനും അവരവരുടെ തൊഴിലുകളും സ്ഥാനമാനങ്ങളും മോശയുടെ കാലത്തു നൽകി. ലേവി ഗോത്രത്തെ പൗരോഹിത്യ വേലയ്ക്കായി വേർതിരിച്ചിരുന്നു. ലോക രക്ഷകനായ ക്രിസ്തു യഹൂദാ ഗോത്രത്തിലാണ് ജനിച്ചത്.

## പ്രവർത്തനങ്ങൾ

- യാക്കോബിന്റെ കുടുംബവൃക്ഷം വരയ്ക്കുക.
  (രണ്ട് ഭാര്യമാർ, രണ്ട് ദാസിമാർ, പന്ത്രണ്ട് പുത്രന്മാർ, പുത്രി)

## എന്റെ പേരു കണ്ടു പിടിക്കാമോ?

ഞാനോരു വലിയ ജാതിയാണ്
യിത്രോയിലുണ്ട് പത്രോസിലില്ല
കരിമീനിലില്ല സ്രാവിലുണ്ട്
യേശുവിലുണ്ട്, മേരിയിലില്ല
കാൽ എന്ന വാക്കിലുണ്ട്
കൈ എന്ന വാക്കിലില്ല

## നമുക്ക് പാടാം

യാക്കോബിന്റെ മക്കൾ പന്ത്രണ്ട്
അവർ പന്ത്രണ്ട് യിസ്രായേൽ ഗോത്രങ്ങൾ
രൂബേൻ ശിമയോൻ യഹൂദാ
സെബൂലൂൻ യിസ്സാഖാർ
പിന്നെ ദാൻ ഗാദ് ആശേർ
നഫ്ത്താലി ലേവി
ജോസഫ് ബന്യാമീൻ

## നമുക്ക് പ്രാർത്ഥിക്കാം

അബ്രഹാമിനെയും യിസഹാക്കിനെയും യാക്കോബിനെയും അനുഗ്രഹിച്ച ദൈവമേ, ഞങ്ങളെയെല്ലാവരെയും അനുഗ്രഹിക്കണമേ. ആമ്മീൻ

## നിശ്ചയം

**ദൈവത്തിന്റെ അനുഗ്രഹം ലഭിക്കത്തക്കതുപോലെ നല്ല മക്കളായി ഞങ്ങൾ ജീവിക്കും.**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | 1 കൊരി. 11:27-32 | ഉല്പ. 28: 10-15 |
| തിങ്കൾ | സങ്കീ. 133 | ഉല്പ. 28: 16-22 |
| ചൊവ്വ | ഉല്പ. 32:22 - 32 | ഉല്പ. 35: 9-15 |
| ബുധൻ | സദൃ. 22 : 15-20 | എബ്രാ. 2:1-4 |
| വ്യാഴം | ലേവ്യ. 19:30-37 | ഏബ്രാ. 12:9-13 |
| വെള്ളി | വി.ലൂക്കോ. 1:76-80 | 1 തെസ്സ. 5:1 - 11 |
| ശനി | സങ്കീ. 128 | റോമ. 8:26-30 |

## പാഠം 4

# യൗസേഫും സഹോദരങ്ങളും

(ഉൽപത്തി 37,39)

**മുഖ്യസന്ദേശം:** മറ്റുള്ളവരുടെ ഉയർച്ചയിൽ അസൂയ തോന്നുന്നത് നല്ലതല്ല. മറിച്ച് അവരുടെ നന്മയിൽ സന്തോഷിക്കുകയാണ് വേണ്ടത്.

**മനഃപാഠ്യവാക്യം:** "നീ മുഖാന്തിരവും നിന്റെ സന്തതി മുഖാന്തിരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും." (ഉൽപത്തി 28:14)

**പഠനസഹായികൾ:** ഫറവോ രാജാവ് സിഹാസനത്തിൽ ഇരിക്കുന്ന ചിത്രം, ഈന്തപ്പനയുടെയും വയലിലെ കറ്റകളുടെയും സരപ്പളിമാലയുടെയും ചിത്രങ്ങൾ.

### ആമുഖം

നിങ്ങൾ സ്വപ്നം കാണാറുണ്ടോ? നല്ല സ്വപ്നമാണോ, ഭയപ്പെടുത്തുന്ന സ്വപ്നമാണോ? സ്വപ്നങ്ങൾക്ക് അർത്ഥമുണ്ടോ? അവ സത്യമായി ഫലിക്കുമോ? കണ്ട സ്വപ്നങ്ങളൊക്കെ യാഥാർത്ഥ്യമായിത്തീർന്ന ഒരു ബാലന്റെ കഥയാണിന്നു നമ്മൾ പഠിക്കുന്നത്.

### പാഠഭാഗം

യാക്കോബിന് പന്ത്രണ്ട് പുത്രന്മാരുണ്ടായിരുന്നു എന്ന് നമ്മൾ പഠിച്ചല്ലോ. എന്നാൽ അദ്ദേഹം പതിനൊന്നാമനായ യൗസേഫിനെയാണ് കൂടുതൽ സ്നേഹിച്ചത്. അദ്ദേഹം അവനു മാത്രം വിശേഷപ്പെട്ട ഒരു കുപ്പായം തയ്പ്പിച്ചു കൊടുത്തു. ഇതു സഹോദരന്മാർക്ക് യൗസേഫിനോട് അസൂയയ്ക്ക് കാരണമായി. ഇതിനെല്ലാം പുറമേ യൗസേഫ് രണ്ട് സ്വപ്നങ്ങൾ കണ്ടു. ഒന്ന് അവനും സഹോദരന്മാരും വയലിൽ കറ്റകെട്ടികൊണ്ടിരുന്നപ്പോൾ മറ്റുള്ളവരുടെ കറ്റകൾ യൗസേഫിന്റെ കറ്റയെ നമസ്കരിച്ചു. മറ്റെ സ്വപ്നത്തിൽ സൂര്യനും ചന്ദ്രനും പതിനൊന്ന് നക്ഷത്രങ്ങളും യൗസേഫിനെ വന്ദിക്കുന്നതായി കണ്ടു. യൗസേഫ് മറ്റുള്ളവർക്കുമേൽ വാഴും എന്നായിരുന്നു ഈ സ്വപ്നങ്ങളുടെ അർത്ഥം. അതു മനസ്സിലാക്കിയ സഹോദരന്മാർ യൗസേഫിനെ കൂടുതൽ വെറുത്തു.

യൗസേഫിന് വലിയ നിഗളമാണെന്നു നിങ്ങൾക്ക് തോന്നുന്നോ? പക്ഷേ യഹോവ അറിയിക്കുന്ന സത്യങ്ങൾ തുറന്നു പറയുക മാത്രമാണ് നിഷ്കളങ്കനായ യൗസേഫ് ചെയ്തത്.

## അല്പം നിർത്താം... ചിന്തിക്കാം

1. യാക്കോബ് ഏറ്റവും കൂടുതൽ സ്നേഹിച്ച പുത്രൻ

   ..............................................................................................................

2. സഹോദരന്മാർക്ക് യൗസേഫിനോട് അസൂയ തോന്നാൻ കാരണം എന്ത്?

   ..............................................................................................................

   ..............................................................................................................

3. യൗസേഫ് കണ്ട രണ്ട് സ്വപ്നങ്ങൾ ഏതെല്ലാം?

   ..............................................................................................................

   ..............................................................................................................

   ..............................................................................................................

   ..............................................................................................................



സഹോദരന്മാരുടെ കറ്റകൾ യൗസേഫിന്റെ കറ്റയെ
നമസ്കരിക്കുന്നതായി കണ്ട സ്വപ്നം

ഒരു ദിവസം യൗസേഫ് തന്റെ മൂത്ത സഹോദരന്മാർ ആടുകളെ മേയിക്കുന്ന സ്ഥലത്തു ചെന്നു. അസൂയമൂലം ആ സ്വപ്നക്കാരനെ കൊന്നുകളയുവാൻ ചേട്ടന്മാർ തമ്മിൽ ആലോചിച്ചു. എന്നാൽ മൂത്ത സഹോദരൻ രൂബേന് അലിവ് തോന്നി അതു തടഞ്ഞു. ഒടുവിൽ സഹോദരന്മാർ യൗസേഫിനെ പിടിച്ച് ഒരു പൊട്ടകിണറ്റിൽ ഇട്ടു. രൂബേൻ മാറിപ്പോയ തക്കത്തിൽ അവർ യൗസേഫിനെ ഒരു സംഘം മിദ്യാന്യ കച്ചവടക്കാർക്ക് വിറ്റു. കച്ചവടക്കാർ അവനെ മിസ്രേമിലേക്ക് (ഈജിപ്ത്) കൊണ്ടുപോയി. അവിടെ ഫറവോ രാജാവിന്റെ അകമ്പടി നായകനായ പൊത്തിഫേറിനു വിറ്റു. നോക്കണേ, ഒരു ബാലന്റെ വിധി!

അവിടെ ദൈവത്തിൽ ആശ്രയിച്ച് യൗസേഫ് തന്റെ നാളുകൾ കഴിച്ചുകൂട്ടി. യഹോവ അവനോടുകൂടെ ഉണ്ടെന്നും അവൻ ചെയ്യുന്നതൊക്കെയും യഹോവ സാധിപ്പിക്കുന്നു എന്നും അവന്റെ യജമാനൻ കണ്ടതുകൊണ്ട് അവനെ തന്റെ സകലത്തിനും ഗൃഹവിചാരകനാക്കി. പൊത്തിഫേറിന്റെ ഭാര്യ ഭർത്താവിനോട് നുണ പറഞ്ഞു കൊടുത്ത് നല്ലവനായ യൗസേഫിനെ കാരാഗൃഹത്തിലാക്കി. അവിടെയും യഹോവ അവനെ കൈവിട്ടില്ല. ഫറവോ രാജാവു കണ്ട സ്വപ്നങ്ങളുടെ അർത്ഥം പറയുവാൻ യഹോവ അവനു ജ്ഞാനം നൽകി. ഇതിൽ സന്തുഷ്ടനായ രാജാവ് യൗസേഫിനെ ഈജിപ്തിലെ പ്രധാനമന്ത്രിയാക്കി.

പൊട്ടകിണറ്റിൽ നിന്നും യൗസേഫ് മന്ത്രിസ്ഥാനം വരെ എത്തിയതു കണ്ടോ?

യഹോവ അവനോടുകൂടെ ഇരുന്നതിനാൽ അവൻ ചെയ്തതൊക്കെയും സഫലമായി.

### നമുക്ക് ചിന്തിക്കാം

1. യൗസേഫ് കണ്ട രണ്ട് സ്വപ്നങ്ങൾ വേദപുസ്തകത്തിൽനിന്ന് വായിച്ചിട്ട് വിവരിച്ചു പറയുക (ഉൽപത്തി 37:5-11)
2. ഫറവോ രാജാവു കണ്ട സ്വപ്നങ്ങളുടെ അർത്ഥം യൗസേഫ് വ്യാഖ്യാനിച്ചത് വിശദീകരിക്കുക (ഉൽപത്തി 41:15-37)
3. സ്വപ്നങ്ങളുടെ അർത്ഥം പറഞ്ഞതിനാൽ യൗസേഫിനു ലഭിച്ച പദവികൾ എന്തെല്ലാം? (ഉൽപത്തി 41:40-45)

### പ്രവർത്തനങ്ങൾ

1. സംഭവിച്ച ക്രമത്തിൽ എഴുതുക
   - യൗസേഫ് കറ്റകൾ സ്വപ്നം കണ്ടു.
   - യാക്കോബ് മകന് പുതിയ അങ്കി തയ്പ്പിച്ചു.
   - യൗസേഫ് മന്ത്രിയായി.
   - യൗസേഫിനെ പൊട്ടകിണറ്റിലിട്ടു.
   - യൗസേഫ് കാരാഗൃഹത്തിലടയ്ക്കപ്പെട്ടു.

2. ശരിയായ വഴികാട്ടുക.

യൗസേഫ് തന്റെ സഹോദരന്മാർ ആടു മേയ്ക്കുന്ന സ്ഥലത്തേക്ക് പോകാനാഗ്രഹിക്കുന്നു. വഴി കാണിച്ചു കൊടുക്കാമോ? സിംഹത്തിന്റെ വായിൽ പെടാതെ സൂക്ഷിക്കണേ.




### നമുക്ക് പാടാം

ആഹ്വാനം ചെയ്യുന്നുതവി-ക്കെത്തുക നാഥാ
കലഹിപ്പിക്കുന്നുലകത്തെ ദുഷ്ടൻ-വഞ്ചനയാൽ
ഭിന്നത നൃപ വിധികർത്താക്കളി-ലവനുളവാക്കി
ധാർമ്മികരെയും വീഴിപ്പാൻ വഴി നോ-ക്കീടുന്നു
കർത്താവേ നിൻ കരുണയിലെന്യേ
സങ്കേതം-ഞങ്ങൾക്കെങ്ങുള്ളൂ?
ദുഷ്ടനെ ഞങ്ങളിൽ നിന്നോടിക്കുക നിൻ-സ്ലീബായാൽ

## നമുക്ക് പ്രാർത്ഥിക്കാം

ചെറുപ്രായം മുതൽ തന്നെ യൗസേഫിനെപ്പോലെ ജീവിതത്തിൽ നേരിടേണ്ടി വരുന്ന പ്രതിസന്ധികളെയും പരീക്ഷണങ്ങളെയും അതിജീവിക്കുവാൻ ദൈവമേ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ

**നിശ്ചയം**

**ദൈവാശ്രയത്തോടുകൂടി പ്രലോഭനങ്ങളെ അതിജീവിച്ച് ഞങ്ങൾ ജീവിക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സദ്യ. 25:1-22 |
| തിങ്കൾ | വി.ലൂക്കാ. 6:27-38 | ദാനി. 4:18-22 |
| ചൊവ്വ | വി.ലൂക്കാ 11:5-13 | ദാനി. 4:23-28 |
| ബുധൻ | അ.പ്ര. 9:36-43 | വി.യോഹ. 15:10-18 |
| വ്യാഴം | വി.മത്താ. 10:40-42 | വി.മത്താ. 5:43-48 |
| വെള്ളി | യെശ. 38:1-15 | ഉല്പ. 37:1-36 |
| ശനി | ഉല്പ. 39 | ഉല്പ. 40:1-23 |
| ഞായർ | ഉല്പ. 41:1-45 | * |

## പാഠം 5

# യാക്കോബും കുടുംബവും മിസ്രയീമിൽ

(ഉൽപത്തി 41–45)

**മുഖ്യസന്ദേശം:** പരസ്പരം ക്ഷമിക്കുവാൻ കഴിയുന്നത് ഒരു ആത്മീയ ഗുണമാണ്. ക്ഷമിക്കുന്നവരെ ദൈവം അനുഗ്രഹിക്കും.

**മനഃപാഠവാക്യം:** വിവേക ബുദ്ധിയാൽ മനുഷ്യന് ദീർഘക്ഷമ വരുന്നു. ലംഘനം ക്ഷമിക്കുന്നത് അവന് ഭൂഷണം. (സദൃശ്യവാക്യം 19:11)

**പഠനസഹായികൾ:** ചിത്രങ്ങൾ: നൈൽ നദി, ഈജിപ്തിലെ കാർഷിക വിഭവങ്ങൾ, മൃഗങ്ങൾ, ഫറവോന്റെ രഥം.

### ആമുഖം

'കാണ്മാനില്ല' എന്ന തലക്കെട്ടുള്ള ഫോട്ടോകളും വാർത്തകളും നിങ്ങൾ പത്രത്തിൽ കണ്ടിട്ടില്ലേ?

എത്ര സങ്കടകരമായ അവസ്ഥയാണ്. കുടുംബത്തിൽ നിന്നൊരാളെ കാണാതെ പോകുന്നത്. അവരെയൊക്കെ തിരികെ കിട്ടണേ എന്നു നാമും പ്രാർത്ഥിക്കണം. കേട്ടോ? അതുപോലെ കാണാതെ പോയ ഒരാളിനെ പിതാവും സഹോദരങ്ങളും കണ്ടു മുട്ടുന്ന ഒരു സംഭവമാണ് ഇന്ന് നമ്മൾ പഠിക്കുന്നത്.

### പാഠഭാഗം

ദീർഘകാലം തന്റെ വാത്സല്യ പുത്രനെ നഷ്ടപ്പെട്ടതായി കരുതി ദുഃഖിക്കേണ്ടി വന്ന പിതാവാണ് യാക്കോബ്. യാക്കോബ് വസ്ത്രം കീറി, അരയിൽ രട്ടുശീല ചുറ്റി ഏറിയ നാൾ തന്റെ മകനെ ചൊല്ലി ദുഃഖിച്ചുകൊണ്ടിരുന്നു. (ഉൽപത്തി 37:34)

സഹോദരന്മാരാൽ ദ്രോഹിക്കപ്പെട്ട യൗസേഫ് ഈജിപ്റ്റിലെ പ്രധാനമന്ത്രിയായി ഉയർന്നു. അതൊന്നും പിതാവായ യാക്കോബും യൗസേഫിന്റെ സഹോദരങ്ങളും അറിഞ്ഞിരുന്നില്ല. വർഷങ്ങൾ കടന്നു പോയി.

ദേശത്തെല്ലാം ഒരു വലിയ ക്ഷാമം ഉണ്ടായി. എന്നാൽ ഈജിപ്റ്റിൽ ധാരാളം ധാന്യ ശേഖരം ഉണ്ടായിരുന്നു. മന്ത്രിയായ യൗസേഫ് നല്ല വിളവുണ്ടായ ഏഴു വർഷങ്ങൾ കൊണ്ട് ധാരാളം ധാന്യം സംഭരിച്ചു വച്ചിരുന്നു. ക്ഷാമകാലം വന്നപ്പോൾ അതെടുത്ത് ഉപയോഗിച്ചു. ഈ വാർത്തയറിഞ്ഞ് യാക്കോബ് ധാന്യം വാങ്ങുവാൻ പണവും കൊടുത്ത് തന്റെ പുത്രന്മാരെ ഈജിപ്തിലേക്കയച്ചു. യൗസേഫിന്റെ മേൽനോട്ടത്തിലായിരുന്നു

ധാന്യം വിറ്റിരുന്നത്. പ്രധാനമന്ത്രിയുടെ പ്രൗഢിയുള്ള ആഭരണങ്ങളും വസ്ത്രങ്ങളും ഒക്കെ അണിഞ്ഞു നിന്ന യൗസഫിനെ സഹോദരന്മാർ തിരിച്ചറിഞ്ഞില്ല. എന്നാൽ യൗസേഫ് അവരെ മനസ്സിലാക്കി.

### അല്പം നിർത്താം... ചിന്തിക്കാം

1. യൗസേഫിന്റെ നേതൃത്വത്തിൽ ഈജിപ്തുകാർ എങ്ങനെയാണ് ക്ഷാമത്തെ നേരിട്ടത്?

   ..............................................................................................................................

2. യൗസേഫിന്റെ സഹോദരന്മാർ എന്തിനാണ് ഈജിപ്തിലേക്ക് വന്നത്?

   ..............................................................................................................................

യൗസേഫ് കരുണയോടെ അവർക്ക് ധാന്യം നൽകി. വീട്ടിലെ വിവരങ്ങളൊക്കെ ചോദിച്ചറിഞ്ഞു. അടുത്ത പ്രാവശ്യം വരുമ്പോൾ ഇളയ സഹോദരനായ ബെന്യാമിനെ കൂടി കൊണ്ടുവരണമെന്ന് കർശനമായി നിർദ്ദേശം നൽകി. അതുവരെ ഒരു സഹോദരനെ മന്ത്രിമന്ദിരത്തിൽ നിർത്തിയിട്ടുപോകുവാനും നിർദ്ദേശിച്ചു. വിഷമത്തോടെയാണെങ്കിലും നിവൃത്തിയില്ലാതെ അവർ ശിമയോനെ അവിടെ നിർത്തിയിട്ട് വീട്ടിൽ മടങ്ങിചെന്ന് പിതാവിനെ നടന്ന വിവരങ്ങൾ അറിയിച്ചു. ശിമയോനെ അവിടെ നിർത്തേണ്ടി വന്നതും ബന്യാമിനെ കൊണ്ടുപോകേണ്ടി വന്നതും ഓർത്ത് പിതാവായ യാക്കോബ് ഏറെ ദുഃഖിച്ചു. എങ്കിലും അവരോടൊപ്പം ബന്യാമിനെയും പറഞ്ഞയച്ചു. ഇളയ സഹോദരനായ ബന്യാമിനെ കണ്ട് വികാരം നിയന്ത്രിക്കാനാകാതെ യൗസേഫ് പൊട്ടിക്കരയുകയും അവരുടെ മുമ്പാകെ താനാരാണെന്ന് വെളിപ്പെടുത്തുകയും ചെയ്തു.

എത്ര വികാരനിർഭരമായ ഒരു സന്ദർഭമായിരിക്കാം ആ കൂടിക്കാഴ്ച! സഹോദരങ്ങൾ ചെയ്ത ദ്രോഹങ്ങൾ എല്ലാം യോസഫ് ക്ഷമിച്ചു. എത്ര മനോഹരമായ അനുഭവം.

പിന്നീട് യൗസേഫ് അപ്പനായ യാക്കോബിനെയും അവന്റെ ആളുകളെയും ഈജിപ്റ്റിൽ കൊണ്ടുവന്നു താമസിപ്പിച്ചു. അവർ ആകെ 70 പേരുണ്ടായിരുന്നു.

### അല്പം നിർത്താം... ചിന്തിക്കാം

1. ധാന്യങ്ങൾ നൽകിയിട്ട് യൗസേഫ് സഹോദരന്മാരോട് പറഞ്ഞതെന്താണ്?

   ..............................................................................................................................

2. കൊട്ടാരത്തിൽ നിർത്തിയിട്ടുപോയ സഹോദരന്റെ പേരെന്ത്?

   ..............................................................................................................................

3. യൗസേഫ് പൊട്ടിക്കരഞ്ഞതെപ്പോൾ?

   ..............................................................................................................................

യൗസേഫ് ഈജിപ്തിലെ സമർത്ഥനായ പ്രധാനമന്ത്രി ആയിരുന്നതുകൊണ്ട് ഫറവോ രാജാവ് യാക്കോബിനും കുടുംബത്തിനും പ്രത്യേകം ആനുകൂല്യങ്ങളും കൃഷി ചെയ്യാൻ



യൗസേഫ് ബന്യാമിനെ ആശ്ലേഷിക്കുന്നു,
മറ്റു സഹോദരന്മാർ ചുറ്റും നിൽക്കുന്നു

സ്ഥലവും മറ്റും നൽകുന്നു. പതിനേഴ് വർഷങ്ങൾ അവിടെ ജീവിച്ചശേഷം യാക്കോബ് മരണമടഞ്ഞു. മരിക്കും മുമ്പ് അദ്ദേഹം യൗസേഫിന്റെ മക്കളെ അനുഗ്രഹിച്ച് ആശീർവദിച്ചു.

യൗസേഫ് മക്കളെയും കൊച്ചുമക്കളെയും കണ്ട് സന്തോഷിച്ച് നൂറ്റിപ്പത്തു വയസ് വരെ ജീവിച്ചിരുന്നു. ദൈവത്തിൽ ആശ്രയിച്ചു ജീവിച്ചതുകൊണ്ട് ദൈവം അവനെ എല്ലാ കഷ്ടങ്ങളിൽ നിന്നും രക്ഷിച്ച് വലിയ സ്ഥാനത്താക്കി.

### നമുക്ക് ചിന്തിക്കാം

1. യൗസേഫ് ഈജിപ്തിലെ (മിസ്രയീമിലെ) പ്രധാനമന്ത്രിയായതെങ്ങനെ?

   ...................................................................................................................................

2. യൗസേഫും സഹോദരന്മാരും പരസ്പരം തിരിച്ചറിഞ്ഞതെങ്ങനെ?

   ...................................................................................................................................

3. യാക്കോബും കുടുംബവും ഈജിപ്തിൽ താമസമായതെങ്ങനെ?

   ...................................................................................................................................

## പ്രവർത്തനങ്ങൾ

1. സഹോദരന്മാരുടെ പുനഃസമാഗമം സ്കിറ്റ് ആയി അവതരിപ്പിക്കുക. ടീച്ചർ സഹായിക്കും
2. നമുക്ക് പേരുകൾ പറയാം
   1. യൗസേഫിന്റെ ഇളയ സഹോദരൻ
   2. മിസ്രയിമിൽ നിർത്തിയിട്ടുപോയ യോസഫിന്റെ സഹോദരൻ
   3. യൗസേഫിന്റെ പിതാവ്
3. അക്ഷരങ്ങൾ ശരിയായ ക്രമത്തിലാക്കി എഴുതുക - ഫറവോ രാജാക്കന്മാർ ഉപയോഗിക്കുന്ന ചില സാധനങ്ങൾ കണ്ടെത്താം.

1. ളിരപ്പസ
2. ത്രംനപാപാ
3. ശ്ഥങ്ങര
4. ശ്രതികുക
5. മോരംമുതിദ്ര

## നമുക്ക് പാടാം

ദൈവത്തിൻ തിരുനാമത്തിൽ-ചൊന്നാൻ സോദര-
രൊടു യൗസ-പ്പവസാനം മൃതിവേളയതിൽ
മിസറേമീന്നെന്നസ്ഥികളും-പോകണം
കൊണ്ടേൻ പ്രിയരെ!-താങ്ങും നിങ്ങളെ നിഖിലേശൻ
(ശ്ഹീമാ നമസ്കാരം, ശനി, സന്ധ്യ)

## നമുക്ക് പ്രാർത്ഥിക്കാം

ദൈവമേ, ക്ഷമിക്കുന്നത് ദൈവികമാണെന്ന് ഞങ്ങൾ മനസ്സിലാക്കി. ദൈവമേ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോട് ക്ഷമിക്കണമേ. മറ്റുള്ളവരോട് ക്ഷമിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ

### നിശ്ചയം

**മറ്റുള്ളവരോട് ക്ഷമിക്കുന്നതിനും കൂടുതൽ ദൈവാശ്രയത്തോടുകൂടി ജീവിക്കുന്നതിനും ഞങ്ങൾ പരിശ്രമിക്കും**

### തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | യോശുവ 24:29-33 |
| തിങ്കൾ | സദൃ. 1:7-19 | ന്യായ. 4:4-9 |
| ചൊവ്വ | സദൃ. 27:1-4 | 2 രാജാ. 13:20-21 |
| ബുധൻ | സദൃ. 27:9-12 | 2 രാജാ. 20:1-6 |
| വ്യാഴം | സങ്കീ. 12 | പുറ. 23: 1-3 |
| വെള്ളി | 2 ദിന. 1:1:12 | 1 ദിന. 17:01 -12 |
| ശനി | സങ്കീ. 20 | 1 ദിന. 29:10-15 |
| ഞായർ | സങ്കീ. 44:1-3 | * |

## പാഠം 6

# യേശുക്കുഞ്ഞിനെ ദൈവാലയത്തിൽ സമർപ്പിക്കുന്നു

(വി. ലൂക്കോസ് 2:22-40)

**മുഖ്യസന്ദേശം:** നാമെല്ലാവരും ദൈവത്തിന് സമർപ്പിക്കപ്പെട്ടവരാണ്. ഈ സമർപ്പണ ബോധത്തോടെ നമുക്ക് ജീവിക്കാം.

**മനഃപാഠവാക്യം:** ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു. മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു (വി. മത്തായി 4:15)

**പഠനസഹായി:** യെരുശലേം ദൈവാലയത്തിന്റെ ചിത്രം.

### ആമുഖം

പഴയനിയമ കാലം മുതൽ യഹൂദജനം ഒരു രക്ഷകനു വേണ്ടി കാത്തിരുന്നു. പല പ്രവാചകന്മാരും ആ ജനനം മുൻകൂട്ടി പ്രവചിച്ചിരുന്നു. യേശുക്കുഞ്ഞിനെ ആദ്യമായി മാതാപിതാക്കൾ ദൈവാലയത്തിൽ കൊണ്ടു ചെല്ലുമ്പോൾ അവനെ തിരിച്ചറിഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തിയ രണ്ട് വൃദ്ധജനങ്ങളെക്കുറിച്ച് ഇന്നു പഠിക്കാം.

### പാഠഭാഗം

മാമോദീസയ്ക്കായി നിങ്ങളെ പള്ളിയിൽ കൊണ്ടുപോയ കാര്യം കേട്ടിട്ടുണ്ടോ? മാമോദീസാ വേളയിൽ നമ്മെ ദൈവത്തിന് സമർപ്പിക്കുകയാണ് ചെയ്യുന്നത്.

യഹൂദശിശുക്കളെ ആദ്യമായി ദൈവാലയത്തിൽ കൊണ്ടു പോകുന്നതെന്തിനാണെന്നറിയാമോ? മോശയുടെ ന്യായപ്രമാണ പ്രകാരം ജനിച്ച് നാൽപ്പത് ദിവസം കഴിയുമ്പോൾ കുഞ്ഞിനെ ദൈവാലയത്തിൽ കൊണ്ടു വന്ന് യഹോവയ്ക്ക് സമർപ്പിക്കുക പതിവായിരുന്നു.

എല്ലാ യഹൂദ ശിശുക്കളെയും പോലെ യേശുക്കുഞ്ഞിനെയും എട്ടാം ദിവസം പരിച്ഛേദന കഴിച്ചു. ആ ദിവസം തന്നെ യേശു എന്നു പേരും ഇട്ടു ('യേശു' എന്ന വാക്കിന് 'രക്ഷകൻ' എന്നാണ് അർത്ഥം). 40 ദിവസം കഴിഞ്ഞപ്പോൾ യൗസേഫും മറിയയും കൂടെ കുഞ്ഞിനെ ദൈവത്തിനു സമർപ്പിക്കുവാൻ ദൈവാലയത്തിൽ കൊണ്ടുപോയി. അപ്പോൾ അവർ രണ്ടു പ്രാവിൻ കുഞ്ഞുങ്ങളെ യാഗം കഴിപ്പാൻ കൊടുത്തു. (ലേവ്യ 12:8 വായിക്കുക).

**അല്പം നിർത്താം... ചിന്തിക്കാം**

1. യേശുക്കുഞ്ഞിനെ പരിച്ഛേദന കഴിച്ചത് എന്ന്?

......................................................................................................................................

2. മാതാപിതാക്കൾ യേശുവിനുവേണ്ടി രണ്ട് പ്രാവിൻകുഞ്ഞുങ്ങളെ യാഗം കഴിപ്പാൻ നൽകിയത് എന്തുകൊണ്ട്? (ലേവ്യ 12:8)

......................................................................................................................................

3. നമ്മുടെ മാമോദീസായിൽ ഉപയോഗിക്കുന്ന രണ്ട് 'തൈലങ്ങൾ' ഏതെല്ലാം?

......................................................................................................................................

ദൈവാലയത്തിൽ വച്ച് അതിശയകരമായ ഒരു സംഭവം ഉണ്ടായി. അവിടെ മശിഹായുടെ വരവിനായി കാത്തിരുന്ന ഒരു വൃദ്ധനുണ്ടായിരുന്നു - ശീമോൻ. ക്രിസ്തുവിനെ




ദൈവാലയ വാതില്ക്കൽ യേശുക്കുഞ്ഞിനെ ദർശിക്കുന്ന ശിമയോനും ഹന്നായും

കണ്ടശേഷമേ മരിക്കുകയുള്ളു എന്ന് പരിശുദ്ധാത്മാവ് അദ്ദേഹത്തെ അറിയിച്ചിരുന്നു. യേശുക്കുഞ്ഞിനെ കണ്ടയുടനെ ശിമയോൻ തിരിച്ചറിഞ്ഞു. കുഞ്ഞിനെ തന്റെ കൈകളിലെടുത്ത് പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. 'ഇപ്പോൾ നാഥാ തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയക്കണമേ' എന്നു പറഞ്ഞു.

ആ സമയത്തുതന്നെ, മശിഹായുടെ വരവിനു കാത്തുകഴിഞ്ഞ വൃദ്ധയായ ഹന്നാ പ്രവാചകിയും യേശുക്കുഞ്ഞിനെ തിരിച്ചറിഞ്ഞു. കുഞ്ഞിന്റെ അടുത്തുചെന്ന് അവർ ദൈവത്തെ സ്തുതിച്ചു. വാർദ്ധക്യത്തിലെത്തിയിട്ടും പ്രാർത്ഥനയോടെ ദൈവാലയത്തിൽ കാത്തിരുന്ന് ദൈവപുത്രനെ കാണാൻ ഭാഗ്യം ലഭിച്ച ഈ രണ്ടു വയോധികരെ ഓർമ്മിക്കുവാൻ സഭ ആ ദിവസത്തെ വയോധിക ദിനം (ഫെബ്രുവരി രണ്ട്) ആയി ആചരിക്കുന്നു. യേശുവിനെ ദേവാലയത്തിൽ സമർപ്പിച്ചതിനെ സ്മരിക്കാനാണ് ദേവാലയ പ്രവേശന പെരുന്നാൾ (മായൽത്തോ) ആഘോഷിക്കുന്നത്.

### നമുക്ക് ചിന്തിക്കാം

1. ദൈവാലയത്തിൽ യേശുക്കുഞ്ഞിനെ ദർശിച്ച രണ്ടുപേർ ആരെല്ലാം?

   ......................................................................................................................

2. അവരുടെ രണ്ടുപേരുടെയും പൊതുവായ പ്രത്യേകതകൾ എന്തെല്ലാം?

   ......................................................................................................................

### പ്രവർത്തനങ്ങൾ

ശരിയുത്തരം അടിവര ഇടുക

1. ദൈവാലയത്തിൽ വച്ച് യേശുക്കുഞ്ഞിനെ അനുഗ്രഹിച്ച വൃദ്ധൻ

   (ലേവി, ശിമയോൻ, യൗസേഫ്)

2. ആൺകുട്ടി ജനിച്ച് എത്രാം ദിവസമാണ് പരിച്ഛേദന നടത്തുന്നത്?

   (മൂന്നാം ദിവസം, നാല്പതാം ദിവസം, എട്ടാം ദിവസം)

3. യേശുവിന്റെ മാതാപിതാക്കൾ ബലിയർപ്പിച്ച വസ്തു ഏത്

   (രണ്ട് പ്രാവിൻ കുഞ്ഞുങ്ങൾ, ഒരു കോലാട്ടിൻ കുട്ടി, ഒരു ചെമ്മരിയാട്)

4. പ്രവാചകിയായ ഹന്നായുടെ വയസ് കണ്ടുപിടിക്കുക

   ......................................................................................................................

5. മായൽത്തോ എന്ന വാക്കിന്റെ അർത്ഥം എന്ത്?

   ......................................................................................................................

### നമുക്ക് പാടാം

കന്യകയാം - മാതാവിൻ വ്രതമുദ്രയ്ക്കൂനമതെന്യേ
ജാതം ചെയ്തോ - നേ! ദേവാ! ദയ ചെയ്തീടണമെ.

കാഴ്ചകളാ - ൽ ജ്ഞാനികൾ മാനിച്ചോനേ!
ആട്ടിടയന്മാർ - നതിയർപ്പിച്ചോ - നേ! ദേവാ...

ഞങ്ങൾക്കാ - യ് കൃപയാൽ ശിശുവായോ - നേ!
ബേത്‌ലഹേ - മിൽ പിച്ച നടന്നോനേ! ദേവാ...

കൃപയാൽ ജാതാ! - ഗുഹയിലമർന്നോ - നേ!
പാഴ്ത്തുണിയാ - ലെ പൊതിയപ്പെട്ടോനേ! ദേവാ...

ശാശ്വതനാം - ജനകനനിൽനിന്നു ജനി - ച്ചു
കാലത്തി - കവിൽ ദാവീദ്യയിൽ ജാ - താ! ദേവാ...
(ജനനപ്പെരുന്നാൾ, സന്ധ്യാനമസ്കാരം)

## നമുക്ക് പ്രാർത്ഥിക്കാം

കർത്താവേ, വൃദ്ധരായ ശിമയോനെയും ഹന്നായെയും പോലെ വിശ്വാസ തീക്ഷ്ണതയോടെ നിന്നെ ദർശിച്ചു ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ആമ്മീൻ

**നിശ്ചയം**

**ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതിയെനിക്ക്**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി.ലൂക്കോ. 2:21-40 |
| തിങ്കൾ | വി.മത്താ. 2:13-15 | വി.ലൂക്കോ. 2:41-52 |
| ചൊവ്വ | സങ്കീ. 92:12-15 | വി.മത്താ. 2:19-23 |
| ബുധൻ | സങ്കീ. 71:5-9 | യെശ. 53:1-6 |
| വ്യാഴം | സദൃ. 23:22-25 | യെശ. 53:7-12 |
| വെള്ളി | ഉല്പ. 25:8-11 | യെശ. 40:4-11 |
| ശനി | ലേവ്യ 13:11-14 | ലേവ്യ 12:1-8 |
| ഞായർ | സദൃ. 17:17-20 | * |

പാഠം 7

# സ്നാപക യോഹന്നാനും യേശുവിന്റെ മാമോദീസായും

(വി. ലൂക്കോസ് 1:8-25, 1: 57-66, 3:1-22)

**മുഖ്യസന്ദേശം:** മാമോദീസായിൽ കൂടി നാം ക്രിസ്തുവിനോടു ചേരുന്നു.

**മനഃപാഠവാക്യം:** ഇവനെന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. (വി. മത്തായി 3:17)

**പഠനസഹായികൾ:** യോർദ്ദാൻ നദിയുടെ ചിത്രം, പ്രാവിന്റെ ചിത്രം.

## ആമുഖം

വിദേശ രാജ്യങ്ങളുടെ തലവന്മാർ ഇന്ത്യ സന്ദർശിച്ചപ്പോൾ എന്തെല്ലാം ഒരുക്കങ്ങളാണ് നമ്മുടെ ഗവൺമെന്റ് മുൻകൂട്ടി ചെയ്തത്! സുരക്ഷാ ഉദ്യോഗസ്ഥന്മാർക്ക് പിടിപ്പത് പണിയാകും അല്ലേ? സന്ദർശനം ഏറ്റവും പ്രയോജനപ്രദവും സുരക്ഷിതവും ആകുന്നതിന് വേണ്ടതെല്ലാം അവർ ചെയ്യും.

യേശുക്രിസ്തുവിന്റെ ജനനത്തെ മുന്നറിയിക്കുവാനും അവന് വഴിയൊരുക്കുവാനും ദൈവം നിയോഗിച്ച വ്യക്തിയാണ് സ്നാപക യോഹന്നാൻ (വി. യോഹന്നാൻ 1:6, 23 വായിക്കുക) അദ്ദേഹത്തെക്കുറിച്ച് നമുക്ക് പഠിക്കാം.

## പാഠഭാഗം

കർത്താവിനു വഴിയൊരുക്കുന്നവനും കർത്താവിന്റെ മുന്നോടിയുമായിരുന്ന സ്നാപകയോഹന്നാൻ യോർദ്ദാൻ നദിയിൽ ജനത്തിന് സ്നാനം നൽകിക്കൊണ്ടിരിക്കുമ്പോൾ യേശുവും വെള്ളത്തിലിറങ്ങി സ്നാനത്തിന് മുന്നോട്ടുവന്നു. നിന്നാൽ സ്നാനമേൽക്കുവാൻ എനിക്കാണാവശ്യം, പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ? എന്ന് യോഹന്നാൻ സ്നാപകൻ കർത്താവിനോടു ചോദിച്ചതിന് എല്ലാം നിവർത്തിയാകുവാൻ ഇതാവശ്യമാണ് എന്ന് യേശു മറുപടി പറഞ്ഞു. തുടർന്ന് യോഹന്നാൻ സ്നാപകൻ യേശുവിനെയും സ്നാനം കഴിപ്പിച്ചു. യേശു സ്നാനമേറ്റയുടനെ വെള്ളത്തിൽനിന്നും കയറി. അപ്പോൾ സ്വർഗ്ഗം തുറന്ന് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെമേൽ ഇറങ്ങിവന്നു. 'ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നൊരു ശബ്ദവും സ്വർഗ്ഗത്തിൽനിന്നു കേട്ടു.'



യേശുക്രിസ്തുവിന്റെ സ്നാനം

## അല്പം നിർത്താം... ചിന്തിക്കാം

1. യോർദ്ദാൻ നദിയിൽ ജനത്തിന് സ്നാനം നൽകിക്കൊണ്ടിരുന്നതാര്?

   ..........................................................................................

2. യേശു സ്നാനത്തിനായി ചെന്നപ്പോൾ യോഹന്നാൻ സ്നാപകൻ പറഞ്ഞതെന്ത്?

   ..........................................................................................

3. യേശു സ്നാനമേറ്റ സമയം നടന്ന അത്ഭുതം എന്ത്? കേട്ട ശബ്ദം എന്ത്?

   ..........................................................................................

വി ത്രിത്വം (പിതാവും പുത്രനും പരിശുദ്ധാത്മാവും) ആദ്യമായി ഒരുമിച്ചു വെളിപ്പെട്ട സന്ദർഭമാണ് യേശുവിന്റെ മാമോദീസാ. കർത്താവിന്റെ മാമോദീസാ ദനഹാ പെരുനാളായി സഭ ആചരിക്കുന്നു (ജനുവരി 6). ദനഹാ എന്ന വാക്കിന് ഉദയം എന്നാണർത്ഥം. പൗരസ്ത്യസഭകൾ ആദിമകാലത്ത് ഈ പെരുനാളിനാണ് 'ജനനപ്പെരുന്നാളി'നെക്കാൾ പ്രാധാന്യം കൊടുത്തിരുന്നത്. 'പ്രകാശത്തിന്റെ പെരുന്നാൾ' എന്ന അർത്ഥത്തിൽ 'എപ്പിഫനി' (Epiphany) എന്നും ഈ പെരുന്നാൾ അറിയപ്പെടുന്നു.

ദൈവത്തിന്റെ പുത്രൻ മനുഷ്യനായി എന്ന വലിയ സത്യം അന്നത്തെ ലോകത്തിന് അത്രവേഗത്തിൽ മനസ്സിലാകുമായിരുന്നില്ല. തിന്മയിൽനിന്നും മാനസാന്തരപ്പെട്ട വ്യക്തികൾക്കു മാത്രമേ ഈ സത്യം ഗ്രഹിക്കുവാൻ കഴിയുകയുള്ളു. ഇതിനായി പ്രസംഗത്തിലൂടെയും മാനസാന്തര സ്നാനത്തിലൂടെയും ജനത്തെ ഒരുക്കുകയായിരുന്നു യോഹന്നാൻ സ്നാപകന്റെ ദൗത്യം. ആ നിലയിൽ അദ്ദേഹം കർത്താവിന്റെ മുന്നോടിയും വഴിയൊരുക്കിയും ആയിത്തീർന്നു.

## നമുക്ക് ചിന്തിക്കാം

1. ഉത്തരം എഴുതുക.
   1. സ്വർഗ്ഗത്തിൽ നിന്നും കേട്ട ശബ്ദം എന്താണ്?

      ..........................................................................................
   2. വി ത്രിത്വം വെളിപ്പെട്ടതെപ്പോൾ ?

      ..........................................................................................
   3. ദനഹാ എന്ന വാക്കിന്റെ അർത്ഥം?

      ..........................................................................................

2. ചേരുംപടി വരച്ച് ചേർക്കുക.

| | എ | ബി |
|---|---|---|
| 1. | യേശു സ്നാനമേറ്റ നദി | സ്നാപക യോഹന്നാൻ |
| 2 | ത്രിത്വത്തിൽ ഒരുവൻ | പ്രകാശത്തിന്റെ പെരുനാൾ |
| 3. | യേശുവിന്റെ മുന്നോടി | പരിശുദ്ധാത്മാവ് |
| 4. | എപ്പിഫനി | യോർദ്ദാൻ |

## നമുക്ക് പാടാം

കാ-ക്കുക നാ-ഥാ! സ്ലീബായാൽ
ഉ-ണ്ണികളെ - സ്നാനാ - ർത്ഥികളെ
ഈ - സ്നാനത്തേ മുൻ - നിർത്തി
മുൻ - ചൊന്നാൻ - സ്ക്കറിയാ - തനയൻ
നൽ - കുന്നേൻ - നീരിൽ - സ്നാനം
വ-ന്നീടു - ന്നോനാ - ത്മാ - വിൽ.

നി - ന്നാൻ വ - ന്നാറ്റിൻ വക്കിൽ
യോ - ഹന്നാൻ - സ്ക്കറിയാ - തനയൻ
ആ - ഗതനായ് മാമോ - ദീസാ
യ്ക്കീ - ററേർക്കും - മറവാം - ശക്തി.

സ്നാ - നത്തി - നെത്തീ - നാഥൻ
സാ - ക്ഷിപ്പാൻ - യോഹ - ന്നാനും
വ - ത്സലന - ന്ദനനാ - ണിവനെ -
ന്നാർ - ത്താൻ വാ - നത്തിൽ - താതൻ
(വിശുദ്ധ മാമോദീസാ ശുശ്രൂഷ)

## നമുക്ക് പ്രാർത്ഥിക്കാം

കർത്താവേ, മാമോദീസായാൽ അങ്ങയെ പ്രാപിച്ച ഞങ്ങളുടെ ജീവിത വിശുദ്ധി എന്നാളും നിലനിർത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ

### നിശ്ചയം

**വിശുദ്ധ മാമോദീസയിലൂടെ പിതാവാം ദൈവത്തിന്റെ മക്കളും പുത്രൻ തമ്പുരാന്റെ സഹോദരങ്ങളുമായിത്തീർന്ന ഞങ്ങൾ എന്നും ക്രിസ്തുവിനുള്ളവരായി ജീവിക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി.ലൂക്കാ. 7:27-35 |
| തിങ്കൾ | വി.ലൂക്കാ 3:23-30 | വി.ലൂക്കാ. 3:31-38 |
| ചൊവ്വ | അ.പ്ര. 13 ;21-27 | പുറ. 30: 6-10 |
| ബുധൻ | രൂത്ത് 4:18-22 | സംഖ്യ 6:1-12 |
| വ്യാഴം | സങ്കീ. 2 | വി.മത്താ. 17: 9-13 |
| വെള്ളി | സങ്കീ. 8 | യെശ്ശ 42: 1-9 |
| ശനി | സങ്കീ. 14 | വി.ലൂക്കാ. 9:28-36 |
| ഞായർ | സങ്കീ. 63 | * |

## പാഠം 8

# യേശു സാത്താനെ ജയിക്കുന്നു

(വി. ലൂക്കോസ് 4:1-13, വി. മത്തായി 4:1-11)

**മുഖ്യസന്ദേശം:** ഏതൊരു പ്രവർത്തനവും ആരംഭിക്കുന്നതിനു മുമ്പ് ഒരുക്കവും പ്രാർത്ഥനയും ആവശ്യമാണ്. ഏതു പ്രതിസന്ധിയും തരണം ചെയ്യാൻ ഉപവാസവും ധ്യാനവും ശക്തി നൽകും.

**മനഃപാഠവാക്യം:** "പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകയില്ല." (വി. മത്തായി 17:21)

**പഠനസഹായികൾ:** ബൈബിൾ നാടുകളിലെ മരുഭൂമിയുടെ ചിത്രം, യെരുശലേം പട്ടണദൃശ്യം.

### ആമുഖം

ഞായറാഴ്ച വി. കുർബാനയിൽ സംബന്ധിക്കുവാൻ നിങ്ങൾ തയ്യാറെടുത്തുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ കൂട്ടുകാർ നിങ്ങളെ ക്രിക്കറ്റ് കളിക്കുന്നതിനോ, സീരിയൽ കാണുവാനോ വിളിച്ചാൽ നിങ്ങൾ എന്തു ചെയ്യും. കൂട്ടുകാരുടെ നിർബന്ധത്തിൽ ചിലർ വീണുപോകും. മറ്റു ചിലർ തങ്ങളുടെ കർത്തവ്യത്തെക്കുറിച്ച് ബോധമുള്ളവരാകയാൽ അത്തരം നിർബന്ധങ്ങൾക്ക് അഥവാ പ്രലോഭനങ്ങൾക്ക് വഴങ്ങുകയില്ല. വിവിധ ഉത്തരവാദിത്തങ്ങളിൽ നിന്ന് പിന്തിരിപ്പിക്കുന്ന പല സ്വാധീനങ്ങൾ ജീവിതത്തിൽ വന്നു ഭവിക്കും. അത്തരം പരീക്ഷകളെ നേരിട്ട് വിജയിച്ചവരാണ് വിശുദ്ധർ.

യേശുതമ്പുരാനും തന്റെ പരസ്യശുശ്രൂഷ തുടങ്ങും മുമ്പ് ഒരു പരീക്ഷണത്തെ നേരിടേണ്ടി വന്നു. അതെന്തായിരുന്നു എന്നറിയണ്ടേ?

### പാഠഭാഗം

ഈ ലോകത്തിൽ ജനിച്ച ദൈവപുത്രൻ തന്റെ ശുശ്രൂഷകൾ ആരംഭിക്കുന്നതിന് മുമ്പ് യോർദ്ദാനിൽ മാമോദീസായേറ്റതായി കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചല്ലോ. അതിനുശേഷം യേശു മരുഭൂമിയിൽ പോയി നാല്പത് രാവും നാല്പത് പകലും ഉപവാസത്തിലും പ്രാർത്ഥനയിലും തന്റെ പിതാവാം ദൈവത്തോടുള്ള സംസർഗ്ഗത്തിലും കഴിഞ്ഞു. അപ്പോൾ ഉണ്ടാകാവുന്ന വിശപ്പും ക്ഷീണവും നിങ്ങൾക്ക് ഊഹിക്കാവുന്നതല്ലേ. ആ തക്കം നോക്കി സാത്താൻ അവന്റെ അരികിലെത്തി. മൂന്നു ചോദ്യങ്ങളാണ് സാത്താൻ മുമ്പോട്ട് വച്ചത്. നീ ദൈവപുത്രനെങ്കിൽ ഈ കല്ല് അപ്പമായിത്തീരുവാൻ കല്പിക്ക എന്നാണ് സാത്താൻ പറഞ്ഞത്. വിശന്നിരിക്കുന്ന യേശു അനുസരിക്കുമെന്ന് സാത്താൻ കരുതി. "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു" എന്ന് എഴുതിയിരിക്കുന്നു എന്നു യേശു മറുപടി കൊടുത്തു (വി.ലൂക്കോസ് 4:4) ആവർത്തനപുസ്തകം 8:3 ലെ വാക്യമാണ് യേശു ഇവിടെ ഉദ്ധരിച്ചത്).

**അല്പം നിർത്താം... ചിന്തിക്കാം**

1. മാമോദീസാ ഏറ്റു കഴിഞ്ഞ് യേശു എങ്ങോട്ടാണ് പോയത്?

   ..........................................................................................................................

2. യേശു മരുഭൂമിയിൽ എത്ര ദിവസം ഉപവസിച്ച് പ്രാർത്ഥിച്ചു?

   ..........................................................................................................................

3. യേശു നേരിട്ട ആദ്യത്തെ പരീക്ഷ എന്തായിരുന്നു?

   ..........................................................................................................................

രണ്ടാമതായി സാത്താൻ യേശുവിനെ മലമുകളിലേക്ക് കൊണ്ടുപോയി. ചുറ്റും കാണുന്ന സകല രാജ്യങ്ങളും അധികാരവും മഹത്വവും എന്റെ കൈവശമാണ്. അതു കൊണ്ട് എന്നെ നമസ്കരിച്ചാൽ അതെല്ലാം നിനക്കു തരാം എന്നവൻ പറഞ്ഞു. യേശു അവനോട്, നിന്റെ ദൈവത്തെ മാത്രമേ നമസ്കരിച്ച് ആരാധിക്കാവു എന്ന് എഴുതിയിരിക്കുന്നുവല്ലോ. (വി. ലൂക്കോസ് 4:8) ആവർത്തനപുസ്തകം 6:13 ലെ വാക്യമാണ് യേശു ഇവിടെ ഉദ്ധരിച്ചത്.

മൂന്നാമത്തെ പ്രാവശ്യം സാത്താൻ യേശുവിനെ യെരുശലേം ദൈവാലയത്തിനു മുകളിൽ നിർത്തി നീ ദൈവപുത്രനാണെങ്കിൽ താഴോട്ടു ചാടുക. നിന്നെ മാലാഖമാർ താങ്ങിക്കൊള്ളും എന്ന വചനം ഉണ്ട് എന്നു പറഞ്ഞു. 91-ാം സങ്കീർത്തനം 11,12 വാക്യങ്ങളാണ് ഇവിടെ ഉദ്ധരിച്ചത്. യേശു അവനോട് നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും വചനത്തിലുണ്ടെന്നു പറഞ്ഞു. (വി. ലൂക്കോസ് 4:12) പിശാച് തോൽവി സമ്മതിച്ച് യേശുവിനെ വിട്ടുപോയി. ഉടനെ സ്വർഗ്ഗത്തിൽ നിന്നും മാലാഖമാർ ഇറങ്ങി വന്ന് യേശുവിനെ ശുശ്രൂഷിച്ചു. ശ്രദ്ധിക്കുക! ദൈവപുത്രനെ സാത്താൻ ദൈവവചനം ചൊല്ലിക്കൊണ്ടാണ് പരീക്ഷിക്കുന്നത്. അതിനെല്ലാം വചനം കൊണ്ടുതന്നെ തക്ക മറുപടി യേശുവും കൊടുക്കുന്നു. യേശുവിന്റെ പരീക്ഷണം വി. മത്തായി 4:1-12 വരെയുള്ള വേദഭാഗത്തും കാണാം.

## പ്രവർത്തനങ്ങൾ

- യേശുവും സാത്താനും തമ്മിലുള്ള സംഭാഷണ രംഗം സ്കിറ്റായി അഭിനയിക്കുക.

## കടങ്കഥ ചൊല്ലാം

ഞാൻ കണ്ടാൽ അഴകുള്ളവൻ, പക്ഷേ ഉള്ളു മുഴുവൻ അന്ധകാരമാണ്. ഞാൻ നല്ല കുട്ടികളെ വഴിതെറ്റിക്കുവാൻ നോക്കും. ആരും സന്തോഷിക്കുന്നതെനിക്കിഷ്ടമല്ല. പ്രാർത്ഥിക്കുന്നവരെ ഞാൻ പിന്തിരിപ്പിക്കും. പഠിക്കുന്ന കുട്ടികളെ ഞാൻ ശല്യം ചെയ്യും. കള്ളം പറയുന്നവരെ എനിക്ക് വലിയ ഇഷ്ടമാണ്.

എങ്കിൽ ഞാൻ ആരാണ്?



യേശുവും സാത്താനും മലമുകളിൽ

- യേശുവിനെ സാത്താൻ പരീക്ഷിക്കുന്ന ഏതെങ്കിലും ഒരു രംഗം താഴെ വരയ്ക്കുക

## നമുക്ക് പാടാം

നോമ്പാൽ തന്റെ മനുഷ്യത്വം - കാട്ടിയ ദൈവസുതാ! ഞങ്ങൾ
ദുശ്ചിന്ത ജയിച്ചീ നോമ്പാൽ - ആത്മീയന്മാരാകണമേ.
യുദ്ധം സാത്താനൊടു ചെയ്‌വാൻ - ഞങ്ങൾക്കേകേണം ശക്തി
ഭക്താപേക്ഷകൾ കൈക്കൊണ്ട് - നോമ്പിൽ നീ മോദിക്കേണം
(നാല്പതാം വെള്ളിയാഴ്ച, കാസോലിക്കി)

## നമുക്ക് പ്രാർത്ഥിക്കാം

കർത്താവേ, ഈ ലോകത്തിന്റെ പ്രലോഭനങ്ങൾക്ക് കീഴ്പ്പെടാതിരിക്കാൻ പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നീ മൂന്ന് ആയുധങ്ങൾ ഉപയോഗിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ആമ്മീൻ

### നിശ്ചയം

**നോമ്പിലൂടെയും ഉപവാസത്തിലൂടെയും പൈശാചിക തന്ത്രങ്ങളെ ജീവിതത്തിൽ നിന്ന് എന്നാളും ഞങ്ങൾ അകറ്റി നിർത്തും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ആവ. 9:9-12 |
| തിങ്കൾ | സങ്കീ. 91 | ആവ. 8:3-7 |
| ചൊവ്വ | വി.മത്താ. 4:1-11 | ആവ. 6:13-19 |
| ബുധൻ | പുറ. 34:27-28 | 1 രാജാ. 19:1-8 |
| വ്യാഴം | യോവേൽ 2:12-16 | ഏബ്രാ. 4:14-16 |
| വെള്ളി | സദൃ. 14:26-35 | വി.മത്താ. 26:36-41 |
| ശനി | സങ്കീ. 35:1-15 | വി.മത്താ. 17:14-21 |
| ഞായർ | സങ്കീ. 123 | * |

## പാഠം 9

# യേശു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു

(വി. മർക്കോസ് 1:40-45, വി. മത്തായി 8:1-4, വി. ലൂക്കോസ് 5:12-16)

**മുഖ്യസന്ദേശം:** ശാരീരികവും മാനസികവുമായി അവഗണിക്കപ്പെട്ടവരെ ആശ്വസിപ്പിക്കുവാനാണ് ദൈവപുത്രൻ ഭൂമിയിൽ അവതരിച്ചത്.

**മനഃപാഠവാക്യം:** വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും. (വി. യാക്കോബ് 5:15)

**പഠനസഹായികൾ:** യേശു കുഷ്ഠരോഗിയെ സൗഖ്യമാക്കിയ സംഭവചിത്രം. യാചാരം മിഷനെക്കുറിച്ചുള്ള വിവരണം.

### ആമുഖം

അസുഖം വരുമ്പോൾ അമ്മ അടുത്തിരിക്കുന്നതെത്ര ആശ്വാസമാണല്ലേ? പ്രത്യേക ഭക്ഷണമൊക്കെ ഉണ്ടാക്കിത്തരില്ലേ? മരുന്ന് വായിലൊഴിച്ചു തരും, ശരീരം ചൂടുവെള്ളത്തിൽ തുടച്ചുതരും.

ചിക്കൻ പോക്സ് വന്നാലോ? പനി, വേദന, ഒക്കെയായി വളരെ കഷ്ടം തന്നെ അല്ലേ? ആർക്കും അടുത്തു വന്നിരിക്കുവാൻ പറ്റില്ല. പകരുന്ന അസുഖമാണ്. എന്നാൽ ചിക്കൻ പോക്സ് ഒന്ന് രണ്ട് ആഴ്ചകൾ കൊണ്ട് ഭേദമാകും. വീട്ടിൽ പ്രത്യേകം ഒരു മുറിയിൽ മാറിക്കിടക്കണം എന്നേയുള്ളൂ. അടുത്ത കാലത്ത് കൊറോണ രോഗം വന്നവർ ഒറ്റപ്പെട്ട് മുറിയിൽ ക്വാറന്റൈനിൽ കിടക്കേണ്ടിവന്നത് നാം കണ്ടതല്ലേ?

പക്ഷേ അതിലൊക്കെ ഭയാനകമായ രോഗമാണ് കുഷ്ഠരോഗം! പണ്ട് വീടുകളിലൊക്കെ ഭിക്ഷ ചോദിച്ചുകൊണ്ട് കുഷ്ഠരോഗികൾ വന്നിരുന്നു. പണ്ടുകാലത്ത് വലിയ ചികിത്സ ഒന്നും ഇല്ലാതിരുന്നതുകൊണ്ട് മാറാരോഗമായി ആളുകൾ അതിനെ ഭയപ്പെട്ടു. രോഗികളെ ബന്ധുക്കളിൽ നിന്നകറ്റി ഗ്രാമത്തിന് പുറത്താക്കുകയും ചെയ്തിരുന്നു.

കർത്താവിന്റെ കാലത്ത് കുഷ്ഠരോഗം പിടിപ്പെട്ടവരുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. അവർ സമൂഹത്തിന് പുറത്താണ് കഴിഞ്ഞിരുന്നത്. പൊതു സ്ഥലങ്ങളിൽ നിന്നും അകറ്റപ്പെട്ടു കഴിഞ്ഞിരുന്ന അവരുടെ സ്ഥിതി ഒന്നാലോചിച്ച് നോക്കു. അങ്ങനെയുള്ള ഒരാളെ കർത്താവ് സൗഖ്യമാക്കുന്ന കഥയാണ് ഇന്നു നാം പഠിക്കുന്നത്.

### പാഠഭാഗം

ഒരു ദിവസം യേശു പട്ടണത്തിലൂടെ കടന്നു പോകുമ്പോൾ ശരീരം മുഴുവൻ കുഷ്ഠം ബാധിച്ച ഒരാൾ സൗഖ്യം ലഭിക്കുവാനായി യേശുവിനെ സമീപിച്ചു. കർത്താവേ നിനക്കു

മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും എന്നു യാചിച്ചു. യേശുവിലുള്ള ഉറച്ച വിശ്വാസമാണ് അയാളുടെ വാക്കുകളിൽ പ്രകടമായത്. എനിക്ക് മനസ്സുണ്ട്, നീ ശുദ്ധനാവുക എന്നു പറഞ്ഞ് യേശു, ആരും തൊടാൻ അറയ്ക്കുന്ന ആ ശരീരത്തിൽ തൊട്ടു. കുഷ്ഠം മാറി, അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. ഇക്കാര്യം ആരോടും പറയരുതെന്ന് യേശു അവനെ വിലക്കി. പക്ഷേ ദൈവാലയത്തിൽ ചെന്ന് പുരോഹിതനെ കാണിച്ച് ശുദ്ധീകരണം പ്രാപിക്കുവാനുള്ള വഴിപാട് അർപ്പിക്കണമെന്ന് യേശു അവനെ ഓർമ്മപ്പെടുത്തി. ന്യായപ്രമാണമനുസരിച്ച് കുഷ്ഠരോഗം ബാധിച്ചയാൾക്ക് ദൈവാലയത്തിൽ പ്രവേശിക്കുവാൻ അനുവാദമില്ലായിരുന്നു. രോഗം പൂർണ്ണമായി മാറി എന്ന് പുരോഹിതൻ സാക്ഷ്യപ്പെടുത്തേണ്ടത് ആവശ്യമാണ്. അങ്ങനെ സാക്ഷ്യപ്പെടുത്തിയാലേ അയാൾക്ക് തുടർന്ന് ദൈവാലയത്തിൽ പ്രവേശിക്കുവാനും തന്റെ ബന്ധുക്കളോടൊപ്പം സഹവസിക്കുവാനും കഴിയുമായിരുന്നുള്ളു. അതിനാലാണ് കർത്താവ് അവനോട് ഇപ്രകാരം ആവശ്യപ്പെട്ടത്.

അവനാകട്ടെ അപ്പോൾ തന്നെ പോയി കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിക്കുകയും ആ വാർത്ത സന്തോഷത്തോടെ പ്രചരിപ്പിക്കുകയും ചെയ്തു.

സൗഖ്യദായകമായ സ്പർശനം മൂലം പ്രവർത്തിക്കുന്ന ദൈവത്തെയാണ് ഇവിടെ നാം ദർശിക്കുന്നത്. മനുഷ്യനെ അവന്റെ വേദനകളിൽ നിന്നും ദുഖങ്ങളിൽനിന്നും മോചിപ്പിക്കുവാൻ ദൈവത്തിന് മാത്രമേ കഴിയു.

## പ്രവർത്തനങ്ങൾ

(1) ശരിയോ തെറ്റോ?

1. ഒരുവന് കുഷ്ഠം പിടിപെട്ടാൽ യഹൂദർ അവനെ വീടുകളിൽ തന്നെ താമസിപ്പിച്ച് ശുശ്രൂഷിക്കും.
2. രോഗം മാറിയാൽ പുരോഹിതൻ ശുദ്ധീകരണ സാക്ഷ്യം നൽകും.
3. യേശു രോഗിയെ മരുന്നു പുരട്ടി സൗഖ്യമാക്കി.

(2) മുതിർന്നവരോടൊപ്പം കുഷ്ഠരോഗ ആശുപത്രി സന്ദർശിക്കുക.

(3) കുഷ്ഠ രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കുക.

(4) നമ്മുടെ സഭ കുഷ്ഠരോഗികൾക്കുവേണ്ടി നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ച് ചോദിച്ചറിയുക. *ഉദാ.* - യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം

## നമുക്ക് പാടാം

(പൗ-ലോസ് ശ്ലീഹാ ധന്യൻ... എന്ന രീതി)

ക - ർത്താവിന്റെ - പാദത്തിങ്കൽ കുഷ്ഠാർത്തൻ
ചെന്നുച്ചത്തിൽ ചൊന്നെന്നെ - നാഥാ നീ ഇഷ്ടപ്പെട്ടാൽ
മാലിന്യം നീക്കി കാക്കാം - കരുണക്കടലവനെ തൊട്ടു
കുഷ്ഠം പാടെ വിട്ടോടി - വേദന ആദാമ്യർക്കാറ്റാൻ
മേലിൽ നിന്നുലകം ചേർന്ന - വാനവ വൈദ്യാ! തേ സ്തോത്രം.

(നോമ്പിലെ രണ്ടാം ഞായറാഴ്ച - കുഷ്ഠരോഗി, ഹൂത്തോമ്മോ)

## നമുക്ക് പ്രാർത്ഥിക്കാം

കുഷ്ഠരോഗിയെ സൗഖ്യമാക്കിയവനായ യേശുവേ, കുഷ്ഠരോഗത്താൽ വലയുന്നവരെ നീ ആശ്വസിപ്പിക്കണമേ. അവരെ സഹായിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ആമ്മീൻ

**നിശ്ചയം**

**എന്റെ സങ്കടങ്ങളിൽ മനുഷ്യനിൽ ആശ്രയിക്കാതെ എന്റെ ദൈവത്തിൽ ഞാൻ ആശ്രയം തേടും**




*കുഷ്ഠരോഗിയെ സൗഖ്യമാക്കുന്ന യേശു*

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ലേവ്യ 13:1-8 |
| തിങ്കൾ | സങ്കീ. 22:1-11 | ലേവ്യ 13:9-17 |
| ചൊവ്വ | സങ്കീ. 91:1-10 | സംഖ്യ 5:1-4 |
| ബുധൻ | സങ്കീ. 91:11-16 | 2 രാജാ. 5:1-14 |
| വ്യാഴം | അ.പ്ര. 5:12-16 | ഇയ്യോ. 2:1-8 |
| വെള്ളി | അ.പ്ര. 3:1-10 | ഇയ്യോ. 2:9-13 |
| ശനി | സങ്കീ. 131 | ഇയ്യോ. 19:10-21 |
| ഞായർ | ഇയ്യോ. 42:10-17 | * |

## പാഠം 10

# പിറവികുരുടന്റെ സൗഖ്യം

(വി. യോഹന്നാൻ 9:1–41)

**മുഖ്യസന്ദേശം:** പ്രതികൂലങ്ങളിൽ പതറരുത്. ഉറച്ച ദൈവവിശ്വാസം ഏതു കഠിന രോഗത്തെയും സൗഖ്യമാക്കും.

**മനഃപാഠവാക്യം:** "നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് മാറിപോക എന്നു പറഞ്ഞാൽ അതു നീങ്ങിപോകും." (വി. മത്തായി 17:21)

**പഠനസഹായികൾ:** ഹെലൻ കെല്ലറുടെ ചിത്രവും ചരിത്രവും, ബ്രേയിലി ലിപി, അന്ധവിദ്യാലയങ്ങളുടെ വിവരങ്ങൾ.

### ആമുഖം

രോഗം വരുമ്പോൾ നിങ്ങളെന്തു ചെയ്യും? ആശുപത്രിയിൽ പോയി ഡോക്ടറെ കാണും. അല്ലേ? ചെറിയ അസുഖങ്ങളാണെങ്കിൽ അമ്മ തന്നെ മരുന്നു തരും. എന്നാൽ സുഖപ്പെടാൻ പ്രയാസമുള്ള രോഗങ്ങളും ഉണ്ട്. അതിന് വിദഗ്ദ്ധനായ ഡോക്ടറെ തന്നെ കാണേണ്ടി വരും. ജന്മനാ അന്ധരായവരെ നിങ്ങൾ കണ്ടിട്ടുണ്ടോ. റോഡിലൂടെ വടിയുടെ സഹായത്താൽ പോകുന്നവരെ കണ്ടുകാണുമല്ലോ. അങ്ങനെയുള്ളവർക്കുള്ള ചികിത്സകൾ കുറെയൊക്കെ ഇന്ന് ലഭ്യമാണ്. എന്നാൽ ചികിത്സ ഒട്ടും ഇല്ലാതിരുന്ന കാലത്ത് ജന്മനാ അന്ധനായ (പിറവിക്കുരുടൻ) ഒരാളെ കർത്താവ് സൗഖ്യമാക്കിയ സംഭവത്തെക്കുറിച്ച് നമുക്ക് പഠിക്കാം.

### പാഠഭാഗം

പിറവിയിലെ കാഴ്ചയില്ലാത്ത ഒരു മനുഷ്യൻ ഒരിക്കൽ യേശുവിന്റെ സമീപത്തേക്ക് വന്നു. പിറവിയിൽ തന്നെയുണ്ടാകുന്ന അസുഖങ്ങൾ (വൈകല്യങ്ങൾ) മാതാപിതാക്കളുടെ പാപം മൂലമാണെന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നു. പക്ഷേ യേശു ഈ തെറ്റിദ്ധാരണ തിരുത്തി. ഇത് അമ്മയപ്പന്മാരുടെ പാപം കാരണമല്ല. ദൈവത്തിന്റെ പ്രവർത്തി അവനിൽ വെളിവാക്കേണ്ടതിനാണെന്ന് അദ്ദേഹം പഠിപ്പിച്ചു.

യേശു നിലത്തു തുപ്പി, തുപ്പൽ കൊണ്ട് ചേറു കുഴച്ച് അന്ധന്റെ കണ്ണിന്മേൽ പുരട്ടി. നീ പോയി ശീലോഹാം കുളത്തിൽ കഴുകുക എന്നു യേശു അവനോട് പറഞ്ഞു. അവൻ അതുപോലെ ചെയ്തു. അവന് കാഴ്ച ലഭിച്ചു. യേശു തനിക്ക് ചെയ്തത് അവൻ പോയി എല്ലാവരെയും അറിയിച്ചു.



യേശുവും പിറവിക്കുരുടനും

**നമുക്ക് ചിന്തിക്കാം**

1. പിറവിക്കുരുടൻ എന്നാൽ എന്താണ് അർത്ഥം?

   ..........................................................................................................................

2. പിറവിയിൽ അസുഖങ്ങളുണ്ടാകുന്നത് എന്തുകൊണ്ടാണ് എന്നാണ് യഹൂദന്മാർ വിശ്വസിച്ചിരുന്നത്?

   ..........................................................................................................................

3. യേശു പിറവിക്കുരുടനെ സൗഖ്യമാക്കിയത് എങ്ങനെയാണ്?

   ..........................................................................................................................

പരീശന്മാർ യേശുവിനെ വെറുത്തിരുന്നു. അവർ സൗഖ്യം ലഭിച്ച കുരുടനോട് പല ചോദ്യങ്ങളും ചോദിച്ചു. നിനക്ക് എങ്ങനെ സൗഖ്യം ലഭിച്ചു. നീ പിറവിയിലെ കുരുടനായിരുന്നോ എന്നിങ്ങനെ... അവൻ എത്ര പ്രാവശ്യം സത്യം പറഞ്ഞിട്ടും അവർ വിശ്വസിക്കാൻ കൂട്ടാക്കിയില്ല. കുരുടന്റെ മാതാപിതാക്കളോടും അവർ ഇതേ ചോദ്യങ്ങൾ ചോദിച്ചു. മകനോടു ചോദിക്കുക എന്നു പറഞ്ഞ് അവർ ഒഴിഞ്ഞുമാറി. എനിക്ക് കാഴ്ച നൽകിയത് നസറേത്തുകാരനായ യേശു ആണെന്ന് അവൻ ആണയിട്ട് പറഞ്ഞു. യേശുവിനെ പുകഴ്ത്തുന്നത് ഇഷ്ടപ്പെടാതെ പരീശന്മാർ അവനെ പുറത്താക്കിക്കളഞ്ഞു.

യേശു വീണ്ടും അവന്റെ അടുക്കൽ ചെന്ന് അവനെ ആശ്വസിപ്പിച്ചു. യേശു ദൈവപുത്രൻ എന്ന് വിശ്വസിച്ച് ഏറ്റു പറഞ്ഞ് അവൻ കർത്താവിനെ നമസ്ക്കരിച്ചു.

**പിറവികുരുടന് യേശുവിന്റെ അടുത്തു പോകണം.**
**വഴി കാണിച്ചു കൊടുക്കാമോ?**



## പ്രവർത്തനങ്ങൾ

നമുക്ക് ഉത്തരം കണ്ടെത്താം

1. യേശു സൗഖ്യമാക്കിയ ചില വ്യക്തികളുടെ പേരുകൾ കണ്ടുപിടിക്കുക?
2. യേശു കുരുടനെ സൗഖ്യമാക്കിയ സംഭവം ഒരു കഥ പോലെ പറയുക?
3. കുരുടൻ കണ്ണുകൾ കഴുകുവാൻ പോയ കുളം?

### നമുക്ക് പാടാം

(യജമാനൻ വരുമന്നേരത്ത്.... എന്ന രീതി)

ശീലോഹാ വെള്ളത്താൽ നീ - സൗഖ്യം പ്രാപിച്ചു
യേശു സുഖം തന്നില്ലെന്നാ - യൂദന്മാരോതി
അന്ധൻ ചൊല്ലി - ആ ശീലോഹായിൽ
മുഴുകും കുരുടർ - ക്കേവർക്കും സൗഖ്യം
കിട്ടിടുമെങ്കിലെനിക്കീശോ - ചെയ്തിട്ടില്ലൊന്നും;
യേശു എനിക്കാശ്വാസം ത - ന്നില്ലെന്നോതുന്നോൻ
ഹാലേലുയ്യാ - ശാപഗ്രസ്തൻ താൻ.
(നോമ്പിലെ ആറാം ഞായറാഴ്ച - കുരുടൻ, ഏവൻഗേലിക്കു ശേഷം)

- യേശു ചെയ്ത അത്ഭുതപ്രവർത്തികൾ വി. വേദപുസ്തകത്തിൽനിന്ന് കണ്ടെത്തി എഴുതുക.



## നമുക്ക് പ്രാർത്ഥിക്കാം

കർത്താവേ, പ്രതിസന്ധികൾ വരുമ്പോൾ അങ്ങയിൽ ആശ്രയിച്ച് സമാധാനവും സന്തോഷവും സൗഖ്യവും നേടുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ

**നിശ്ചയം**

**മറ്റുള്ളവരുടെ പ്രയാസങ്ങളുടെ കാരണം കണ്ടെത്താൻ ശ്രമിക്കാതെ അവരുടെ വേദനകളിൽ അവരെ ഞങ്ങൾ സഹായിക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി.മത്താ. 9:27-31 |
| തിങ്കൾ | വി.യോഹ 3:16-18 | വി.മർക്കോ. 10:46-52 |
| ചൊവ്വ | യെശ. 58: 6-10 | വി.മത്താ. 20: 29-34 |
| ബുധൻ | യെശ. 61: 1-3 | വി.ലൂക്കോ. 18:35-43 |
| വ്യാഴം | വി.മത്താ. 11:2-7 | വി.മത്താ. 8:5-13 |
| വെള്ളി | വി.മത്താ. 9:32-34 | വി.മത്താ. 9:1-8 |
| ശനി | വി.മത്താ. 16: 1-4 | വി.മത്താ. 13:53-58 |
| ഞായർ | സദൃ. 27:6-10 | * |

**അമ്പതുനോമ്പിലെ വിവിധ ഞായറാഴ്ചകൾ ഏതെല്ലാം എന്ന് ഓർത്തിരിക്കാനുള്ള ഗീതം**

(മോറോനീശോ കുരിശും നിൻ... എന്ന രീതി)

**വീഞ്ഞൊടു കുഷ്ഠം തളർവാതം**
**പുറജാതി സ്ത്രീ കൂനിയഹോ**
**അന്ധന്നൂശാനാ ക്യംതാ**
**അമ്പതു നോമ്പിൻ വാരങ്ങൾ**

[കാനാവിലെ കല്യാണത്തിൽ വെള്ളം വീഞ്ഞാക്കി (കൊത്നേ ഞായർ), കുഷ്ഠരോഗി, തളർവാതരോഗി, പുറജാതിക്കാരി സ്ത്രീയുടെ മകൾ, കൂനി, പിറവിക്കുരുടൻ, ഊശാനാ, ഉയിർപ്പ് (ക്യംതാ)]

# യൂണിറ്റ് രണ്ട്
# പ്രാർത്ഥന

## പാഠം 11
## വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന

**പാഠോദ്ദേശ്യം**: സന്ധ്യാനമസ്കാരങ്ങളിൽ വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ധ്യാനപൂർവ്വം പ്രാർത്ഥിക്കുക.

**മനഃപാഠവാക്യം:** "മരിച്ചവരും മൗനതയിൽ ഇറങ്ങിയവർ ആരും യഹോവയെ സ്തുതിക്കുന്നില്ല. നാമോ ഇന്നു മുതൽ എന്നേക്കും യഹോവയെ വാഴ്ത്തും." (സങ്കീർത്തനം 115:17,18) "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു." (വി. യോഹന്നാൻ 11:25)

### ആമുഖം

കുഞ്ഞുങ്ങളേ, നിങ്ങൾ എല്ലാവരും എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും നിർബന്ധമായും പ്രാർത്ഥിക്കണമെന്ന് കഴിഞ്ഞ ക്ലാസുകളിൽ പഠിച്ചത് ഓർക്കുന്നുണ്ടല്ലോ. അങ്ങനെ എല്ലാവരും ചെയ്യാറുണ്ട് എന്നു കരുതുന്നു. 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ' എന്നു തുടങ്ങുന്ന ഒരു പ്രാർത്ഥന നാം സന്ധ്യാനമസ്ക്കാരത്തിൽ (ഒമ്പതാം മണി നമസ്ക്കാരത്തോടൊപ്പം) എല്ലാ ദിവസവും ചൊല്ലാറുണ്ട്. ആ പ്രാർത്ഥനയാണ് നാം ഇന്നു പഠിക്കുന്നത്.

### പാഠഭാഗം

സന്ധ്യാനമസ്കാരത്തിൽ 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ...' എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ നിങ്ങൾ എന്താണ് ധ്യാനിക്കാറുള്ളത്? ഇത് വാങ്ങിപ്പോയ എല്ലാവർക്കും വേണ്ടിയുള്ള പ്രാർത്ഥനയാണ് എന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? വാങ്ങിപ്പോയവർ എന്നാൽ എന്താണർത്ഥമാക്കുന്നത്? മരിച്ചുപോയവർ എന്ന് നാം സാധാരണ ഉപയോഗിക്കാറുള്ള വാക്കിന് പകരമാണ് വാങ്ങിപ്പോയവർ എന്ന് ഇവിടെ ഉപയോഗിച്ചത്. നിങ്ങളുടെ വേണ്ടപ്പെട്ടവരായി വാങ്ങിപ്പോയവരുടെ പേരുകളോ മുഖങ്ങളോ ഈ സമയം നിങ്ങൾ ഓർക്കാറുണ്ടോ. നാം മനഃപാഠവാക്യമായി കൊടുത്തിരിക്കുന്ന വാക്യത്തിൽ മരിച്ചവർ ദൈവത്തെ സ്തുതിക്കുന്നില്ല എന്നും എന്നാൽ നാം എന്നേക്കും ദൈവത്തെ സ്തുതിക്കും എന്നും പറയുന്നതിനാൽ ക്രിസ്തുവിൽ വിശ്വസിച്ചും അനുസരിച്ചും ജീവിക്കുന്നവർക്ക് മരണമില്ല എന്ന് നാം മനസ്സിലാക്കണം. ഇവിടെ പറയുന്ന മരിച്ചവർ പാപത്തിൽ മരിച്ചവ

രാണ്. അഥവാ പാപികളാണ്. ദുഷ്ടന്മാരാണ്. അവർക്ക് ദൈവത്തെ സ്തുതിക്കാൻ കഴിയുമോ ഒരിക്കലുമില്ല. എന്നാൽ വീണ്ടെടുക്കപ്പെട്ടവരായ നമ്മൾ എന്നേയ്ക്കും ദൈവത്തെ സ്തുതിക്കും. മരണത്തോടുകൂടി വിശുദ്ധർ നഷ്ടപ്പെടുന്നില്ല. അവർ ഈ ലോകത്ത് നിന്നും മറ്റൊരു അവസ്ഥയിലേക്ക് മാറ്റപ്പെടുന്നു എന്നു മാത്രം. അതുകൊണ്ട് വാങ്ങിപ്പോയവർ എന്ന പദപ്രയോഗമാണ് വിശ്വാസികളായ മരിച്ചവർക്കുള്ള ശരിയായ പദം.

കർതൃപ്രാർത്ഥന സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് വിളിച്ചുകൊണ്ടു തുടങ്ങിയതുപോലെ നമ്മുടെ പ്രാർത്ഥനകൾ ദൈവത്തെ സംബോധന ചെയ്തുകൊണ്ടാണ് തുടങ്ങാറുള്ളത്. ഇന്നു നാം പഠിക്കുന്ന പ്രാർത്ഥന അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ എന്നു ദൈവത്തെ സംബോധന ചെയ്തുകൊണ്ടാണ് തുടങ്ങുന്നത്.

പിതാവാം ദൈവത്തിന്റെ സന്നിധിയിലേക്ക് പോയ കർത്താവായ യേശുക്രിസ്തു എല്ലാവരെയും ദൈവത്തിന്റെ സന്നിധിയിലേക്ക് കൂട്ടി ചേർക്കുവാനായി വീണ്ടും വരുമെന്നും ആ ദിവസത്തിൽ എല്ലാ വാങ്ങിപ്പോയവരും മണ്ണിൽനിന്നും ഉയിർത്തെഴുന്നേൽക്കും എന്നുമാണ് നമ്മുടെ വിശ്വാസം. അന്ന് സകല മനുഷ്യരും ദൈവസന്നിധിയിൽ നിൽക്കേണ്ടതായി വരും. ആ സമയത്ത് എല്ലാവരേയും പുതിയ മനുഷ്യരാക്കി നിന്റെ മുമ്പിൽ നിർത്തികൊള്ളണമേ എന്നാണ് ആദ്യ വാചകത്തിൽ നാം പ്രാർത്ഥിക്കുന്നത്. നമുക്ക് ആ വാചകം ഒരുമിച്ച് ചൊല്ലാം.

*അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ... ഉയിർപ്പു ദിവസത്തിൽ*
*നിന്റെ സൃഷ്ടിയെ നീ പുതുതാക്കണമെ.*

വാങ്ങിപ്പോയവരുടെ ആത്മാക്കളെ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ ആശ്വസിപ്പിച്ചുകൊള്ളണമേ എന്നാണ് രണ്ടാമത്തെ വാചകത്തിൽ നാം അപേക്ഷിക്കുന്നത്. ഈ ലോകത്തിലെ അവരുടെ പ്രവർത്തനങ്ങൾ ഒരു പക്ഷേ മോശമായിരുന്നെങ്കിൽ വരാനുള്ള ന്യായവിധിയെക്കുറിച്ച് അവർക്ക് ഒരു ഭയം ഉണ്ടാകാം. ആ സമാധാനമില്ലാത്ത അവസ്ഥയിൽ ആയിപ്പോകാതെ അവിടുന്ന് അവരെ ആശ്വസിപ്പിക്കണമേ എന്നാണ് നാം പ്രാർത്ഥിക്കുന്നത്.

*കർത്താവേ നിന്റെ ശരണത്തിൽ മരിച്ച് നിന്റെ വരവിനായ്*
*നോക്കിപ്പാർക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ ആശ്വസിപ്പിച്ച്*
*പുണ്യപ്പെടുത്തേണമെ.*

ദൈവത്തിന്റെ പ്രിയന്മാരായിരുന്ന അബ്രഹാം, യിസഹാക്ക്, യാക്കോബ് മുതലായ പിതാക്കന്മാരുടെ ആത്മാക്കൾ ദൈവസന്നിധിയിൽ സന്തോഷത്തോടെ കഴിയുകയാണ് എന്ന് നമുക്കറിയാം. (എബ്രായർ 11-ാം അദ്ധ്യായം) അവരുടെ കൂടെ ഇരുന്ന് അവർ അനുഭവിക്കുന്ന സന്തോഷം ഞങ്ങളും ഞങ്ങളുടെ വാങ്ങിപ്പോയവരും അനുഭവിക്കണമേ എന്നാണ് അടുത്ത വാചകത്തിൽ നാം ചൊല്ലുന്നത്. അവരുടെ മടിയിൽ വസിക്കുക എന്നാൽ അവർ അനുഭവിക്കുന്ന അതേ അവസ്ഥയിൽ ആയിരിക്കുക എന്നാണർത്ഥം.

**നമുക്കൊരുമിച്ച് ചൊല്ലാം**

*അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും*
*മടിയിൽ അവരെ നീ വസിപ്പിക്കേണമെ.*

**പ്രാർത്ഥനയുടെ അടുത്ത വാചകം കൂടി നമുക്ക് ചൊല്ലാം.**

*വന്നവനും വരുന്നവനും മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനു മായവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ശരീരികളും ആത്മങ്ങളും ശരിയായി നിലവിളിച്ചു പറയുമാറാകണമെ.*

കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള വിശ്വാസം ഏറ്റുപറയുക കൂടിയാണ് നാം ചെയ്യുന്നത്. ഇവിടെ നാം നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുന്നു. അതായത്, ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരും ഒരുമിച്ച് ദൈവത്തെ സ്തുതിക്കുവാൻ ഇടയാകണമെ എന്നാണ് ഈ പ്രാർത്ഥന. നമ്മുടെ പ്രാർത്ഥനകളിലും ആരാധനകളിലും നാമും നമ്മുടെ വാങ്ങിപ്പോയവരും പരിശുദ്ധരും മാലാഖമാരും ഒരുമിച്ച് ചേരുന്നു എന്നത് നാം മനസ്സിലാക്കണം. വാങ്ങിപ്പോയവരെ ഓർത്ത് പ്രാർത്ഥിക്കുന്ന എല്ലാ സന്ദർഭങ്ങളിലും നാം ഈ പ്രാർത്ഥന ചൊല്ലുക പതിവാണ്.

## നമുക്ക് പ്രവർത്തിക്കാം

1. നാലു വാചകങ്ങൾ ചേർത്ത് ഈ പ്രാർത്ഥന നമുക്ക് ഒരുമിച്ച് ചൊല്ലാം.
2. നിങ്ങൾക്ക് പരിചയമുള്ള പ്രാർത്ഥനകളിൽ ദൈവത്തെ എങ്ങനെ സംബോധന ചെയ്തിരിക്കുന്നു എന്നു കണ്ടുപിടിക്കുക.
3. അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്നിവരെക്കുറിച്ച് കഴിഞ്ഞ ക്ലാസ്സുകളിൽ പഠിച്ചത് ഓർക്കുക.
4. അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ നിന്റെ അനുകൂലത്തിന്റെ ദിവസത്തിൽ എന്നും ഈ പ്രാർത്ഥന തുടങ്ങാറുണ്ട്. ആ പ്രാർത്ഥന ചൊല്ലുന്നവർ നാം പഠിച്ച വാചകങ്ങളുമായി ആ പ്രാർത്ഥനയിലെ വാചകങ്ങൾ താരതമ്യം ചെയ്യുക. നിങ്ങളുടെ വാങ്ങിപ്പോയവരുടെ കബറിടത്തിൽ മുതിർന്നവരോടൊപ്പം പോയി പ്രാർത്ഥിക്കുക. അപ്പോൾ ഈ പ്രാർത്ഥനയും ചൊല്ലുക.

## ഈ പ്രാർത്ഥന ഒരു ഗീതമായി നമുക്കു പഠിക്കാം

കരുണ നിറഞ്ഞവനേ! പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.
നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ.
അവരബറാഹത്തിന്റെയുമിസഹാക്കുടെയും
യാക്കോബിന്നുടെയും മടിയിൽ പാർക്കണമേ.
വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ പാടണമേ.

(അല്ലെങ്കിൽ)

കരുണ നിറഞ്ഞവനേ! പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.

നിന്നിൽ നിദ്രയടഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണച്ചേകുക പരിഹാരം.
നിന്നഭയേ മൃതരെ അബ്രാഹാമിസഹാക്
യാക്കോബെന്നിവർ തൻ മടിയിൽ പാർപ്പിക്ക.
വന്നവനാം വരുവോൻ മൃതരെ ഏറ്റുന്നോൻ
സ്തുതനെന്നാർത്തീടും മെയ്യോടാത്മാവും.

ഈ പാട്ട് ശ്രദ്ധാപൂർവ്വമാണോ നിങ്ങൾ പാടിയത്. നാം പഠിച്ച പ്രാർത്ഥനയുടെ പദ്യരൂപമാണ് ഈ പാട്ട്. സിറിയായിലെ ഒരു കോർ-എപ്പിസ്കോപ്പായായിരുന്ന മാർ ബാലായി എന്ന കവി എഴുതിയിട്ടുള്ളതാണ് ഈ ഗീതം. ഈ ഗീതത്തിന്റെ ഗദ്യരൂപമായതുകൊണ്ട് അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ എന്ന പ്രാർത്ഥനയ്ക്ക് മാർ ബാലായിയുടെ അപേക്ഷ എന്നു പറയാറുണ്ട്. ഗീതത്തിന്റെ അവസാന വരി ശ്രദ്ധിച്ചു പാടണേ.

**നിശ്ചയം**

**ഇന്നു പഠിച്ച അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ എന്ന പ്രാർത്ഥന വാങ്ങിപ്പോയവരെ ഓർക്കുന്ന മറ്റ് സന്ദർഭങ്ങളിലും ശ്രദ്ധയോടെ പ്രാർത്ഥിക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | 1 കൊരി. 15:1-19 |
| തിങ്കൾ | വി.മത്താ. 22:30-33 | 1 കൊരി. 15:20-34 |
| ചൊവ്വ | വി.മത്താ. 12: 24-27 | 1 കൊരി. 15:35-49 |
| ബുധൻ | വി.യോഹ. 11:17-44 | 1 കൊരി. 15:50-58 |
| വ്യാഴം | എബ്രാ. 13:7-17 | റോമ. 6:1-14 |
| വെള്ളി | എഫേ. 2:1-10 | റോമ. 7:1-25 |
| ശനി | 2 കൊരി. 4: 1-18 | റോമ. 8:1-25 |
| ഞായർ | കൊലോ. 2:8-23 | * |

## പാഠം 12

# ക്രൂബേന്മാരുടെ സ്തുതിപ്പ്

**പാഠോദ്ദേശ്യം:** സന്ധ്യാനമസ്കാരത്തിലും രാത്രി നമസ്ക്കാരത്തിലും ചൊല്ലുന്ന 'കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത്' എന്ന പ്രാർത്ഥന ശ്രദ്ധയോടെ പഠിച്ച് പ്രാർത്ഥിക്കുക.

**മനഃപാഠവാക്യം:** "യഹോവയുടെ മഹത്വം സ്വസ്ഥലത്തുനിന്നും അനുഗ്രഹിക്കപ്പെടുമാറാകട്ടെ." (യെഹസ്കിയേൽ 3:12)

**പഠനസഹായികൾ:** ഒരു മാലാഖയുടെ ചിത്രം, നമസ്കാരക്രമം എന്നിവ.

### ആമുഖം

നിങ്ങൾ മാലാഖയുടെ ചിത്രം കണ്ടിട്ടുണ്ടല്ലോ അല്ലേ. ഏദൻതോട്ടത്തിൽ ജീവവൃക്ഷത്തിന്റെ ഫലം സൂക്ഷിക്കുവാൻ ദൈവം നിയോഗിച്ച മാലാഖകളാണ് ക്രൂബേന്മാർ (ഉൽപത്തി 3:24). ക്രൂബേമാലാഖമാരെക്കുറിച്ച് നമുക്ക് കൂടുതൽ അറിവ് ലഭിക്കുന്നത് യെഹസ്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിന്നുമാണ് (അദ്ധ്യായം 10, 41) നാലു വീതം ചിറകുകളും നാലു വീതം മുഖങ്ങളും, അനേകം കണ്ണുകളും ഉള്ളവരായിട്ടാണ് ഈ മാലാഖമാരെക്കുറിച്ച് പ്രവാചകൻ പറയുന്നത്. (10:21) ക്രൂബേമാലാഖമാർ ദൈവത്തെ സ്തുതിക്കുമ്പോൾ പറയുന്ന വാചകമാണ് ഈ പ്രാർത്ഥനയുടെ തുടക്കം എന്നതുകൊണ്ടാണ് ക്രൂബേന്മാരുടെ സ്തുതിപ്പ് എന്നു പറയുന്നത്. ഈ പ്രാർത്ഥന കൗമപോലെ ചൊല്ലുന്നത് കൊണ്ട് ഇതിനെ ക്രൂബേന്മാരുടെ കൗമാ എന്നു വിളിക്കുന്നു. ഈ പ്രാർത്ഥനയാണ് ഇന്ന് നാം പഠിക്കുന്നത്.

### പാഠഭാഗം

'കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്തുനിന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.' ക്രൂബേന്മാരുടെ സ്തുതിയുടെ (യെഹ 3:12) ഒരു രൂപമാണ് ഈ പ്രാർത്ഥന. (എന്നേക്കും തന്റെ ഇടത്തിൽ നിന്ന് കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു എന്നും പഴയ പുസ്തകങ്ങളിൽ ഉപയോഗിക്കുന്നുണ്ട്.) ഈ പ്രാർത്ഥന മൂന്ന് പ്രാവശ്യം ചൊല്ലി മൂന്ന് പ്രാവശ്യവും കുമ്പിട്ട് നമസ്ക്കരിക്കുന്ന രീതിയാണ് നമുക്കുള്ളത് (ഞായറാഴ്ചകളിലും മാറാനായ പെരുനാളുകളിലും ഉയിർപ്പു മുതൽ പെന്തിക്കോസ്തിവരെയും കുമ്പിടുകയില്ല എന്ന് അറിയാമല്ലോ).

സാധാരണ ഉപയോഗിക്കുന്ന കൗമപ്രാർത്ഥനയുടെ ശൈലിയിലാണ് ഈ പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നത്. സാധാരണ കൗമയിൽ ഞങ്ങളുടെ കർത്താവേ, ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, കൃപ ചെയ്തു ഞങ്ങളോടു കരുണ ചെയ്യണമെ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷയും നമസ്ക്കാരവും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ എന്ന് മൂന്നു വാകൃങ്ങൾക്ക് പകരം ഇവിടെ താഴെ പറയുന്ന മൂന്ന് വാകൃങ്ങളാണ് പറയുന്നത്.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളോട് കരുണ ചെയ്യണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോട് കരുണ ചെയ്യണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമേ.

കൗമയിലെ ദൈവമേ നിനക്ക് സ്തുതി തുടങ്ങിയ മൂന്ന് വാചകങ്ങൾക്ക് പകരം ചൊല്ലുന്ന വാചകങ്ങൾ ഇവയാണ്.

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ നാമം എന്നേക്കും വാഴ്ത്തപ്പെട്ടതുമാകുന്നു.

തുടർന്ന് താഴെ പറയുന്ന വാചകങ്ങൾകൂടി ചൊല്ലി കർത്തൃപ്രാർത്ഥനയും കൃപ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയും ചൊല്ലി ആണ് പ്രാർത്ഥന അവസാനിക്കുന്നത്.

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി-ബാറെക്മോർ

ഓർത്തഡോക്സ് സഭയുടെ സത്യവിശ്വാസത്തിന്റെ പ്രധാന അടിസ്ഥാനം ത്രിത്വ വിശ്വസമായതിനാൽ ഈ പ്രാർത്ഥനയിൽ എല്ലാ വാചകങ്ങളും മൂന്നു രീതിയിൽ ആവർത്തിച്ചിരിക്കുകയാണ്.

സന്ധ്യാനമസ്കാരത്തിൽ ഒരു പ്രാവശ്യവും രാത്രി നമസ്കാരത്തിൽ (സാധാരണ നമസ്കാരത്തിൽ നാം ഇത് പ്രഭാതത്തിൽ ചൊല്ലുന്നു) രണ്ടു പ്രാവശ്യവും അങ്ങനെ ദിവസം മൂന്നു പ്രാവശ്യം ഈ കൗമ ചൊല്ലുവാൻ തക്കവണ്ണമാണ് പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. ടീച്ചർ കുടുംബാരാധന പുസ്തകത്തിൽ നിന്ന് ഇത് കാണിച്ച് തരുന്നത് നോക്കി മനസ്സിലാക്കുക.

## പ്രവർത്തനങ്ങൾ

1. ക്രൂബേന്മാരുടെ കൗമ നമുക്കൊരുമിച്ച് ചൊല്ലാം (ഞായറാഴ്ചയും മാറാനായപ്പെരുന്നാളുകളിലും കുമ്പിടരുത്. അല്ലാത്ത അവസരങ്ങളിൽ കുമ്പിടണം).
2. ഈ പ്രാർത്ഥനയുടെ അർത്ഥം ക്ലാസ്സിൽ പറഞ്ഞു കേൾപ്പിക്കുക.
3. യെഹസ്ക്കിയേൽ പ്രവചനം 10-ാം അദ്ധ്യായത്തിൽ ക്രൂബേന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്ന ആശയങ്ങൾ വായിച്ചു പഠിക്കുക.
4. ക്രൂബേന്മാരെ പ്രതിപാദിക്കുന്ന ഗീതങ്ങൾ നമ്മുടെ ആരാധന ക്രമത്തിൽ കൊടുത്തിട്ടുള്ളത് കണ്ടുപിടിക്കുക.

## ഈ പ്രാർത്ഥനയുടെ ഗാനരൂപം പഠിക്കാം

താഴെ പറയുന്ന ഗാനം നമ്മൾ പഠിച്ച പ്രാർത്ഥനയുടെ ഗാനരൂപമാണ്. ദൈവലായത്തിലെ സന്ധ്യാനമസ്കാരത്തിൽ ഈ ഗാനം ചൊല്ലുന്നത് നിങ്ങൾ കേട്ടിട്ടു

ണ്ടാവുമല്ലോ. ഈ ഗാനം ടീച്ചർ ചൊല്ലിത്തരുമ്പോൾ എല്ലാവരും ഭംഗിയായി ഏറ്റു ചൊല്ലണം.

+ എന്നെന്നും കർത്താവിൻ ബഹുമാനം ധന്യം.
+ എന്നെന്നും കർത്താവിൻ ബഹുമാനം ധന്യം.
+ എന്നെന്നേക്കും കർത്താവിൻ ബഹുമാനം ധന്യം.

പരിപാവനനേ! സംസ്തുത്യ
ത്രിത്വാത്മകനെ! ദയ ചെയ്തീടണമേ.
പരിപാവനനേ! സംസ്തുത്യ
ത്രിത്വാത്മകനെ! ദയ ചെയ്തീടണമേ.
പരിപാവനനേ! സംസ്തുത്യ ത്രിത്വാത്മകനെ!
കൃപയാൽ ദയ ചെയ്തീടേണമേ.

പരിപാവനനും സ്തുത്യനുമാണെന്നും നീ
പരിപാവനനും സ്തുത്യനുമാണെന്നും നീ
നീ പരിപാവനനെന്നെന്നേക്കും തിരുനാമം ധന്യം.

കർത്താവേ! സ്തോത്രം കർത്താവേ! സ്തോത്രം
നിത്യവുമാശ്രയമേ! സ്തോത്രം. ബാറെക്മോർ.

**നിശ്ചയം**

**ഇന്നു പഠിച്ച ക്രൂബേന്മാരുടെ കൗമ്മാ പ്രാർത്ഥന സന്ധ്യയ്ക്കും പ്രഭാതത്തിലുമുള്ള പ്രാർത്ഥനാ സമയത്ത് ഞങ്ങൾ ശ്രദ്ധയോടെ പ്രാർത്ഥിക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | യെഹ. 3:10-17 |
| തിങ്കൾ | ഉല്പത്തി 3:22-24 | യെഹ. 10:1-11 |
| ചൊവ്വ | വി.ലൂക്കോ. 1:46-55 | യെഹ. 10:12-22 |
| ബുധൻ | വി.ലൂക്കോ. 1:67-79 | യെഹ. 11:1-10 |
| വ്യാഴം | സങ്കീ. 105:1-45 | യെഹ. 11:11-25 |
| വെള്ളി | സങ്കീ. 106:1-48 | സങ്കീ. 118:1-29 |
| ശനി | 1 ശമു. 2:1-11 | സങ്കീ. 103:1-22 |
| ഞായർ | സങ്കീ. 104:1-35 | * |

പാഠം 13

# "ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ..."

**പാഠനോദ്ദേശ്യം:** രാത്രി നമസ്ക്കാരത്തിലെ 'ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ!...' എന്ന പ്രാർത്ഥന ശ്രദ്ധയോടെ പഠിച്ച് പ്രാർത്ഥിക്കുക.

**മനഃപാഠവാക്യം:** "യിസ്രയേലിന്റെ പരിപാലകൻ മയങ്ങുകയില്ല. ഉറങ്ങുകയില്ല." (സങ്കീർത്തനം 121:4)

## ആമുഖം

ഇതുവരെ നാം പഠിച്ച പ്രാർത്ഥനകൾ എല്ലാം സന്ധ്യാനമസ്കാരത്തോടൊപ്പം ചൊല്ലുന്ന പ്രാർത്ഥനകളായിരുന്നു. ഇനിയും നാം പ്രഭാത നമസ്ക്കാരത്തിലെ പ്രാർത്ഥനകൾ പഠിക്കുവാൻ തുടങ്ങുകയാണ്. നിങ്ങൾ എപ്പോഴെങ്കിലും ദൈവാലയത്തിൽ രാത്രി പ്രാർത്ഥനയിൽ സംബന്ധിച്ചിട്ടുണ്ടോ? രാത്രി പ്രാർത്ഥനയുടെ തുടക്കത്തിൽ തന്നെ ദൈവാലയത്തിൽ എത്തിയിരുന്നുവോ. ദിവസവും പ്രഭാതത്തിൽ നിങ്ങൾ ഭവനങ്ങളിൽ ഉള്ള വരെല്ലാം ഒരുമിച്ച് പ്രാർത്ഥിക്കാറുണ്ടോ? രാവിലെയും വൈകിട്ടും കൃത്യമായി ഭവനത്തിലുള്ള എല്ലാവരും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കണം. രാത്രി പ്രാർത്ഥയിലെ പ്രാരംഭ പ്രാർത്ഥനയാണ് 'ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ..." എന്നത്. സാധാരണ നമസ്കാരങ്ങളിൽ രാത്രി പ്രാർത്ഥന പ്രഭാത നമസ്ക്കാരത്തോടൊപ്പം നടത്തുന്നതുകൊണ്ട് കൗമായെ തുടർന്ന് ഈ പ്രാർത്ഥന ചൊല്ലികൊണ്ടാണ് നാം ഭവനത്തിൽ പ്രഭാത നമസ്കാരം നടത്തുന്നത്. ഈ പ്രാർത്ഥനയാണ് നാം ഇന്നു പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

### പ്രാർത്ഥനയുടെ ആദ്യ വാചകം

ഈ പ്രാർത്ഥനയിൽ മൂന്നു വാക്യങ്ങൾ മാത്രമേ ഉള്ളു. മൂന്നു വാക്യങ്ങളും വിഭിന്നങ്ങളായ ഒരോ സംബോധനയോടെയാണ് ആരംഭിക്കുന്നത്. ഒന്നാമത്തെ വാചകം "ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ" എന്നാണ് തുടങ്ങുന്നത്.

> *ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ! നിന്റെ ഉണർവിനെ സ്തോത്രം ചെയ്‌വാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമെ.*

ഉറങ്ങുകയോ ഉറക്കം തൂങ്ങുകയോ ചെയ്യാതെ നമ്മെ സദാ പരിപാലിക്കുന്നവനാണ് ദൈവം. ആ ഉണർവ്വിനെ ആത്മാർത്ഥമായി സ്തുതിക്കണമെങ്കിൽ നാം പാപത്തിൽ നിന്നും

ഒഴിഞ്ഞിരിക്കണം. അതുകൊണ്ട് തെറ്റിലേക്ക് വഴുതിപോകുന്നതായ ഉറക്കത്തിൽ നിന്നും ഞങ്ങളെ ഉണർത്തണമേ എന്നാണ് ആദ്യത്തെ വാചകത്തിൽ കൂടി നാം പ്രാർത്ഥിക്കുന്നത്.

**അല്പം നിർത്താം... ചിന്തിക്കാം**

1. ഈ പ്രാർത്ഥനയുടെ ആദ്യവാക്യം എല്ലാവരും ചേർന്ന് ചൊല്ലുക.
2. ഈ വാക്യത്തിന്റെ അർത്ഥമെന്താണ്?

### പ്രാർത്ഥനയുടെ രണ്ടാമത്തെ വാചകം

രണ്ടാമത്തെ വാചകം തുടങ്ങുന്നത് 'മരണമില്ലാത്ത ജീവനുള്ളവനേ' എന്നാണ്.

*മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായി, മരണവും നാശവുമാകുന്ന ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമെ.*

നമ്മുടെ കർത്താവിനെ മരണമില്ലാത്തവനേ എന്ന് കൗമായിൽ നാം എപ്പോഴും ഏറ്റു പറയുന്നുണ്ട്. ശാരീരിക ഉറക്കത്തിൽ നിന്നും ഉണർത്തണമേ എന്നല്ല നാം പ്രാർത്ഥിക്കുന്നത്, മരണവും നാശവുമാകുന്ന ശാശ്വതമായ ഉറക്കത്തിൽനിന്നും വിടുവിക്കണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. അതായത് നമ്മുടെ പാപങ്ങൾ കാരണം നിന്നെ സ്തുതിക്കുവാൻ കഴിയാത്ത അവസ്ഥയിലേക്ക് ഞങ്ങളെ വിട്ടുകളയരുതേ എന്നർത്ഥം.

### പ്രാർത്ഥനയുടെ മൂന്നാമത്തെ വാചകം

മൂന്നാമത്തെ വാചകം ത്രിത്വത്തെ സംബോധന ചെയ്തുകൊണ്ടുള്ള സ്തുതി വാചകമാണ്. നമ്മുടെ എല്ലാ പ്രാർത്ഥനകളും അവസാനിക്കുന്നത് ത്രിത്വസ്തുതിയോടെയാണ്.

*പിതാവും പുത്രനും പരിശുദ്ധറൂഹായുമേ! സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എപ്പോഴും എന്നേക്കും നിന്നെ സ്തുതിച്ചു വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.*

ആവശ്യങ്ങൾക്കും യാചനകൾക്കും ഉപരിയായി ദൈവത്തെ സ്തുതിച്ചു വാഴ്ത്തുന്നതാണ് നമ്മുടെ ആരാധനാരീതി. സ്വർഗീയ മാലാഖമാരൊടൊന്നിച്ച് എന്നും നിന്നെ സ്തുതിക്കുവാൻ യോഗ്യരാക്കണമേ എന്നാണ് ഇവിടെ നാം പ്രാർത്ഥിക്കുന്നത്. അതായത് ഈ ലോകത്തിൽനിന്നും വാങ്ങിപ്പോയാലും ന്യായവിധി കഴിഞ്ഞാലും നിന്നെ സ്തുതിക്കുവാൻ യോഗ്യരാക്കണമേ എന്നാണ് നാം പ്രാർത്ഥിക്കുന്നത്.

എല്ലാ ദിവസവും പ്രഭാത പ്രാർത്ഥനയിൽ ഈ പ്രാർത്ഥന കുടുംബാംഗങ്ങളോടൊപ്പം പ്രാർത്ഥിക്കുവാൻ ഉത്സാഹം കാണിക്കുമല്ലോ.

## പ്രവർത്തനങ്ങൾ

1. ഉറക്കമില്ലാത്ത ഉണർവുള്ളവനേ .......... എന്ന പ്രാർത്ഥന ടീച്ചറോടൊപ്പം ക്ലാസിൽ ചൊല്ലുക.
2. ഈ പ്രാർത്ഥനയുടെ അർത്ഥം ക്ലാസ്സിൽ പറഞ്ഞു കേൾപ്പിക്കുക.
3. കുടുംബ പ്രാർത്ഥനാ സമയത്ത് ഈ പ്രാർത്ഥന ശ്രദ്ധയോടെ ചൊല്ലുക
4. യോജിക്കുന്നവ ചേർത്ത് വരയ്ക്കുക. (ഒരു ഉത്തരം വരച്ചിരിക്കുന്നു)

| | |
|---|---|
| ഉറക്കമില്ലാത്ത | പരിശുദ്ധ റൂഹായുമായുള്ളോവേ |
| മരണമില്ലാത്ത | ഉണർത്തേണമേ |
| പിതാവും പുത്രനും | ഉണർവ്വുള്ളവനേ |
| മരണവും നാശവുമാകുന്ന ഉറക്കത്തെ | ജീവനുള്ളവനേ |

### നമുക്ക് പാടാം

ഞങ്ങൾക്കുള്ള കർത്താവേ!
ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്
ഉണർവ്വോടെ നിൻ തിരുമുമ്പിൽ
നിൽപാനെനിക്കു നീ നൽകണമേ.

വീണ്ടും ഞാനുറങ്ങുന്നാകിൽ
എനിക്കുള്ള എന്റെയുറക്കം
കർത്താവേ! നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകണമേ.

എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ
നിൻ നന്മയിൽ ഞാൻ പൊറുക്കപ്പെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമെ.

(അല്ലെങ്കിൽ)

കർത്താവേ! കൃപ ചെയ്യണമെ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതി അയച്ചരുളണമേ നിൻ
അറയീന്നലിവുമനുഗ്രഹവും.

നിദ്ര വെടിഞ്ഞിട്ടുണർവ്വൊടു ഞാൻ
നിൻ മുൻ നിൽക്കാറാകണമേ.
വീണ്ടുമുറങ്ങുമതിൽ പാപം
തീണ്ടുകയും ചെയ്യരുതേ ഞാൻ.

അക്രമമുണർവ്വിൽ ചെയ്കിൽ ഞാൻ
പോക്കണമേ നാഥാ! കൃപയാൽ
നിദ്രയിൽ ഞാൻ പാപം ചെയ്തെങ്കിൽ
നിൻ കൃപ മോചനമരുളണമേ.

സന്ധ്യാ നമസ്കാരത്തോടു ചേർന്നുള്ള സുത്താറാ നമസ്ക്കാരത്തിലെ ഒരു ഗീതമാണിത്. ഇതു മുഴുവനായി നമസ്കാര സമയം പാടി ദൈവത്തെ സ്തുതിക്കണം. നാം ഉറങ്ങുവാൻ പോകുന്നതിനുമുമ്പുള്ള പ്രാർത്ഥനയായതിനാൽ ഉറക്കത്തിൽ ദൈവത്തിന്റെ കാവൽ നമുക്ക് ഉണ്ടാകുന്നതിനും ശത്രുവായ സാത്താൻ നമ്മെ ഉപദ്രവിക്കാതിരിക്കുന്നതിനുമായിട്ടാണ് നാം ഈ പ്രാർത്ഥനാ ഗാനം ചൊല്ലുന്നത്. ഈ ഗാനം രചിച്ചത് സഭാകവിയായ മാർ അപ്രേം ആണ്.

**നിശ്ചയം**

**ഞങ്ങൾ ഇന്നു പഠിച്ച ഉറക്കമില്ലാത്ത ഉണർവുള്ളവനേ എന്ന പ്രാർത്ഥന എന്നും ഞങ്ങൾ പ്രഭാത നമസ്കാരസമയം ശ്രദ്ധയോടെ പ്രാർത്ഥിക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 91:1-16 |
| തിങ്കൾ | സങ്കീ. 121:1-8 | വി.യാക്കോബ് 5:13-18 |
| ചൊവ്വ | സങ്കീ. 23:1-6 | 1 തീമോ. 2:1-15 |
| ബുധൻ | സങ്കീ. 25:1-10 | സങ്കീ. 22:1-31 |
| വ്യാഴം | എഫേ. 5:14-21 | യെശ. 26:19-21 |
| വെള്ളി | റോമ. 13:11-14 | 1 തെസ്സ. 5:1-11 |
| ശനി | വി.മർക്കോ. 14:32-42 | യോനാ 1:1-17 |
| ഞായർ | വി.മത്താ. 6:5-15 | * |

## യൂണിറ്റ് മൂന്ന്

# ആരാധനാ ഗീതങ്ങൾ

## പാഠം 14

## ലോകത്തിന്റെ വെളിച്ചമായ യേശു

**പാഠോദ്ദേശ്യം:** വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് മുമ്പ് പാടുന്ന ഗീതം അർത്ഥം മനസ്സിലാക്കി നന്നായി പാടുക.

**മനഃപാഠവാക്യം:** "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു." (വി. യോഹന്നാൻ 8:12)

### ആമുഖം

നിങ്ങൾ ആരാധനയ്ക്ക് കൃത്യസമയത്ത് ദേവാലയത്തിൽ എത്താറുണ്ടോ? കൃത്യമായി എന്നു പറഞ്ഞാൽ ഏതു സമയത്ത് നിങ്ങൾ പള്ളിയിൽ എത്തിച്ചേരും? പ്രഭാത നമസ്കാരം തുടങ്ങുമ്പോൾ തന്നെ പള്ളിയിൽ എത്തിച്ചേരുന്ന എത്രപേരുണ്ട്? കൃത്യസമയത്ത് ആരാധനയിൽ ചേരുന്നവർക്കാണ് അത് ഏറ്റവും അനുഗ്രഹമായിത്തീരുന്നത്. പ്രഭാത നമസ്കാരത്തിനുശേഷം വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്ന സമയത്ത് ആലപിക്കുന്ന ഒരു ഗീതമാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

**വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു**
**വെളിവീയടിയാർ, അഖിലാധാരമതാം - വെളിവും നീ**
**കാന്ത്യാ ഞങ്ങളെ നീ-താതൻ**
**കതിരേ! ശോഭിപ്പിക്കെന്നും.**

ഈ ഗീതത്തിന്റെ അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കാം.

പ്രകാശം നിറഞ്ഞ യേശുവേ നിന്റെ വെളിച്ചത്താൽ ഞങ്ങൾ വെളിച്ചം കാണുന്നു. സകലത്തിന്റെയും അടിസ്ഥാന വെളിച്ചം നീ ആകുന്നു. പിതാവിന്റെ കതിര് ആയുള്ളോവേ നീ ഞങ്ങളെ എന്നും നിന്റെ പ്രകാശത്തിൽ ശോഭിപ്പിക്കണമേ എന്നാണ് ഈ ഗാനത്തിന്റെ അർത്ഥം. ഈ ഗീതം പാടികൊണ്ടാണ് വി. ത്രോണോസ്സിലെ മെഴുകുതിരികൾ കത്തിക്കുന്നത്.

ഇനി നമുക്ക് അടുത്ത വരികൾ നോക്കാം

**വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ! പരിശുദ്ധാ!**
**വേണ്ടാക്കഷ്ടത വീൺചിന്തയുമടിയാരിന്നൊഴിക്ക**
**സൽക്രിയകൾക്കു മനഃശുദ്ധ്യാ**
**സംഗതി വരണേ ഞങ്ങൾക്ക്.**

ഈ വരികളുടെ അർത്ഥം നമുക്ക് നോക്കാം

പ്രകാശ മണ്ഡലത്തിൽ അധിവസിക്കുന്ന പുണ്യനിധിയായ പരിശുദ്ധാ വേണ്ടാത്ത തായ കഷ്ടതയും അശുദ്ധചിന്തകളും ഞങ്ങളിൽ നിന്നും നീക്കികളയണമേ. മനസ്സിന്റെ ശുദ്ധിയോടുകൂടി സൽപ്രവർത്തികൾ ചെയ്യുവാൻ ഞങ്ങൾക്ക് നീ ഇടവരുത്തണമേ.

**ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും**
**അബ്രഹാം തൻ ബലിയും കൈക്കൊണ്ട-കർത്താവേ!**
**നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട് –**
**അൻപാലടിയാരെ കാക്കുക.**

ഹാബേൽ യാഗമായി അർപ്പിച്ച കുഞ്ഞാടിനെയും നോഹ അണച്ച കാഴ്ചയും അബ്ര ഹാമിന്റെ ബലിയും സ്വീകരിച്ചവനായ കർത്താവേ, നിന്റെ ദാസരായ ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും നീ സ്വീകരിച്ച് ഞങ്ങളെ കരുണയോടെ പരിപാലിക്കണമേ എന്നാണ് ഇവിടെ നാം പാടുന്നത്.

ഇനി അടുത്ത വരികൾ നോക്കാം.

**മോചനമതിനായ് പാപികളെ! വരുവിൻ യാചിപ്പിൻ**
**മുട്ടുന്നോർക്ക് തുറന്നിടുമേ നാഥൻ-തൻ വാതിൽ**
**യാചിക്കുന്നോൻ പ്രാപിക്കും**
**അന്വേഷിപ്പോൻ കൈക്കൊള്ളും.**

പാപികളെ വരുവിൻ, പാപമോചനത്തിനായി യാചിക്കുവീൻ. നാഥന്റെ വാതിലിൽ മുട്ടുന്നോർക്ക് അവൻ വാതിൽ തുറന്നു കൊടുക്കും. യാചിക്കുന്നവന് ലഭിക്കും. അന്വേഷിക്കുന്നവൻ കണ്ടെത്തുകയും ചെയ്യും.

വി. കുർബ്ബാനയിലെ സജീവമായ സംബന്ധത്തിനായുള്ള ആഹ്വാനമാണിത്.

ഈ ഗീതത്തിന്റെ അടുത്ത വരികൾകൂടി നമുക്ക് പഠിക്കാം.

**കർത്താവേ! നിൻ രക്തശരീരങ്ങൾ – കൈക്കൊണ്ട്**
**ഭക്തരതായി മരിച്ചോർക്കരുളണമെ – നല്ലോർമ്മ**
**നിന്റെ മഹത്ത്വമുദിക്കും – നാൾ**
**നിൽക്കണമവർ വലഭാഗത്തിൽ.**

വിശുദ്ധ കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിനു മുമ്പ് വാങ്ങിപ്പോയ എല്ലാ വിശ്വാ സികളെയും ഓർക്കുകയും അവർക്കായി ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യുന്ന വരികളാണ് ഇവ.

നാം പ്രാർത്ഥിക്കുകയാണ്, കർത്താവേ നിന്റെ തിരുശരീരവും തിരുരക്തവും അനുഭ വിച്ച് വാങ്ങിപ്പോയവരായ എല്ലാ ഭക്തർക്കും നല്ല ഓർമ്മ നൽകണമെ. നിന്റെ മഹത്വമു ദിക്കുന്ന ദിവസം (മേഘാരൂഢനായി കർത്താവ് രണ്ടാമത് വരുന്ന ദിവസം) അവരെല്ലാവരും നിന്റെ വലതുഭാഗത്ത് നിൽക്കുവാൻ ഇടയാകണമെ.

ഈ വരികൾ വാങ്ങിപ്പോയവരെ ഓർക്കുന്ന അവസരങ്ങളിലെല്ലാം പാടാവുന്ന താണ്. ആരാധനയിൽ ഈ ഭാഗം പാടുമ്പോൾ നമ്മുടെ എല്ലാ വാങ്ങിപ്പോയവരെയും നാം ഓർക്കണം.

## പ്രവർത്തനങ്ങൾ

1. ഈ പാട്ടിന്റെ അർത്ഥം മനസ്സിലാക്കി നന്നായി ക്ലാസ്സിൽ പാടിക്കേൾപ്പിക്കുക.
2. ഹാബേൽ, അബ്രഹാം, നോഹ എന്നിവർ ബലി അർപ്പിച്ച ഭാഗം വിശുദ്ധ വേദപുസ്തകത്തിൽ കണ്ടുപിടിച്ച് വായിക്കുക.
3. വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ഈ ഗീതം അർത്ഥം ധ്യാനിച്ച് പാടുവാൻ ശ്രദ്ധിക്കുക.

## നമുക്ക് പ്രാർത്ഥിക്കാം

ലോകത്തിന്റെ വെളിച്ചമായ യേശുവേ, നിന്നിൽനിന്ന് പ്രകാശം സ്വീകരിച്ച് മറ്റുള്ളവർക്കു പ്രകാശം നൽകുന്നവരായി ഞങ്ങളെ ആക്കിതീർക്കണമേ. അവിടുത്തെ സ്വർഗ്ഗീയ ആരാധനയിൽ ഞങ്ങൾ പ്രാർത്ഥനയോടെ പങ്കെടുക്കുവാനും ഗീതങ്ങളും പ്രതിവാക്യങ്ങളും ഭംഗിയായി ചൊല്ലുവാനും ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ

**നിശ്ചയം**

**വിശുദ്ധ കുർബ്ബാനയിൽ ആലപിക്കുന്ന ഗീതങ്ങൾ അർത്ഥം മനസ്സിലാക്കി ഭംഗിയായി ഞങ്ങൾ പാടും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി.മത്താ. 5:14-16 |
| തിങ്കൾ | വി.മത്താ. 6:22-24 | വി.യോഹ. 8:12-20 |
| ചൊവ്വ | എഫേസ്യ 5:1-14 | ഉല്പ. 4:2-6 |
| ബുധൻ | ഉല്പ. 8:15-22 | ഉല്പ. 22:1-14 |
| വ്യാഴം | വി.മത്താ. 7:7-11 | വി.യോഹ. 6:26-40 |
| വെള്ളി | വി.യോഹ. 6:41-59 | വി.യോഹ. 11:21-33 |
| ശനി | 1 പത്രോ. 1:13-22 | യശയ്യാ 60:1-12 |
| ഞായർ | യശയ്യാ 60:19-22 | * |

## പാഠം 15
# നമുക്ക് ഉണർവ്വുള്ളവരായിരിക്കാം

**പാഠോദ്ദേശ്യം:** "യജമാനൻ വരുമന്നേരത്ത്" എന്ന ഗീതം അർത്ഥം മനസ്സിലാക്കി നന്നായി പാടുക

**മനഃപാഠവാക്യം:** "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ." (വി. മർക്കോസ് 14:38)

### ആമുഖം

നിങ്ങൾ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ നമസ്കാരപുസ്തകം എടുത്ത് പുസ്തകത്തിൽ നോക്കി പാടുകയും പ്രതിവാക്യങ്ങൾ പറയുകയും ചെയ്യാറുണ്ടോ? ഏതൊക്കെ പുതിയനിയമപുസ്തകങ്ങളിൽനിന്നുമാണ് ഏവൻഗേലിയോൻ വായിക്കാറുള്ളത്? ഏവൻഗേലിയോൻ വായനയ്ക്കു ശേഷം ചൊല്ലുന്ന ഏവർക്കും സുപരിചിതമായ ഗീതമാണ് നാം പഠിക്കുന്നത്.

### പാഠഭാഗം

ടീച്ചർ ഈ പാട്ട് പാടിത്തരും ഒരോ വരിയായി എല്ലാവരും ചേർന്ന് ഏറ്റു ചൊല്ലണം.

യജമാനൻ വരുമന്നേര - ത്തുണർവ്വുള്ളോരായ് - തൻ
മുന്തിരിത്തോപ്പിൽ പണിയായി കാണ്മോരോ ധ - ന്യരാം
പകലെല്ലാം തൻ കൂടെ പണിതോർ -
ക്കവനര കെട്ടി പരികർമ്മിച്ചീടും
താതനിരുത്തും മേശയ്ക്കായ് പരികർമ്മിക്കും - സുതൻ;
റൂഹക്കുദിശാ പാറക്കലീത്താ മുടയുന്നോരോ - മുടി
ഹാലേലുയ്യാ - ചൂടും മകുടത്തിൽ.

ദൈവത്തിനുവേണ്ടി വേലചെയ്യുന്ന വിശുദ്ധർക്ക് കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ ലഭിക്കുന്ന സൗഭാഗ്യങ്ങളാണ് ഈ ഗീതത്തിൽ വിവരിക്കുന്നത്.

യജമാനനായ കർത്താവാണ് യേശുക്രിസ്തു. യജമാനൻ വരുന്ന സമയത്ത് തന്റെ മുന്തിരിത്തോട്ടത്തിൽ ഉണർവോടെ വേലചെയ്തുകൊണ്ടിരിക്കുന്ന ദാസർ ഭാഗ്യമുള്ളവരാണ്. പകൽ നേരമെല്ലാം തന്റെ കൂടെ പണി ചെയ്ത അവരെ കർത്താവ് അരകെട്ടി ഉപചരിച്ച് സൽക്കരിക്കും. പിതാവ് അവരെ രാജകീയ വിരുന്നിന് ഇരുത്തും. പുത്രൻ അവർക്ക് ശുശ്രൂഷ ചെയ്യും. പരിശുദ്ധ റൂഹാ കിരീടങ്ങൾ ഉണ്ടാക്കി അവരുടെ തലയിൽ അണിയിക്കും.

വി മർക്കോസ് 13:34-36, വി. മത്തായി 24: 45-47 എന്നീ ഭാഗങ്ങളിൽ കൊടുത്തിരിക്കുന്ന വിശ്വസ്തനായ ദാസന്റെ ഉപമയാണ് ഈ ഗീതത്തിന്റെ ആദ്യഭാഗത്തെ പരാമർശം. കർത്താവിന്റെ രണ്ടാമത്തെ വരവുമായി ബന്ധപ്പെടുത്തിയാണ് ഈ ഉപമ കർത്താവ് പറയുന്നത്. (വേദഭാഗം കണ്ടുപിടിച്ച് കുട്ടികൾ വായിക്കണം).

വിശ്വസ്തതയോടെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ദാസർക്കാണ് യജമാനൻ പാരിതോഷികങ്ങൾ നൽകുന്നത്. യജമാനൻ എപ്പോൾ വരും എന്ന് അറിവില്ലാത്തതിനാൽ എപ്പോഴും വിശ്വസ്തതയോടെ ജോലി ചെയ്തുകൊണ്ടിരിക്കണം എന്നാണ് കർത്താവ് ഈ ഭാഗത്ത് പറയുന്നത്.

### അല്പം നിർത്താം... ചിന്തിക്കാം

1. ഈ ഗീതത്തിൽ 'ധന്യരാണ്' എന്ന് പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ചാണ്?

   ..........................................................................................................................

2. പകലെല്ലാം തന്റെ കൂടെ പണി ചെയ്തവരെ കർത്താവ് എങ്ങനെ സ്വീകരിക്കും?

   ..........................................................................................................................

   ..........................................................................................................................

3. പിതാവും പരിശുദ്ധ റൂഹായും അവർക്ക് എന്തെല്ലാം ചെയ്യും?

   ..........................................................................................................................

അങ്ങനെ വിശ്വസ്തയോടെ ജീവിക്കുന്നവർക്ക് കർത്താവിന്റെ രണ്ടാമത്തെ വരവിൽ ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ചാണ് ഈ പാട്ടിൽ തുടർന്ന് പറയുന്നത്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രീയേകദൈവം നൽകുന്ന അനുഗ്രഹങ്ങൾ കാവ്യാത്മകമായി ചേർത്തിരിക്കുകയാണ് ഈ ഗീതത്തിൽ. പിതാവ് പന്തിക്കിരുത്തും. പുത്രനായ യേശു ശുശ്രൂഷിക്കും. പരിശുദ്ധ റൂഹാ കിരീടം അണിയിക്കും എന്നാണ് പാട്ടിൽ പാടുന്നത്.

ഈ ലോകത്തിൽ ദൈവകല്പനകൾ അനുസരിച്ച് വിശ്വസ്തതയോടെ ജീവിച്ചാൽ പിതാവും പുത്രനും പരിശുദ്ധറൂഹായും നമ്മിൽ സന്തുഷ്ടരായി നമ്മെ അനുഗ്രഹിക്കും എന്നാണ് ഈ പാട്ടിന്റെ സാരം.

### പ്രവർത്തനങ്ങൾ

1. മർക്കോസിന്റെ സുവിശേഷം 13-ാം അദ്ധ്യായവും വി. മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യയവും വായിച്ച് കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് മനസ്സിലാക്കുക.
2. ഈ ഗീതത്തിൽ യജമാനൻ എന്നു പറയുന്നത് ആര്?
3. 'പകലെല്ലാം' എന്ന പ്രയോഗം നമ്മുടെ ജീവിതത്തിലെ ഏതു കാലഘട്ടത്തെയാണ് ഉദ്ദേശിക്കുന്നത്.
4. ഈ ഗീതം അർത്ഥം മനസ്സിലാക്കി എല്ലാവരും ഒരുമിച്ച് പാടുക.

## നമുക്ക് പ്രാർത്ഥിക്കാം

കാരുണ്യവാനായ കർത്താവേ, അങ്ങേയ്ക്കുവേണ്ടി ഉണർന്ന് പ്രവർത്തിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ ആയുസ്സിന്റെ നാളുകൾ മുഴുവൻ നിന്നെ സ്തുതിക്കുവാനും നിന്റെ ഇഷ്ടം പ്രവർത്തിക്കുവാനും ഞങ്ങൾക്ക് ഇടയാക്കേണമേ. ആമ്മീൻ.

### നിശ്ചയം

**ഞങ്ങൾ ഇന്നു പഠിച്ച "യജമാനൻ വരുമന്നേരത്ത്" എന്ന ഗാനം അർത്ഥം മനസ്സിലാക്കി ശ്രദ്ധയോടെ വിശുദ്ധ കുർബ്ബാനയിൽ ആലപിക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി. മർക്കോ. 13:32-37 |
| തിങ്കൾ | വി.ലൂക്കോ. 12:35-40 | 1 തെസ്സ. 5:1-11 |
| ചൊവ്വ | 1 പത്രോ. 1:13-25 | 1 പത്രോ. 2:1-10 |
| ബുധൻ | വി.മത്താ. 24:43-51 | വി.മത്താ. 25:1-13 |
| വ്യാഴം | വി.മത്താ. 25:14-30 | വി.മത്താ. 24:32-42 |
| വെള്ളി | വി.മത്താ. 26:36-46 | വി.ലൂക്കോ. 19:11-27 |
| ശനി | വി.മർക്കോ. 13:24-27 | അ.പ്ര. 2:14-42 |
| ഞായർ | 2 പത്രോ. 3:511-18 | * |

## യൂണിറ്റ് നാല്
# എന്റെ പള്ളി

## പാഠം 16
# മാമോദീസാത്തൊട്ടി

**മുഖ്യസന്ദേശം:** കർത്താവിന്റെ മണവാട്ടിയായ പരിശുദ്ധ സഭയിലേക്കുള്ള പ്രവേശനം വിശുദ്ധ മാമോദീസായിലൂടെ അല്ലെങ്കിൽ വീണ്ടും ജനനത്തിലൂടെ സംഭവിക്കുന്നു. ആയതിനാൽ മാമോദീസാത്തൊട്ടി സഭാമാതാവിന്റെ ഗർഭപാത്രം എന്ന് വ്യാഖ്യാനിക്കപ്പെടുന്നു.

**മനഃപാഠവാക്യം:** "വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല." (വി. യോഹന്നാൻ 3:5).

**പഠനസഹായികൾ:** 1. മാമോദീസാത്തൊട്ടിയുടെ ഒരു ചിത്രം 2. മാമോദീസാ ശുശ്രൂഷയുടെ ഒരു ഫോട്ടോ, 3. വിശുദ്ധ കൂദാശക്രമം

### ആമുഖം

നിങ്ങൾ നിങ്ങളുടെ ദേവാലയത്തിലുള്ള മാമോദീസാത്തൊട്ടി കണ്ടിട്ടുണ്ടല്ലോ അല്ലേ. ഇത് എന്തിന് ഉപയോഗിക്കുന്നു എന്നറിയാമോ? കുഞ്ഞുങ്ങളെ മാമോദീസാ മുക്കുന്നതിനാണ്. കുഞ്ഞുങ്ങളെ മാമോദീസാ മുക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? നിങ്ങളെയും കുഞ്ഞായിരുന്നപ്പോൾ മാമോദീസാ മുക്കിയതാണ്. ഈ മാമോദീസാത്തൊട്ടിയുടെ പ്രത്യേകതകളാണ് ഇന്ന് നമ്മൾ പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

ക്രൈസ്തവ പാരമ്പര്യത്തിൽ ശിശുക്കളെ മാമോദീസാ മുക്കുന്നതിന് ഉപയോഗിക്കുന്ന കൽത്തൊട്ടിയാണു മാമോദീസാത്തൊട്ടി. ആദിമകാലത്ത് ദൈവാലയത്തോട് ചേർന്ന് ചെറിയ കുളങ്ങൾ ക്രമീകരിച്ചു (baptismal font). പിന്നീട് ചെറിയ തൊട്ടികൾ നിലവിൽ വന്നു. എ.ഡി. നാലാം നൂറ്റാണ്ടോടുകൂടി ശിശുക്കളെ മാമോദീസാത്തൊട്ടിയിൽ സ്നാനം നടത്തുന്ന പാരമ്പര്യം സാർവ്വത്രികമായി പ്രചാരത്തിൽ വന്നു. ശിശുസ്നാനം ആദിമസഭയിൽ തന്നെ നിലനിന്നിരുന്ന പാരമ്പര്യമാകയാൽ മാമോദീസാത്തൊട്ടി സഭാപാരമ്പര്യത്തിന്റെ ഭാഗമായിത്തീർന്നു. പുരാതന ദൈവാലയങ്ങളിൽ മാമോദീസാത്തൊട്ടി പള്ളിയോട്

ചേർന്ന് ഉണ്ടായിരുന്നത് ആദിമസഭയിൽ ശിശുസ്നാനം നിലവിലുണ്ടായിരുന്നു എന്നതിന്റെ തെളിവായി കരുതാം.

ഓർത്തഡോക്സ് ക്രിസ്ത്യാനികളായ മാതാപിതാക്കന്മാർക്ക് ജനിക്കുന്ന കുഞ്ഞുങ്ങളെ ശൈശവത്തിൽത്തന്നെ മാമോദീസാമുക്കി സഭയോടു ചേർക്കുന്ന പാരമ്പര്യമാണു നമ്മുടെ സഭയിൽ ഇന്നു നിലവിലുള്ളത്. മറ്റു മതവിശ്വാസത്തിൽ നിന്നു ഓർത്തഡോക്സ് ക്രിസ്തീയ വിശ്വാസത്തിലേക്ക് ആരെങ്കിലും ചേർന്നാൽ അവർക്ക് ആവശ്യമായ വിശ്വാസ പ്രബോധനം നൽകി മാമോദീസായിലൂടെ സഭയിലേക്ക് പ്രവേശനം നൽകുന്നു. ശിശുസ്നാനത്തിനും മുതിർന്നവരുടെ സ്നാനത്തിനും മാമോദീസാത്തൊട്ടി അനിവാര്യമാണ്. മുതിർന്നവർക്ക് സ്നാനം നൽകുമ്പോൾ അവർ മാമോദീസാ തൊട്ടിയുടെ മുമ്പിൽ തല കുനിച്ചു നൽക്കണം. കാർമ്മികൻ വാഴ്ത്തിയ വെള്ളം അവരുടെ തലയിൽ തളിച്ച് മാമോദീസാ നൽകുന്നു.

### അല്പം നിർത്താം... ചിന്തിക്കാം

1. മാമോദീസാത്തൊട്ടി എന്നാൽ എന്ത്?

   ......................................................................................................................................

   ......................................................................................................................................

2. മാമോദീസാത്തൊട്ടി സഭാപാരമ്പര്യത്തിന്റെ ഭാഗമായിത്തീർന്നതെങ്ങനെ?

   ......................................................................................................................................

   ......................................................................................................................................

3. പുരാതനകാലം മുതൽ ശിശുസ്നാനം ഉണ്ടായിരുന്നു എന്നതിന്റെ തെളിവ് എന്ത്?

   ......................................................................................................................................

   ......................................................................................................................................

യഹൂദന്മാർക്കിടയിലെ ആചാരപരമായ സ്നാനങ്ങൾ ഒഴുകുന്ന വെള്ളത്തിലോ ശുദ്ധമായ നിശ്ചല വെള്ളത്തിലോ നടത്തിയിരുന്നു. യോഹന്നാൻ മാംദാന കർത്താവിനു യോർദ്ദാൻ നദിയിൽ വച്ചാണ് മാമോദീസാ നൽകിയത്. പൗരസ്ത്യസഭയുടെ പുരാതന പാരമ്പര്യമനുസരിച്ച് മാമോദീസായ്ക്കുവേണ്ടി ഹൈക്ക്ലാ (ദേവാലയത്തിൽ ജനങ്ങൾ നിൽക്കുന്ന സ്ഥലം) യുടെ തെക്കുവശത്തായി പ്രത്യേകം മുറി ക്രമീകരിച്ചിരുന്നു. അതിനു 'ബാപ്റ്റിസ്റ്ററി' (Baptistery) എന്നാണു അറിയപ്പെട്ടിരുന്നത്. മാമോദീസാ മുക്കത്തക്കവണ്ണം വലിപ്പമുള്ള ടാങ്ക് ഈ മുറിയുടെ നടുക്ക് സ്ഥാപിച്ചിരുന്നു. ആദിമകാലത്ത് ധാരാളം ആളുകൾ മറ്റു മതത്തിൽനിന്നു ക്രിസ്തുവിന്റെ സുവിശേഷത്തിൽ ആകൃഷ്ടരായി മാമോദീസാ ഏറ്റിരുന്നു. സാധാരണ ഹൈക്കലായുടെ കിഴക്കുഭാഗത്ത് തെക്കേഭിത്തിയുടെ അരികിലാണു മാമോദീസാത്തൊട്ടി സ്ഥിതി ചെയ്യുന്നത്. മാമോദീസായിലൂടെ ഓരോ വ്യക്തിയും വീണ്ടും ജനിക്കുകയും ദൈവമക്കളായും യേശുക്രിസ്തുവിന്റെ സഹോദരൻ/സഹോദരി ആയിത്തീരുകയും ചെയ്യുന്നു.

**മാമോദീസാത്തൊട്ടിയെപ്പറ്റി സഭാപിതാക്കന്മാരുടെ വ്യാഖ്യാനം**

മാമോദീസാ വഴിയായി വീണ്ടും ജനനം ലഭിക്കുന്നതുകൊണ്ട് മാമോദീസാത്തൊട്ടിയെ സഭാമാതാവിന്റെ ഗർഭപാത്രം എന്ന് വിശേഷിപ്പിക്കുന്നു.

മാമോദീസാ വഴിയായി സ്നാനാർത്ഥി യേശുക്രിസ്തുവിന്റെ സഹോദരൻ/സഹോദരി ആയിത്തീരുന്നതുകൊണ്ട് മാമോദീസാത്തൊട്ടി കന്യക മറിയാമിന്റെ പ്രതീകമാണ്. (മാമോദീസാ ക്രമത്തിൽ കിരീടം നീക്കുമ്പോഴത്തെ പ്രാർത്ഥന നോക്കുക)

മാമോദീസായിലൂടെ ഒരു വിശ്വാസി കർത്താവിന്റെ മരണത്തിലും പുനരുത്ഥാന ത്തിലും പങ്കാളിയാകുന്നതുകൊണ്ട് (റോമർ 6 : 3, 4) മാമോദീസാത്തൊട്ടി കർത്താവിന്റെ കബറിടത്തിന്റെ പ്രതീകമായും കരുതാം.

**നമുക്ക് ചിന്തിക്കാം**

1. പുരാതന പള്ളികളിൽ മാമോദീസാത്തൊട്ടി ഉണ്ടായിരുന്നത് എന്തിന്റെ തെളിവാണ്?

   ..........................................................................................................................

2. മാമോദീസാത്തൊട്ടിയെ സഭാമാതാവിന്റെ ഗർഭപാത്രമെന്ന് വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

   ..........................................................................................................................

3. മാമോദീസാത്തൊട്ടി കന്യകമറിയാമിന്റെ പ്രതീകമാണെന്ന് പറയുന്നതെന്തുകൊണ്ട്?

   ..........................................................................................................................

4. മാമോദീസാത്തൊട്ടി കർത്താവിന്റെ കബറിന്റെ പ്രതീകമാണെന്ന് പറയുന്നതെന്തുകൊണ്ട്?

   ..........................................................................................................................

**പ്രവർത്തനങ്ങൾ**

1. നിങ്ങളുടെ പള്ളിയിൽ നടക്കുന്ന ഒരു മാമോദീസാ ശ്രദ്ധയോടെ നിരീക്ഷിച്ച് മനസ്സിലാക്കുക.
2. വെള്ളം ശുദ്ധീകരണ ശുശ്രൂഷാസമയത്ത് പ്രധാന കാർമ്മികൻ ഏത് ദിശയിലേക്ക് തിരിഞ്ഞു നിന്നു നിർവ്വഹിക്കുന്നുവെന്ന് കണ്ടെത്തുക.
3. കാർമ്മികൻ മാമോദീസാത്തൊട്ടിയുടെ കിഴക്കുഭാഗത്തു പടിഞ്ഞാറോട്ട് തിരിഞ്ഞു നിന്നുകൊണ്ട് ചെയ്യുന്നതെന്ത് എന്ന് കണ്ടുപിടിക്കുക.
4. മാമോദീസാത്തൊട്ടി കാണുമ്പോൾ നമ്മുടെ മനസ്സിൽ വരുന്ന ചിന്തകൾ കുറിച്ചിടുക.
5. കുട്ടികൾ എല്ലാവരും അവരവരുടെ മാമോദീസായെപ്പറ്റിയുള്ള വിവരങ്ങൾ പള്ളിയിലെ മാമോദീസാ രജിസ്റ്റർ നോക്കി കണ്ടുപിടിക്കുക. (*ഉദാ.* പേര്, കാർമ്മികൻ, തീയതി, സമയം, തലതൊട്ടപ്പൻ/അമ്മ...)

## നമുക്ക് പാടാം

പറുദീസയിലാദാം രുചിനോക്കാത്ത ഫലം
സാമോദം വയ്ക്കുന്നീനാൾ നിൻ വായിൽ.
സ്നാനത്തിൻ ശിശുവേ! സശുഭം പോവുക നീ
നതി ചെയ്യുക നിന്നെ കാക്കും സ്ലീബായേ.
ജനകാ സംസ്തുതിതേ തനയാ സ്തോത്രം - തേ
വിമലാത്മാവേ! തേ നതിയും കീർത്തനവും.
(സ്നാനാർത്ഥിക്ക് വിശുദ്ധ കുർബാന കൊടുക്കകുമ്പോഴുള്ള ഗീതം)

## നമുക്ക് പ്രാർത്ഥിക്കാം

മാമോദീസായിലൂടെ യേശുക്രിസ്തുവിന്റെ സഹോദരതുല്യമായ പദവിയിലേക്ക് എന്നെ വിളിച്ചു ചേർത്ത ദൈവത്തിന് സ്തുതി. വിശുദ്ധ മാമോദീസായുടെ നൽവരങ്ങൾ ഞങ്ങളിൽ നിത്യം പുതുതാക്കേണമെ. ആമ്മീൻ



*വിശുദ്ധ മാമോദീസ*

**നിശ്ചയം**

**മാമോദീസാത്തൊട്ടിയിലെ വിശുദ്ധ മാമോദീസായിലൂടെ ഞങ്ങൾ വീണ്ടും ജനിച്ചവരാണെന്ന സത്യം എപ്പോഴും ഞങ്ങൾ ഓർക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി.യോഹ. 4:23–26 |
| തിങ്കൾ | സംഖ്യ 20:1–6 | വി.യോഹ. 4:3–7 |
| ചൊവ്വ | സംഖ്യ 20:2–11 | വി.യോഹ. 3:16–21 |
| ബുധൻ | സംഖ്യ 20:12–13 | സങ്കീ. 32:1–4 |
| വ്യാഴം | സംഖ്യ 20:14–21 | സങ്കീ. 32:1–4 |
| വെള്ളി | യെശ. 12:1–3 | സങ്കീ. 32:8–9 |
| ശനി | യെശ. 12:4–6 | സങ്കീ. 32:10–11 |

## പാഠം 17

# ധൂപക്കുറ്റി

**മുഖ്യസന്ദേശം:** പൗരസ്ത്യ ആരാധനയുടെ അവിഭാജ്യഘടകമാണ് ധൂപാർപ്പണം. യാമപ്രാർത്ഥനകളിലും വിശുദ്ധ കുർബ്ബാനയിലും ഇതര കുദാശാനുഷ്ഠാനങ്ങളിലും ധൂപാർപ്പണം നടത്തുന്നു. ധൂപാർപ്പണത്തിൽനിന്ന് ഉയരുന്ന സുഗന്ധം ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമാണ്.

**മനഃപാഠവാക്യം:** "എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നത് സന്ധ്യായാഗമായും തീരട്ടെ." (സങ്കീർത്തനം 141:2)

**പഠനസഹായികൾ:** 1) ഒരു ധൂപക്കുറ്റി, 2) കുന്തിരിക്ക പാത്രം കുന്തിരിക്കത്തോടൊപ്പം, 3) കരി.

### ആമുഖം

നിങ്ങൾ ധൂപക്കുറ്റി കണ്ടിട്ടുണ്ടല്ലോ. ഒരു ധൂപക്കുറ്റി ക്ലാസ്സിൽ കുട്ടികൾക്ക് കാണുവാൻ ടീച്ചർ അവസരം ഒരുക്കണം. (ഇതിനായി വികാരിയച്ചന്റെ അനുവാദത്തോടെ ശുശ്രൂഷകന്റെ സഹായം തേടാവുന്നതാണ്). ധൂപക്കുറ്റിയുടെ വിവിധ ഭാഗങ്ങളെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും നമുക്ക് ഇന്ന് പഠിക്കാം.

### പാഠഭാഗം

ധൂപക്കുറ്റിയുടെ വിവിധ ഭാഗങ്ങൾ ശ്രദ്ധിച്ച് നോക്കിയിട്ട് ഓരോഭാഗത്തെക്കുറിച്ചും മനസ്സിലാക്കുക.

ഈ ധൂപക്കുറ്റിയിൽ നിങ്ങൾ എന്തെല്ലാം കാണുന്നു എന്നു പറയാമോ? രണ്ടു തട്ടുകൾ, ചങ്ങലകൾ, മണികൾ, കരി, കുന്തിരിക്കം.

ഇവയോരോന്നും എന്തിനെ സൂചിപ്പിക്കുന്നു എന്ന് നിങ്ങൾക്കറിയേണ്ടേ? ധൂപക്കുറ്റിയിൽ രണ്ട് തട്ടുകളുണ്ടല്ലോ. അവ എന്തിനെ കുറിക്കുന്നു? ധൂപക്കുറ്റിയിൽ കരിയിടുന്നതിനു ഒരു തട്ടും, ഒരു മുകൾതട്ടും, ഇതു രണ്ടും കൂടി ബന്ധിപ്പിച്ചുകൊണ്ട് നാലു ചങ്ങലകളും, ഒരു കൈപിടിയും ഉണ്ട്. ധൂപക്കുറ്റി പ്രപഞ്ചത്തെ സൂചിപ്പിക്കുന്നു. അതുകൊണ്ടാണു രണ്ടു തട്ടുകളിൽ ക്രമീകരിച്ചിരിക്കുന്നത്. മുകൾ തട്ട് സ്വർഗ്ഗത്തെയും കീഴ്ത്തട്ട് ഭൂമിയെയും സൂചിപ്പിക്കുന്നു.

കരി എന്തിനെ സൂചിപ്പിക്കുന്നു? ധൂപക്കുറ്റിയിലുള്ള കരി പാപം നിറഞ്ഞ മനുഷ്യവർഗ്ഗത്തെ സൂചിപ്പിക്കുന്നു.

അപ്പോൾ തീയോ? ധൂപക്കുറ്റിയിലെ തീയിൽ കുന്തുരുക്കം ഇടുന്നത് കണ്ടിട്ടുണ്ടല്ലോ? അപ്പോഴാണ് സുഗന്ധപുക ഉയരുന്നത്. കീഴ്ത്തട്ടാകുന്ന ഭൂമിയിൽനിന്ന് ഈ സുഗന്ധം ഉയർന്നുപോകുന്നത് എവിടേക്കാണ്? മുകൾത്തട്ടിലേക്ക് അതായത്, സ്വർഗ്ഗത്തിലേക്ക്.

പാപികളായ മനുഷ്യർ മനസ്സു തിരിഞ്ഞ് നന്മപ്രവൃത്തികൾ ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് അവരിൽ ആവസിക്കുന്നു. അങ്ങനെയുള്ളവരുടെ ജീവിതവും പ്രാർത്ഥനയുമാണ് സുഗന്ധ ധൂപമായി സ്വർഗ്ഗത്തിലേക്കുയരുന്നത്.

ഈ ധൂപക്കുറ്റിയിൽ എത്ര ചങ്ങലകളുണ്ട്? ധൂപക്കുറ്റിയിൽ നാലു ചങ്ങലകളുണ്ട്. നാലു ചങ്ങലകൾ ഭൂമിയുടെ നാലു ദിശകളെ സൂചിപ്പിക്കുന്നു. കൂടാതെ വി. ത്രിത്വത്തെയും സൂചിപ്പിക്കുന്നു. ഒന്നാമത്തെ ചങ്ങല പിതാവാം ദൈവത്തെയും രണ്ടും മൂന്നും ചങ്ങലകൾ മനുഷ്യത്വവും ദൈവത്വവും ചേർന്ന പുത്രനായ ദൈവത്തെയും നാലാമത്തേത് പരിശുദ്ധാത്മാവാം ദൈവത്തെയും സൂചിപ്പിക്കുന്നു.

ചങ്ങലയിലുള്ള മണികൾ ശബ്ദം കേൾപ്പിക്കുവാനാണോ? ശബ്ദം കേൾപ്പിക്കുവാൻ മാത്രമല്ല, ചങ്ങലയിലെ പന്ത്രണ്ടു മണികൾ പന്ത്രണ്ടു ശ്ലീഹന്മാരെയും സഭയിൽ മുഴങ്ങുന്ന അപ്പോസ്തോലിക ഉപദേശങ്ങളെയും ഓർമ്മിപ്പിക്കുന്നു. ഓരോ ചങ്ങലയും എഴുപത്തിരണ്ട് കണ്ണികൾ വീതമുണ്ട്. ഇത് എഴുപത്തിരണ്ട് അറിയിപ്പുകാരെ സൂചിപ്പിക്കുന്നു.

പുരാതന കാലം മുതൽതന്നെ ധൂപം വീശുന്ന രീതിയുണ്ടായിരുന്നു. യഹൂദ ആരാധനയിൽ ധൂപാർപ്പണത്തിന് പ്രധാനപ്പെട്ട ഒരു സ്ഥാനം ഉണ്ടായിരുന്നു. വി. വേദപുസ്തകത്തിൽ പ്രാർത്ഥനയോടുചേർന്ന് ധൂപം അർപ്പിച്ചതായി സൂചിപ്പിക്കുന്നു. കൂടാതെ, യരുശലേം ദൈവാലയത്തിലും, സുഗന്ധ വസ്തുക്കൾകൊണ്ട് ധൂപം അർപ്പിക്കുന്ന രീതി ഉണ്ടായിരുന്നു.

## നമുക്കു ചിന്തിക്കാം

1. ധൂപാർപ്പണം ക്രിസ്തീയ പാരമ്പര്യത്തിൽ എങ്ങനെ ഉത്ഭവിച്ചു?

   ......................................................................................................................

2. ധൂപക്കുറ്റിയെന്ന ഉപകരണത്തിന്റെ ഘടന വ്യക്തമാക്കുക.

   ......................................................................................................................

3. ധൂപക്കുറ്റി എന്തിനെ സൂചിപ്പിക്കുന്നു?

   ......................................................................................................................

4. ധൂപക്കുറ്റിയുടെ രണ്ടു തട്ടുകൾ എന്തിന്റെ ദൃഷ്ടാന്തമാണ്?

   ......................................................................................................................

5. കരിയും തീയും എന്തിനെ സൂചിപ്പിക്കുന്നു?

   ......................................................................................................................

6. ധൂപക്കുറ്റിയിൽ എത്ര ചങ്ങലകൾ ഉണ്ട്? അർത്ഥം എന്ത്?

   ......................................................................................................................

7. പന്ത്രണ്ടു മണികൾ എന്തിനെ സൂചിപ്പിക്കുന്നു?

   ......................................................................................................................

## നമുക്ക് പ്രവർത്തിക്കാം

1. വി. ആരാധനയിൽ ധൂപം അർപ്പിക്കുന്ന സമയത്ത് ഭക്തിയോടെ വണങ്ങി കുരിശുവരയ്ക്കണം.

2. ധൂപക്കുറ്റിയുടെ ഒരു ചിത്രം വരയ്ക്കുക.

3. ധൂപക്കുറ്റിയെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ചോദിച്ചറിയുക.

## നമുക്കു പാടാം

ഞാനാരാണെന്നറിയാമോ? പറയാമോ?
എനിക്കു തട്ടുകൾ രണ്ടുണ്ട്.
തട്ടുകളൊന്നിൽ തീയുണ്ട്. കുന്തുരുക്ക പുകയുണ്ട്.
സ്വർഗ്ഗം എന്നുടെ മേൽത്തട്ട്, ഭൂമിയത്രേ കീഴ്ത്തട്ട്
കരി ഭൂമിയിലെ പാപികളും, കുന്തുരുക്കം നന്മകളും
ത്രിത്വം നാല് ചങ്ങലയും, കണ്ണികളോരോന്നറിയിപ്പുകാർ
ചങ്ങലയിൽ മണി പന്ത്രണ്ട്, പന്ത്രണ്ടപ്പോസ്തോലന്മാർ. (ഞാനാരാണെ.....)

## നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങൾക്കുവേണ്ടി കുരിശിൽ ബലിയായി തീർന്ന യേശുമിശിഹാ! ഞങ്ങൾ തന്നെ നിനക്ക് സുഗന്ധ ധൂപമായി തീരുമാറാകണമെ. ആമ്മീൻ.

**നിശ്ചയം**

**വിശുദ്ധ ആരാധനയിൽ ഭക്തിപൂർവ്വം ഞങ്ങൾ പങ്കെടുക്കും.**
**ധൂപാർപ്പണസമയത്ത് ഭയഭക്തിയോടെ വണങ്ങി കുരിശുവരയ്ക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വെളിപ്പാട് 8:1-5 |
| തിങ്കൾ | പുറ. 30:1-7 | സങ്കീ. 111:1-7 |
| ചൊവ്വ | പുറ. 30:34-38 | സങ്കീ. 112:1-4 |
| ബുധൻ | ലേവ്യ 10:-2 | സങ്കീ. 95:1-6 |
| വ്യാഴം | സംഖ്യ 16:1-5 | സങ്കീ. 98:1-4 |
| വെള്ളി | സംഖ്യ 16:6-11 | സങ്കീ. 24:1-6 |
| ശനി | 2 ദിന. 26:16-21 | സങ്കീ. 24:7-10 |
| ഞായർ | വെളിപ്പാട് 5:7-14 | * |

## യൂണിറ്റ് അഞ്ച്

# വിശുദ്ധ കുർബ്ബാന: ഒരു പഠനം

## പാഠം 18

## വിശുദ്ധ കുർബ്ബാന: അർത്ഥവും പ്രാധാന്യവും

**പഠനോദ്ദേശ്യം**: വിശുദ്ധ കുർബ്ബാനയുടെ അർത്ഥവും പ്രാധാന്യവും ഗ്രഹിക്കുക.

**മനഃപാഠവാക്യം**: "യേശു പിന്നെ അപ്പം എടുത്ത് വാഴ്ത്തി നുറുക്കി അവർക്ക് കൊടുത്തു ഇതു നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്വിൻ." (വി. ലൂക്കോസ് 22:19)

**പഠനസഹായി**: അന്ത്യഅത്താഴത്തിന്റെ ഐക്കൺ കാണിക്കുക.

### ആമുഖം

ഓർത്തഡോക്സ് സഭയുടെ ആരാധനകളിൽ ഏറ്റവും പ്രാധാന്യമുള്ളത് വി. കുർബ്ബാനയ്ക്കാണ്. നമ്മുടെ രക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപമാണ് വി. കുർബ്ബാനയിലൂടെ വിശ്വാസികൾ മനസ്സിലാക്കുന്നത്. ആയതിനാൽ വി. കുർബ്ബാന എന്താണെന്നും അതിൽ അർത്ഥവത്തായി പങ്കെടുക്കെന്നതെങ്ങനെയെന്നും കുട്ടികളായ നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ആമുഖമായി ചില ചർച്ചകൾ നമുക്ക് ഈ ക്ലാസിൽ നടത്താം.

### പാഠഭാഗം

'കുർബ്ബാന' എന്നത് ഒരു സുറിയാനി വാക്കാണ്. 'കാറേബ്' എന്ന സുറിയാനി ധാതുവിൽനിന്നാണ് ഈ വാക്ക് ഉത്ഭവിച്ചത്. കാറേബ് എന്നു പറഞ്ഞാൽ 'ബലിയർപ്പിക്കുക' എന്നും കൂറോബോ എന്നു പറഞ്ഞാൽ 'ബലി' അഥവാ 'കാഴ്ച' എന്നുമാണർത്ഥം. എബ്രായ ഭാഷയിൽ കൊർബ്ബാൻ എന്ന ഒരു പദമുണ്ട്. ഇതിന് 'കാഴ്ച' എന്നാണർത്ഥം. സുറിയായിലെ കുർബ്ബാനോ എന്ന പദം മലയാള ഭാഷയിലേക്ക് കടമെടുത്തുപയോഗിച്ചാണ് കുർബ്ബാന എന്നു പറയുന്നത്. ഇതിന് 'കാഴ്ച', 'ബലി സമർപ്പണം' എന്നീ അർത്ഥങ്ങൾ നൽകാവുന്നതാണ്. ദൈവത്തിന്റെ മുമ്പിൽ കാർഷിക വിഭങ്ങളും മൃഗസമ്പത്തും മക്കളെയും സമർപ്പിച്ചവരുടെ കഥകൾ വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ. (*ഉദാ.* അബ്രാമിന്റെ ബലി (ഉൽപത്തി 22), യിപ്താഹ് (ന്യായാധിപന്മാർ 11:29-40)

വി. കുർബ്ബാനയ്ക്ക് ഇംഗ്ലീഷിൽ എന്താണ് പറയുന്നത്. ഓർത്തഡോക്സ് സഭകളിൽ രണ്ട് ഇംഗ്ലീഷ് പദങ്ങൾ വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കാറുണ്ട്.

ഒന്നാമത്തെ ഇംഗ്ലീഷ് വാക്ക് Liturgy എന്നതാണ്. പൊതു ആരാധന (public worship) എന്നർത്ഥമുള്ള leitourgia എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് Liturgy എന്ന പദം ഉണ്ടായത്. പൗരസ്ത്യ സഭകളിൽ വിശുദ്ധ കുർബാനയെ 'The Holy Liturgy' എന്നു വിളിക്കുന്നു. കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന മറ്റൊരു വാക്കാണ് 'The Eucharist' എന്നുള്ളത്. ഇത് ഏവുക്കാറസ്തിയ (eucharistia) എന്ന ഗ്രീക്ക് പദത്തിൽനിന്നും വന്നതാണ്. 'സ്തോത്രാർപ്പണം' (Thanks giving) എന്നാണ് ഈ വാക്കിന്റെ അർത്ഥം.

റോമൻ കത്തോലിക്കാ സഭയിൽ വി. കുർബാനയ്ക്ക് Holy Mass എന്ന പദം ഉപയോഗിക്കാറുണ്ട്. Missa എന്ന ലാറ്റിൻ പദത്തിൽനിന്നാണ് Mass എന്ന പദം ഉണ്ടായത്. വചനശുശ്രൂഷ കഴിഞ്ഞ് വിശ്വാസികൾക്ക് മാത്രം പങ്കെടുക്കാവുന്ന ഭാഗം വരുമ്പോൾ അല്ലാത്തവർ പിരിഞ്ഞുപോവുക എന്നതിനായി ലാറ്റിനിൽ 'മിസ്സാ എസ്ത്' (missa est) എന്നു പറയുന്നു. അതാണ് പിൽക്കാലത്ത് മാസ് എന്ന രീതിയിൽ ഉപയോഗത്തിലായത്.

## യേശുക്രിസ്തു: വിശുദ്ധ കുർബ്ബാനയുടെ സ്ഥാപകൻ

തിരുവത്താഴം (Last Supper) എന്ന പദം നിങ്ങൾ കേട്ടിട്ടുണ്ടാകും. യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ അവസാനം നടന്ന ഒരു സംഭവമാണിത്. പരമ്പരാഗതമായ രീതിയിൽ പെസഹാ പെരുനാൾ ആഘോഷിക്കുമ്പോൾ യേശുവും ശിഷ്യന്മാരും ഒരുമിച്ചുകൂടിയ കാര്യം നാം സുവിശേഷങ്ങളിൽ വായിക്കുന്നുണ്ട്. പെസഹാ കുഞ്ഞാടിനെ അറക്കുന്ന പെരുനാളിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം ദിവസം യേശു ശിഷ്യന്മാരെ അയച്ച് വിരിച്ചൊരുക്കിയ ഒരു വലിയ മാളിക തയ്യാറാക്കുവാൻ കൽപ്പിച്ചു. (വി.മർക്കോ. 14:12-16) അത്താഴം കഴിച്ചുകൊണ്ടിരുന്നപ്പോൾ യേശു അപ്പം എടുത്ത് വാഴ്ത്തി നുറുക്കി അവർക്ക് കൊടുത്ത് കൊണ്ട് വാങ്ങുവിൻ, ഇതെന്റെ ശരീരം എന്നും പാനപാത്രം കൊടുത്തുകൊണ്ട് ഇത് അനേകർക്കുവേണ്ടി ചൊരിയുന്നതിനായി പുതിയനിയമത്തിനുള്ള എന്റെ രക്തം എന്നും അരുളി ചെയ്തു. (വി.മർക്കോ. 14:22-25)

ശിഷ്യന്മാർ ഇതു തുടർന്ന് ചെയ്യുവാൻ താൻ കല്പിക്കുകയും അതു ചെയ്യുമ്പോഴൊക്കെയും കർത്താവിന്റെ മരണത്തെ ഓർക്കണമെന്നും അത് തന്റെ രണ്ടാമത്തെ വരവു വരെ തുടരണമെന്നും യേശു കൽപ്പിച്ചു. (1 കൊരി. 11:26) ഈ കല്പന സ്വീകരിച്ച് ശിഷ്യന്മാരുടെ കൂട്ടം ഏക മനസ്സോടെ ദൈവാലയത്തിൽ കൂടി വരികയും അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകലജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു എന്ന് ആദിമസഭയുടെ ചരിത്രം പറയുന്ന അപ്പോസ്തോല പ്രവർത്തികളിൽ നാം വായിക്കുന്നു. (അ.പ്ര. 2:46-47)

വി. കുർബ്ബാനയ്ക്ക് The holy communion എന്നും പറയാറുണ്ട്. യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നവർ 'ഞാൻ communion' സ്വീകരിച്ചു എന്നു പറയാറുണ്ട്. വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരെല്ലാം ഒരുക്കത്തോടെ അത് അനുഭവിക്കുവാൻ കടപ്പെട്ടവരാണ്. ഇങ്ങനെ communion അനുഭവിച്ച് വരുന്നവരുടെ കൂട്ടത്തെയാണ് തുടക്കത്തിൽ community (സമൂഹം) എന്നു വിളിച്ചിരുന്നത്. പലവിധ കാരണങ്ങളാൽ വി. കുർബ്ബാനയിൽ നിന്നും ആളുകളെ മുടക്കുമായിരുന്നു (ex-communication).

നാം ഇന്ന് വി. കുർബ്ബാനയുടെ വിവിധ ഭാഷകളിലുള്ള ധാരാളം പദങ്ങൾ പഠിച്ചു കഴിഞ്ഞു. ഇവയൊന്നും നിങ്ങൾ മറക്കുകയില്ലല്ലോ.

### നമുക്ക് ചിന്തിക്കാം

1. വി. കുർബ്ബാന എന്ന പദത്തിന്റെ ഉദ്ഭവം, അർത്ഥം ഇവ വ്യക്തമാക്കുക.

   ..........................................................................................................................

   ..........................................................................................................................

2. ഓർത്തഡോക്സ് സഭകളിൽ വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന രണ്ട് പദങ്ങൾ ഏവ?

   ..........................................................................................................................

3. യേശുക്രിസ്തു വി. കുർബ്ബാന സ്ഥാപിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക.

   ..........................................................................................................................

4. വി. കുർബ്ബാനയെ The Holy Communion എന്നു പറയുന്നതെന്തുകൊണ്ട്?

   ..........................................................................................................................

   ..........................................................................................................................

### പ്രവർത്തനങ്ങൾ

1. താഴെ പറയുന്ന വാക്കുകൾ ഏതു ഭാഷയിൽ നിന്നുമാണ് ഉൽഭവിച്ചത് എന്ന് അടയാളപ്പെടുത്തുക

| എ | ബി |
|---|---|
| കൊർബ്ബാൻ | ലാറ്റിൻ |
| മിസ്സാ | ഇംഗ്ലീഷ് |
| എവുക്കാറസ്തിയാ | സുറിയാനി |
| കമ്യൂണിയൻ | ഗ്രീക്ക് |
| കൂറോബോ | ഏബ്രായ |

2. താഴെ പറയുന്ന വാക്കുകളുടെ സ്പെല്ലിംഗ് ശരിയായി എഴുതുക

   a) RUGILTY  b) SALT PEPSUR  c) ANQURAB  d) SAMIS

3. പൂരിപ്പിക്കുക (മർക്കോസ് 14:12-16 വായിച്ചശേഷം)

   .................. നെ അറക്കുന്നതായ പുളിപ്പില്ലാത്ത അപ്പത്തിന്റെ .............ാം നാളിൽ യേശു............ രിൽ രണ്ട് പേരെ അയച്ചു. നഗരത്തിൽ ചെല്ലുവിൻ. അവിടെ ............... വെള്ളം ചുമന്ന് കൊണ്ട് ഒരു മനുഷ്യൻ നിങ്ങളെ എതിരേൽക്കപ്പെടും. ഞാൻ എന്റെ ശിഷ്യന്മാരുമായി................. കഴിപ്പാനുള്ള................ എവിടെ എന്നു ഗുരു ചോദിക്കുന്ന എന്നു പറവീൻ. അവൻ.................. ഒരു ..................... കാണിച്ചു തരും. അവിടെ നമുക്ക് ഒരുക്കുവീൻ.

4. താഴെ പറയുന്ന വാക്കുകൾ എഴുതിയ പ്ലാക്കാർഡുകൾ പിടിച്ച് കുട്ടികളെ രണ്ട് വശങ്ങളായി നിർത്തുക.

| A | B |
|---|---|
| QURBANA | HEBREW |
| MASS | LATIN |
| COMMUNION | GREEK |
| EUCHARIST | ENGLISH |
| KORBAN | MALAYALAM |

ഒരോ വാക്കിനോടും ബന്ധപ്പെട്ട ഭാഷയുടെ പേർ പിടിച്ചിരിക്കുന്ന കുട്ടി ആ വാക്ക് കൈയിലേന്തിയിരിക്കുന്ന കുട്ടിയോട് ചേർന്ന് നിൽക്കുവാൻ പറയുക. ടീച്ചർ കുട്ടികളെ ഒട്ടും സഹായിക്കാതെ കുട്ടികൾതന്നെ ശരിയായ കൂട്ടാളിയെ കണ്ടുപിടിക്കുവാൻ പ്രേരിപ്പിക്കുക.

## നമുക്ക് പാടാം

"രക്ഷകനുരചെയ്താൻ-എൻ മെയ് രക്തങ്ങൾ"

എന്ന ഗീതം വി. കുർബ്ബാനക്രമം നോക്കി പാടുക.

## നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങൾക്കുവേണ്ടി കാൽവറിയിൽ യാഗമായിത്തീർന്ന തമ്പുരാനേ, അങ്ങയുടെ തിരുശരീരരക്തങ്ങൾ അനുഭവിച്ച് പാപമോചനവും നിത്യജീവനും നേടുവാൻ ഞങ്ങളെ സഹായിക്കേണമെ. ആമ്മീൻ

**നിശ്ചയം**

**വിശുദ്ധ കുർബ്ബാനയുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കി ഞങ്ങൾ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും അത് അനുഭവിക്കുകയും ചെയ്യും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | 1 കൊരി. 11:23-27 |
| തിങ്കൾ | വി.യോഹ. 6:26-31 | 1 കൊരി. 11:28-34 |
| ചൊവ്വ | വി.യോഹ. 6:32-35 | സങ്കീ. 15:1-5 |
| ബുധൻ | വി.യോഹ. 6:36-40 | സങ്കീ. 27:1-3 |
| വ്യാഴം | വി.യോഹ. 6:41-47 | സങ്കീ. 27:4-7 |
| വെള്ളി | വി.യോഹ. 6:48-51 | സങ്കീ. 27:8-9 |
| ശനി | വി.യോഹ. 6:53-59 | സങ്കീ. 27:11-14 |

## പാഠം 19
# വിശുദ്ധ കുർബ്ബാനയ്ക്കുള്ള ഒരുക്കം

**പാഠനോദ്ദേശം**: വിശുദ്ധ കുർബ്ബാനയ്ക്കായി എങ്ങനെ ഒരുങ്ങണം എന്നു പഠിക്കുന്നു.

**മനഃപാഠവാക്യം:** 'അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും.' (1 കൊരിന്ത്യർ 11:27)

### ആമുഖം

കഴിഞ്ഞ പാഠത്തിൽ നാം വി. കുർബ്ബാനയുടെ അർത്ഥവും ശ്രേഷ്ഠതയും പഠിച്ചുവല്ലോ. ഇന്നു നാം പഠിയ്ക്കുവാൻ പോകുന്നത് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുന്നവൻ എങ്ങനെ ഒരുങ്ങണം എന്നതിനെപ്പറ്റിയാണ്. അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിയ്ക്കുകയോ ചെയ്യുന്നവർ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും (1 കൊരിന്ത്യർ 11:27) എന്നാണ് വി. പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് വി. കുർബ്ബാനയിൽ സംബന്ധിക്കുന്നവർ തങ്ങളെത്തന്നെ എങ്ങനെ ഒരുക്കണം എന്നു നമുക്ക് പഠിക്കാം.

### പാഠഭാഗം

നിങ്ങൾ എങ്ങനെയൊക്കെയാണ് വി. കുർബ്ബാനയിൽ പങ്കെടുക്കാൻ ഒരുങ്ങുന്നത്? രാവിലെ കുളിച്ചിട്ടാണോ പള്ളിയിൽ വരുന്നത്? ഉപവാസത്തോടെയാണോ വരുന്നത്? രാവിലെ എഴുന്നേറ്റ് പ്രാർത്ഥനയൊക്കെ നടത്തി കൃത്യമായി പ്രഭാതനമസ്കാരത്തിന് മുമ്പായി പള്ളിയിൽ എത്താറുണ്ടോ?

വിശുദ്ധ കുർബ്ബാനയനുഭവിക്കുന്നതിനുവേണ്ടി നാം എങ്ങനെയൊക്കെയാണ് ഒരുങ്ങേണ്ടത്? വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരും വി. കുർബ്ബാനയനുഭവിക്കുന്നവരും ശരിയായി ഒരുങ്ങേണ്ടതാണ്. ഈ ഒരുക്കം ശനിയാഴ്ച തന്നെ ആരംഭിക്കണം. ഇതിൽ പ്രാർത്ഥനകളുടെ ഒരുക്കം, ശരീരത്തിന്റെ ശുദ്ധീകരണത്തോടെയുള്ള ഒരുക്കം, ഭക്ഷണ കാര്യങ്ങളിലുള്ള ക്രമീകരണം, ചിന്തകളിലുള്ള മാറ്റം എന്നിവയെല്ലാം അടങ്ങിയിരിക്കുന്നു. ഇവ ഒരോന്നായി ഞാൻ നിങ്ങൾക്ക് പറഞ്ഞു തരാം.

**1. പ്രാർത്ഥനകളോടെയുള്ള ഒരുക്കം:** വി. കുർബ്ബാനയിൽ സംബന്ധിക്കുന്നവർ ശനിയാഴ്ച വൈകിട്ട് മുതൽ തന്നെ അതിനായി തയ്യാറെടുക്കേണ്ടതാണ്. സന്ധ്യാനമസ്കാരം കഴിവതും പള്ളിയിൽ തന്നെ നടത്തുവാൻ ശ്രദ്ധിക്കണം. വീട്ടിൽ വി. കുർബ്ബാനയ്ക്കായി ധ്യാനപൂർവ്വം ഒരുങ്ങണം. ശ്രദ്ധ പതറിപോകുവാതിരിക്കുവാനായി ടി വി ചാനലുകളോ, ഇന്റർനെറ്റിലുള്ള വെബ് സൈറ്റുകളോ ശനി വൈകുന്നേരം മുതൽ ശ്രദ്ധിക്കരുത്. പിറ്റേ

ദിവസം സൺഡേസ്കൂളിൽ പഠിക്കുവാനുള്ള കാര്യങ്ങൾ വായിക്കുകയോ, വി. വേദ പുസ്തക ഭാഗങ്ങൾ വായിക്കുകയോ ഒക്കെ ആകാം. മനഃപാഠ വാക്യങ്ങൾ പഠിക്കുവാനും സഭയെ സംബന്ധിച്ചുള്ള പൊതു വിജ്ഞാന കാര്യങ്ങൾ മാതാപിതാക്കളോടു ചോദിച്ച് മനസ്സിലാക്കുവാനും ശനിയാഴ്ച സന്ധ്യാസമയം ചിലവഴിക്കാം. മൊബൈൽ ഫോണുകൾ ഞായറാഴ്ച ഉച്ച കഴിയുന്നതുവരെ ഓഫ് ചെയ്തിട്ടാൽ നമ്മുടെ ചിന്തയിൽ വി. ആരാധനയല്ലാതെ മറ്റൊന്നും കടന്നുവരികയില്ല. നേരത്തെ തന്നെ അത്താഴം കഴിച്ചശേഷം സൂത്താറാ നമസ്കാരം ചൊല്ലി 'ഞങ്ങൾക്കുള്ള കർത്താവേ...' (കർത്താവേ കൃപ ചെയ്യണമെ...) എന്ന ഗീതവും ആലപിച്ച് ഒമ്പത് മണിയോടെ ഉറങ്ങാൻ കിടക്കുക. അതിരാവിലെ എഴുന്നേറ്റാലുടൻതന്നെ ശരീരശുദ്ധി വരുത്തി രാത്രിയുടെ നമസ്കാരം ചൊല്ലി പള്ളിയിൽ പോകാനായി ഒരുങ്ങണം.

**2. ഭക്ഷണ ക്രമീകരണം:** ശനിയാഴ്ച വൈകിട്ട് മുതൽ തന്നെ ഭക്ഷണ കാര്യങ്ങളിലും നാം വേണ്ട ക്രമികരണം ചെയ്യേണ്ടതാണ്. ബൈസന്റയിൽ ഓർത്തഡോക്സ് സഭകളിലെ വിശ്വാസികളെപ്പോലെ നാം അന്ന് മത്സ്യമാംസാദികൾ വർജ്ജിക്കാറില്ലായെങ്കിലും ലഘു ഭക്ഷണമാണ് വൈകിട്ട് നല്ലത്. പുറത്തുപോയി ഭക്ഷണം കഴിക്കുന്ന രീതി ശനിയാഴ്ച വൈകിട്ട് ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കരുത്. രാവിലെ എഴുന്നേറ്റ് കഴിഞ്ഞാൽ പ്രാഥമികകാര്യങ്ങൾ നിർവ്വഹിച്ചശേഷം കുളിച്ചൊരുങ്ങി ഉപവാസത്തോടെ വേണം പള്ളിയിൽ പോകുവാൻ. ബെഡ് കോഫി പോലും ഞായറാഴ്ച പാടില്ല എന്നാണർത്ഥം. വി. കുർബ്ബാന കഴിഞ്ഞാൽ മാത്രമേ ഞായറാഴ്ച വെള്ളം പോലും കുടിയ്ക്കുവാൻ അനുവാദമുള്ളു.

**3. വസ്ത്രങ്ങളുടെ കാര്യത്തിലുള്ള ശ്രദ്ധ:** വി. ദൈവാലയത്തിൽ പോകുമ്പോഴെല്ലാം നാം നമ്മുടെ വസ്ത്രങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അലക്കി വൃത്തിയാക്കി പുതുമയുള്ള വസ്ത്രങ്ങളണിഞ്ഞു മാത്രമേ ഞായറാഴ്ച പള്ളിയിൽ പോകാവു. മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് പള്ളിയിൽ കയറിക്കൂടാ. ശനിയാഴ്ച തന്നെ പിറ്റേ ദിവസത്തെക്കുള്ള വസ്ത്രം ക്രമീകരിച്ചുവയ്ക്കണം. ജീൻസ് ധരിച്ചും ടീ ഷർട്ടണിഞ്ഞും ആൺകുട്ടികൾ ഞാറാഴ്ചയിൽ ആരാധനയിൽ പങ്കെടുക്കരുത്. കഴിവതും ലളിതമായ നിറങ്ങളുള്ള വസ്ത്രങ്ങളാണ് അഭികാമ്യം. വെള്ള വസ്ത്രമാണെങ്കിൽ ഏറ്റവും നല്ലതാണ്. പെൺകുട്ടികൾ മാന്യമായ വേഷം ധരിച്ചേ പള്ളിയിൽ പോകാവു. നല്ല ഇറക്കമുള്ള പാവാടകളും കഴുത്തുവരെ മൂടികിടക്കുന്ന ഷർട്ടും തലയിൽ അണിയുവാൻ ഒരു സ്കാർഫും ഉള്ളത് നല്ലതാണ്. സ്കൂളിൽ പോകുമ്പോൾ യൂണിഫോം ധരിക്കാറുള്ളതുപോലെ പള്ളിയിൽ പോകുന്നതിന് മാത്രമായി വെള്ള വസ്ത്രങ്ങളടങ്ങിയ ഒരു യൂണിഫോം തന്നെ മാറ്റിവയ്ക്കുന്നതാണ് ഏറ്റവും നല്ലത്.

### അല്പം നിർത്താം... ചിന്തിക്കാം

1. വി. കുർബ്ബാനയ്ക്കായുള്ള പ്രാർത്ഥനയോടെയുള്ള ഒരുക്കം ഏതെല്ലാം?

   ..............................................................................................................

   ..............................................................................................................

2. വി. കുർബ്ബാനയ്ക്കായുള്ള ഭക്ഷണക്രമം, വസ്ത്രധാരണം തുടങ്ങിയുള്ള ഒരുക്കങ്ങൾ എങ്ങനെയാവണം?

..............................................................................................................................

..............................................................................................................................

..............................................................................................................................

വസ്ത്രം പോലെ പ്രധാനമാണ് കുട്ടികളുടെ ഒരുക്കവും. ആൺകുട്ടിയായാലും പെൺകുട്ടിയായാലും മുഖവും തലമുടിയുമൊക്കെ കൃത്രിമ മാർഗ്ഗങ്ങൾ കൂടാതെ മാന്യ മായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. ലിപ്സ്റ്റിക്ക് പുരട്ടി വി. കുർബ്ബാനയ്ക്കായി നിങ്ങൾ പോകരുത്. കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കാനായിട്ടാണ് നിങ്ങൾ പോകു ന്നത് എന്ന് പ്രത്യേകം ഓർക്കണം. ആൺകുട്ടികളിൽ പലരും ഇപ്പോൾ വിവിധ നിറങ്ങ ളിലും രൂപത്തിലും തലമുടി വെട്ടിയ്ക്കുന്ന രീതി കണ്ടുവരുന്നുണ്ട്. ഇങ്ങനെയുള്ള രൂപ ത്തിൽ ഒരിയ്ക്കലും വി. കുർബ്ബാനയ്ക്കായി നിങ്ങൾ പോകരുത്.

### 4. വിശുദ്ധ കുർബ്ബാനയ്ക്ക് പോകുമ്പോൾ കരുതേണ്ട ബാഗ്

നിങ്ങൾ സ്കൂളിൽ പോകുമ്പോൾ കൊണ്ടുപോകാറുള്ളതുപോലെ പള്ളിയിൽ പോകു മ്പോഴും ഒരു ബാഗ് കരുതുന്നത് നല്ലതാണ്. അതിനായി ചെറിയ ഒരു ബാഗ് വാങ്ങി സൂക്ഷിച്ചാൽ മതി. ഇതിൽ നിങ്ങളുടെ പേരെഴുതിയ ഒരു കുർബ്ബാനക്രമവും വി. വേദ പുസ്തകവും സൺഡേസ്കൂൾ പുസ്തകങ്ങളും ഒക്കെ വൃത്തിയായി അടുക്കിവയ്ക്കാൻ പറ്റും. വി. കുർബ്ബാനയ്ക്ക് പോകുന്നവർ പ്രഭാതനമസ്കാരത്തിന് മുമ്പ് പള്ളിയിലെത്ത ണം. വി. കുർബ്ബാനക്രമം ഉപയോഗിച്ച് പ്രാർത്ഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും വി. കുർബ്ബാനയിൽ സംബന്ധിക്കണം. പഴയനിയമവായനയുടെ സമയത്ത് വേദഭാഗങ്ങൾ തുറന്ന് ശ്രദ്ധയോടെ വേദപുസ്തക വായനയിലും പങ്കുചേരണം.

### 5. വിശുദ്ധ കുർബ്ബാനയനുഭവിക്കുന്നതിനായുള്ള മാനസിക തയ്യാറെടുപ്പ്

നേരത്തെ സൂചിപ്പിച്ചതുപോലെ ശുദ്ധമായ ഹൃദയത്തോടെയും ഏകാഗ്രമായ മന സ്സോടും കൂടിയും വേണം വി. കുർബ്ബാനയിൽ സംബന്ധിക്കുകയും വി. കുർബ്ബാനയനുഭ വിക്കുകയും ചെയ്യേണ്ടത്. മനസ്സിന്റെ ഏകാഗ്രത നശിപ്പിക്കുന്ന ചിത്രങ്ങളോ മറ്റോ നിങ്ങൾ പള്ളിയിൽ കൊണ്ടുപോകുന്ന പുസ്തകങ്ങളിൽ ഒരിക്കലും വയ്ക്കരുത്. അടുത്ത് നിൽക്കുന്ന ആളിനെയും ശ്രദ്ധിക്കേണ്ട കാര്യമില്ല. വി. മദ്ബഹായിൽ ശ്രദ്ധയൂന്നിവേണം നാം നിൽക്കുവാൻ.

വി. കുർബ്ബാനയനുഭവത്തിനായി ഒരുങ്ങുന്ന മുതിർന്നവർ വി. കുമ്പസാരം നടത്തു ന്നത് നിങ്ങൾ കാണാറുണ്ടല്ലോ. കുട്ടികൾ പന്ത്രണ്ട് വയസ്സ് മുതൽ വി. കുമ്പസാരം നടത്തണം. അതിനു താഴെയുള്ളവർ ഹൂസോയോ പ്രാർത്ഥന സ്വീകരിക്കണം. പട്ടക്കാ രന്റെ മുമ്പിൽ കൈകൾ കൂപ്പി വണങ്ങി നിൽക്കുകയും ഹൂസോയോ പ്രാർത്ഥനയുടെ അവസാനം പട്ടക്കാരൻ നെറ്റിയിൽ കുരിശ് വരച്ച് അനുഗ്രഹിക്കുമ്പോൾ നാം കുരിശ് വരച്ച് അതിനെ സീകരിക്കുകയും ചെയ്യേണ്ടതാണ്. അപ്പോൾ മൂന്നു തവണ ആമ്മീൻ എന്ന് പറയുകയും ചെയ്യണം. ഇത്രയും ഒരുക്കത്തോടെ വി. കുർബ്ബാനയിൽ സംബന്ധി

ക്കുന്നവർക്ക് ഞായറാഴ്ചയാരാധന ഏറ്റവും ആനന്ദപ്രദവും ഹൃദയത്തിൽ സംതൃപ്തിയും സമാധാനവും നൽകുന്നതായി തീരുകയും ചെയ്യും.

### നമുക്ക് പാടാം

അഗ്നിമയന്മാർ ആരെ നോക്കിൽ വിറച്ചീടുന്നു
അവനെ മേശയിൽ അപ്പം വീഞ്ഞായ് നീ കാണുന്നു
ആരെ മിന്നലുടുത്തോർ നോക്കുകിലെരിയുന്നുടനെ
അവനെ മണ്മയർ ഭക്ഷിച്ച് മുഖം തെളിയുന്നേറ്റം.

എരിതീ പുത്രരഹസ്യങ്ങളഹോ വിണ്ണവരിടയിൽ
ഏശായാ തൻ - കണ്ടിവ നമ്മൊടു - സാക്ഷിക്കുന്നു
ദൈവത്വത്തിൻ - മടിയിലിരിപ്പു - രഹസ്യങ്ങളിവ
ഏവം മേശയിൽ - ആദാമ്യർക്കായ് - ഭാഗിക്കുന്നു.
(വിശുദ്ധ കുർബാനാനന്തര ഗീതം)

## പ്രവർത്തനങ്ങൾ

1. തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തണം
   a. വി. കുർബ്ബാനയ്ക്ക് പോകുന്നവർ ഉപവാസത്തോടെ പോകണം. ☐
   b. വി. കുർബ്ബാനക്രമമില്ലാതെ വി. കുർബ്ബാനയിൽ സംബന്ധിക്കരുത്. ☐
   c. വി. കുർബ്ബാനയുടെ ഒരുക്കം ശനിയാഴ്ച തുടങ്ങണം. ☐
   d. വി. കുർബ്ബാനയിൽ സംബന്ധിക്കുന്നവർക്ക് ഏതു വേഷവും ധരിക്കാം. ☐
   e. മൊബൈൽ ഫോണുമായി വി. കുർബ്ബാനയിൽ സംബന്ധിക്കുന്നത് ശരിയായ രീതിയല്ല. ☐
2. വി. കുർബ്ബാനയിൽ സംബന്ധിക്കുന്ന കുട്ടികളുടെ വസ്ത്രധാരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഓരോന്നായി പറയുക.
3. അയോഗ്യമായി വി. കുർബ്ബാനയനുഭവിക്കുന്നവർക്ക് എന്തു സംഭവിക്കുമെന്നാണ് പ. പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത്.
4. അച്ചടക്കത്തോടെ വി. കുർബ്ബാനയ്ക്കായി പോകുന്ന ഒരു കുട്ടിയുടെ ചിത്രം വരച്ചു ചായമിടുക.

5. താഴെ പറയുന്നവയിൽ നിന്ന് വി. കുർബ്ബാനയ്ക്കായി ഒരുങ്ങുന്നവർ ഉപയോഗിക്കേണ്ട വസ്തുക്കൾ തെരഞ്ഞെടുത്ത് ശരിയായവയും അല്ലാത്തവയും രണ്ട് ബോക്സുകളിലായി എഴുതുക.

Bed Coffee, Qurbanakramam, White Dress, Lipstic, Jeans, Holy Bible, Sunday School Books, Mobile Phone, t-shirt, bag.

| PERMITTED (ഉപയോഗിക്കാവുന്നത്) | NOT PERMITTED (അല്ലാത്തവ) |
|---|---|
| | |
| | |
| | |
| | |
| | |
| | |
| | |

## നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങളെ സ്നേഹിക്കുന്ന കർത്താവേ, അങ്ങയുടെ മനുഷ്യാവതാരത്തെയും കാൽവറിയിലെ ബലിയെയും ഓർമ്മിക്കുവാൻ വിശുദ്ധ കുർബ്ബാനയിൽക്കൂടി ഞങ്ങൾക്ക് ഇടയാകുന്നല്ലോ. വിശുദ്ധ കുർബ്ബാനയിൽ ഒരുക്കത്തോടെ പങ്കെടുത്ത് അങ്ങയുടെ തിരുശരീരരക്തങ്ങൾ അനുഭവിച്ച് വിശുദ്ധിയോടെ ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. ആമ്മീൻ

**നിശ്ചയം**

**ഞങ്ങൾ പതിവായി പ്രാർത്ഥനയോടെ ഒരുങ്ങി വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 122:1-5 |
| തിങ്കൾ | വി.ലൂക്കോ. 22:14-18 | സങ്കീ. 122:6-9 |
| ചൊവ്വ | വി.ലൂക്കോ. 22:19-23 | സങ്കീ. 123:1-4 |
| ബുധൻ | 1 കൊരി. 11:1-5 | സങ്കീ. 147:1-5 |
| വ്യാഴം | 1 കൊരി. 11:6-12 | സങ്കീ. 147:6-11 |
| വെള്ളി | 1 കൊരി. 11:13-16 | സങ്കീ. 147:12-17 |
| ശനി | 1 കൊരി. 11:7-20 | സങ്കീ. 147:18-20 |
| ഞായർ | 1 കൊരി. 11:21-23 | * |

## യൂണിറ്റ് ആറ്

# വിശ്വാസ സത്യങ്ങൾ

## പാഠം 20

# വിശുദ്ധ വേദപുസ്തകം

**പാഠനോദ്ദേശ്യം:** സഭയുടെ പ്രമാണ ഗ്രന്ഥമായ വി. വേദപുസ്തകത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുക.

**മനഃപാഠവാക്യം:** നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രിയം; ഇടവിടാതെ അത് എന്റെ ധ്യാനമാകുന്നു. (സങ്കീർത്തനം 119: 97)

### ആമുഖം

വി. വേദപുസ്തകം പതിവായി എല്ലാവരും വായിക്കാറുണ്ടല്ലോ അല്ലേ? എന്താണ് വേദപുസ്തകത്തിന്റെ പ്രത്യേകതകൾ? എല്ലാവരും വേദപുസ്തകം സൺഡേസ്കൂളിൽ കൊണ്ടുപോകണം? സഭയുടെ പ്രമാണഗ്രന്ഥമായ വി. വേദപുസ്തകത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്ക് ഇന്ന് പഠിക്കാം.

### പാഠഭാഗം

#### ബൈബിൾ നമ്മുടെ ആത്മീയ ആഹാരം

ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള പുസ്തകം ഏതാണെന്ന് നിങ്ങൾക്കറിയാമോ? അത് വിശുദ്ധ ബൈബിൾ ആണ്. ബൈബിൾ ഇന്ന് ലോകത്തിലെ എല്ലാ പ്രധാനപ്പെട്ട ഭാഷകളിലും ലഭ്യമാണ്. ഇതിന്റെ വിവർത്തനങ്ങളും പഠനങ്ങളും ഇന്റർനെറ്റിലും ലഭ്യമാണ്. "തിരുവെഴുത്തുകൾ" (Holy Scripture) എന്നും വിളിക്കാറുണ്ട്.

#### എന്താണ് ബൈബിൾ?

ബൈബിൾ ദൈവത്തിന്റെ വചനമാണ്. ദൈവം മനുഷ്യന് നല്കിയ വചനങ്ങളാണ് ഇതിന്റെ പ്രധാന ഉള്ളടക്കം. ആദിമകാലം മുതൽ ദൈവം മനുഷ്യന് പല രീതിയിൽ സ്വയം വെളിപ്പെടുത്തിയിരുന്നു. ദൈവപുത്രന്റെ (യേശുക്രിസ്തു) മനുഷ്യാവതാരണത്തോടെ ദൈവത്തെക്കുറിച്ച് മനുഷ്യന് കൂടുതൽ അറിയുവാൻ കഴിഞ്ഞു. ഈ വസ്തുതകളെല്ലാം നാം മനസ്സിലാക്കുന്നത് ബൈബിളിൽകൂടിയാണ്.

പാപത്തിൽനിന്ന് ഒഴിഞ്ഞ് ദൈവഹിതമനുസരിച്ച് ജീവിക്കുവാനുള്ള മാർഗ്ഗദർശനം ബൈബിൾ നമുക്കു തരുന്നു. പാപത്തിൽ വീണുപോയവർക്ക് ദൈവികപാതയിലേക്ക് തിരികെ വന്ന് ദൈവപൈതലായിത്തീരുവാനുള്ള വഴിയും ബൈബിൾ നമുക്ക് കാണിച്ചു തരുന്നു.

സൃഷ്ടിയുടെ ആരംഭം മുതൽ ദൈവവും മനുഷ്യനുമായുള്ള ബന്ധവും ലോകാവസാനത്തെക്കുറിച്ചുള്ള പരാമർശനങ്ങളും ബൈബിളിൽനിന്നാണ് അറിയുവാൻ കഴിയുന്നത്.

### പഴയനിയമം, പുതിയനിയമം

ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. യഹൂദന്മാർ വിശുദ്ധഗ്രന്ഥമായി ഉപയോഗിച്ചിരുന്ന പുസ്തകങ്ങളാണ് പഴയനിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിന് മുമ്പ് എബ്രായഭാഷയിലാണ് ഈ പുസ്തകങ്ങൾ എഴുതപ്പെട്ടത്. ദൈവസൃഷ്ടിയുടെ ആരംഭം മുതൽ ഉള്ള ചരിത്രം ഇതിൽ ലഭ്യമാണ്.

ദൈവം തന്റെ സ്വന്തജനമായ ഇസ്രായേൽ ജനതയെ വഴിനടത്തിയ വിവരങ്ങൾ പഴയനിയമത്തിൽ ഉണ്ട്. മോശയുടെ പുസ്തകങ്ങൾ, പ്രവാചകന്മാരുടെ എഴുത്തുകൾ സങ്കീർത്തനങ്ങൾ തുടങ്ങി ഓർത്തഡോക്സ് സഭയുടെ കാനോൻ അനുസരിച്ച് 46 പുസ്തകങ്ങളാണ് പഴയനിയമത്തിൽ ഉള്ളത് (ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന ബൈബിളിൽ 39 പുസ്തകങ്ങളേ ഉള്ളു).

പുതിയനിയമം ഗ്രീക്കുഭാഷയിലാണ് എഴുതപ്പെട്ടത്. ഇതിൽ 27 പുസ്തകങ്ങളുണ്ട്. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരും ആദിമസഭാപിതാക്കന്മാരുമാണ് പുതിയനിയമത്തിലെ പുസ്തകങ്ങൾ എഴുതിയിരിക്കുന്നത്. യേശുക്രിസ്തുവിന്റെ ജനനംമുതൽ ജീവിതവും പ്രവർത്തനങ്ങളും ക്രൂശാരോഹണം, മരണം, ഉയിർപ്പ് എന്നിവയെല്ലാം പുതിയനിയമത്തിലെ നാല് സുവിശേഷങ്ങളിലായി പ്രതിപാദിച്ചിരിക്കുന്നു. പുതിയനിയമത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ എഴുതിയിരിക്കുന്നത് അപ്പോസ്തലനായ പൗലോസ് ആണ്.

### നാം ബൈബിൾ എങ്ങനെ ഉപയോഗിക്കുന്നു?

ബൈബിൾ ദൈവത്തിന്റെ വചനങ്ങളാണ്. ഇത് നമ്മുടെ വളർച്ചയ്ക്കാവശ്യമായ ആത്മീയഭക്ഷണമാണ് (യിര. 15:16). പാപത്തിൽനിന്നും അകന്നുനിൽക്കുവാൻ ബൈബിൾ നമ്മെ സഹായിക്കുന്നു (സങ്കീ. 119:9, 11). ഓരോ കുട്ടിക്കും സ്വന്തമായി ഒരു ബൈബിൾ ഉണ്ടാവുന്നത് വളരെ നല്ലതാണ്. ബൈബിൾ ഉപയോഗിക്കുമ്പോൾ നാം താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. ബൈബിൾ വളരെ ബഹുമാനത്തോടും കരുതലോടും കൂടി സൂക്ഷിക്കണം. അലക്ഷ്യമായി എവിടെയെങ്കിലും വയ്ക്കരുത്.
2. എല്ലാ ദിവസവും ബൈബിൾ ശ്രദ്ധാപൂർവ്വം വായിക്കുകയും ദൈവവചനത്തെ ഹൃദയത്തിൽ ഉൾക്കൊള്ളുകയും വേണം.

3. ദേവാലയത്തിലും പ്രാർത്ഥനായോഗങ്ങളിലും ബൈബിൾ വായിക്കുമ്പോൾ ശ്രദ്ധയോടെ കേട്ട് മനസ്സിലാക്കണം.
4. ബൈബിളിലെ സംഭവങ്ങളും സന്ദേശവും നാം കൂട്ടുകാരോട് പങ്കുവയ്ക്കണം.
5. ബൈബിളിലെ കഴിയുന്നത്രയും കാര്യങ്ങൾ ഓർമ്മയിൽ സൂക്ഷിക്കണം.

**ബൈബിൾ നിത്യജീവിതത്തിൽ**

ബൈബിൾ വായനയും പഠനവും നാം ദിനചര്യയുടെ ഭാഗമാക്കണം. ദൈവവുമായി നല്ല ബന്ധം സൂക്ഷിക്കാൻ ഇത് പ്രയോജനപ്പെടും. ശാരീരിക ആരോഗ്യത്തിന് ഭക്ഷണം ആവശ്യമായിരിക്കുന്നതുപോലെ ആത്മീയവളർച്ചയ്ക്ക് ബൈബിൾ പഠനം ആവശ്യമാണ്. കുട്ടികൾക്ക് ബൈബിളിലെ ചില ഭാഗങ്ങൾ വായിച്ചു മനസ്സിലാക്കാൻ പ്രയാസം തോന്നിയേക്കാം. അതുകൊണ്ട് പഴയനിയമത്തിലെ സങ്കീർത്തനങ്ങൾ പുതിയനിയമത്തിലെ സുവിശേഷങ്ങൾ എന്നിവ വായിച്ചുതുടങ്ങുന്നതാണ് ഉത്തമം. വായിക്കുമ്പോൾ പ്രയാസം തോന്നുന്ന കാര്യങ്ങൾ മാതാപിതാക്കളോടോ അധ്യാപകരോടോ ചോദിച്ച് മനസ്സിലാക്കണം. ബൈബിളിൽകൂടി ദൈവം നമ്മോട് പറയുന്ന കാര്യങ്ങൾ അനുസരിച്ച് ജീവിക്കുകയും വേണം.

## ചോദ്യങ്ങൾ

1. *എന്താണ് ബൈബിൾ?*
2. *ബൈബിൾ നാം എങ്ങനെ ഉപയോഗിക്കണം?*
3. *യേശുക്രിസ്തുവിന്റെ ജീവിതവും പ്രവർത്തനങ്ങളും വിശദീകരിക്കുന്ന പുസ്തകങ്ങൾ ഏതെല്ലാമാണ്?*

## പൂരിപ്പിക്കുക

1. ബൈബിളിൽ ..............................., ............................എന്നീ രണ്ട് ഭാഗങ്ങൾ ഉണ്ട്.
2. ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച ബൈബിളിൽ പുതിയനിയമത്തിൽ .......... പുസ്തകങ്ങളും പഴയനിയമത്തിൽ ............പുസ്തകങ്ങളും ഉണ്ട്.
3. പുതിയനിയമത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ എഴുതിയിരിക്കുന്നത് ..........................................ആണ്.

## അധ്യാപകർ ശ്രദ്ധിക്കേണ്ടത്

1. കുട്ടികളെ ബൈബിളിന്റെ പല വിവർത്തനങ്ങൾ കാണിക്കുക.
2. ബൈബിളിൽ ഓരോ പുസ്തകങ്ങളും വാക്യങ്ങളും കണ്ടുപിടിക്കേണ്ടത് എങ്ങനെയെന്ന് കുട്ടികളെ കാണിച്ചുകൊടുക്കുക.
3. ദേവാലയത്തിൽ ഇന്ന് വായിച്ച സുവിശേഷഭാഗം കുട്ടികൾ ഓർക്കുന്നുണ്ടോ എന്നു പരിശോധിക്കുക.

4. എല്ലാ കുട്ടികൾക്കും ബൈബിൾ ഉണ്ടോ എന്നും അവർ എന്നും ബൈബിൾ വായിക്കുന്നവരാണോ എന്നും ചോദിക്കുക.

5. സൺഡേസ്കൂളിൽ ബൈബിൾ കൊണ്ടുവരാൻ പ്രോത്സാഹിപ്പിക്കുക.

### നമുക്ക് ചിന്തിക്കാം

1. ഇപ്പോൾ നമ്മൾ ഉപയോഗിക്കുന്ന വി. വേദപുസ്തകത്തിൽ എത്ര പുസ്തകങ്ങളുണ്ട്?

   ........................................................................................................................

2. വി. വേദപുസ്തകത്തിന്റെ രണ്ട് ഭാഗങ്ങളേവ?

   ........................................................................................................................

3. സുവിശേഷ ഗ്രന്ഥങ്ങൾ എത്ര? ഏതെല്ലാം?

   ........................................................................................................................

4. നമ്മുടെ ആരാധനകളിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന സങ്കീർത്തനം ഏത്?

   ........................................................................................................................

## നമുക്ക് പാടാം

പാവനമാം പൊൻനീർച്ചാ-ൽപോൽ - വായ്കളിൽ നിന്നും കാതു-കളിൽ
ജീവൻ പ്രവഹിപ്പിച്ചീ-ടും - നിബിയന്മാരെ കേട്ടി-ടുവീൻ
പാവനമാം സുവിശേഷ-ത്തിൻ - സന്ദേശം കൈക്കൊൾവോ-ർക്കായ്
സംരക്ഷിതമാം നൽകതിരും - ജീവനുമുന്നതരാജ്യമതും
കാഹളതുല്യം ഘോഷിക്കും - ശ്ലീഹന്മാരെ ശ്രദ്ധിപ്പിൻ.
(പെന്തിക്കൊസ്തി: ഒന്നാം ശുശ്രൂഷ, സൂമ്മോറൊ)

## നമുക്ക് പ്രാർത്ഥിക്കാം

കർത്താവേ, നിന്റെ വചനങ്ങൾ എന്നും ഞങ്ങളുടെ കാലിന് വിളക്കും ഞങ്ങളുടെ പാതയ്ക്ക് പ്രകാശവുമായി തീരേണമെ. ആമ്മീൻ

**നിശ്ചയം**

**ഞങ്ങൾ രാവിലെയും വൈകിട്ടും മുടങ്ങാതെ**
**വിശുദ്ധ വേദപുസ്തകം വായിച്ച് ധ്യാനിക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 119:1-8 |
| തിങ്കൾ | വി.യോഹ. 1:1-5 | സങ്കീ. 119:9-16 |
| ചൊവ്വ | അ.പ്ര. 8:26-31 | സങ്കീ. 119:33-40 |
| ബുധൻ | അ.പ്ര. 8:2-35 | സങ്കീ. 119:41-48 |
| വ്യാഴം | കൊലോ. 1-24-26 | സങ്കീ. 119:73-80 |
| വെള്ളി | കൊലോ. 1:27-29 | സങ്കീ. 119:97-104 |
| ശനി | എഫേ. 5:9-14 | സങ്കീ. 119:105-112 |
| ഞായർ | എഫേ. 5:15-21* | |

## പാഠം 21

# കർത്താവിന്റെ ക്രൂശ്: എന്റെ പ്രശംസ

**പാഠനോദ്ദേശ്യം**: കർത്താവിന്റെ ക്രൂശിന്റെ പ്രാധാന്യവും കുരിശുവരയുടെ സാരാംശവും മനസ്സിലാക്കുക.

**മനഃപാഠവാക്യം:** എനിക്കോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത് (ഗലാത്യർ 6:14).

### ആമുഖം

നമുക്ക് എല്ലാവർക്കും കൂടി ഭംഗിയായി ഒന്ന് കുരിശു വരയ്ക്കാം. (എല്ലാവരും കുരിശു വരയ്ക്കുന്നു) കുരിശുവരയ്ക്കുമ്പോൾ പെട്ടെന്ന് നമ്മുടെ ഓർമ്മയിൽ എത്തുന്നത് എന്താണ്? കർത്താവിന്റെ ക്രൂശുമരണമാണ്. കർത്താവിന്റെ ക്രൂശിന്റെ പ്രാധാന്യവും കുരിശുവരയുടെ അർത്ഥവുമാണ് നാം ഇന്ന് പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

കുരിശ് എന്നതിന് സുറിയാനി ഭാഷയിൽ 'സ്ലീബാ' എന്നും പറയും. നമ്മുടെ ആരാധനയിൽ സ്ലീബാ എന്ന വാക്ക് ഉപയോഗിക്കുന്നത് കേട്ടിട്ടുണ്ടല്ലോ? ആ വാക്കു കേൾക്കുമ്പോൾ നാം കുരിശു വരയ്ക്കാറുണ്ടല്ലോ. സ്ലീബാ എന്ന വാക്കിന്റെ അർത്ഥം കുരിശ് എന്നാണ്. ക്രിസ്തുവിനുമുമ്പ് കുറ്റവാളികളെ കൊല്ലുവാൻ ഉപയോഗിച്ചിരുന്ന കൊലമരം ആയിരുന്നു കുരിശ്. അതിനാൽ അന്ന് അത് ശാപത്തിന്റെ പ്രതീകമായിരുന്നു. യേശുക്രിസ്തുവിന്റെ ക്രൂശിന്മേലുള്ള മരണത്തിനുശേഷം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചിട്ടുള്ള എല്ലാവരുടെയും ജീവിതത്തിൽ കുരിശു അങ്ങേയറ്റം പ്രാധാന്യമുള്ള ഒന്നായിത്തീർന്നു. അതിനാൽ സ്ലീബാ പൈശാചിക ശക്തിയുടെയും മരണത്തിന്റെയും മേലുള്ള വിജയത്തിന്റെ പ്രീതകമാണ്. സ്ലീബാ വിജയത്തിന്റെ ലക്ഷ്യവും രക്ഷയുടെ അടയാളവുമാണ്. മാമോദീസാ മുക്കുമ്പോഴും, പാപപരിഹാരപ്രാർത്ഥന നടത്തുമ്പോഴും പട്ടത്വ പ്രഖ്യാപനം നടത്തുമ്പോഴും നെറ്റിയിൽ സ്ലീബായുടെ അടയാളമാണ് വരയ്ക്കുന്നത്.

സ്ലീബായെ വണങ്ങുകയും അതിനെ കുമ്പിടുകയും ചെയ്യുന്ന പതിവ് ക്രിസ്തീയ സഭയിൽ ആദ്യകാലം മുതൽക്കേ നിലനിന്നിരുന്നു. കർത്താവിന്റെ മരണത്തെ ഓർക്കുന്ന ദുഃഖവെള്ളി ദിവസം കുരിശിന്റെ മുമ്പിൽ വണങ്ങുന്ന പതിവ് മൂന്നാം നൂറ്റാണ്ടു മുതൽ യരുശലേമിൽ ഉണ്ടായിരുന്നു. ആ പതിവാണ് നമ്മൾ ഇന്ന് ദുഃഖവെള്ളിയാഴ്ച ദിവസം സ്ലീബാ വന്ദനവ് എന്ന ശുശ്രൂഷയിൽ കൂടി നടത്തുന്നത്. ഇത് ഒരു വിഗ്രഹാരാധനയല്ല. കാരണം നാം സ്ലീബായെ അല്ല ആരാധിക്കുന്നത്. നമ്മുടെ ആത്മീയ കണ്ണുകൾകൊണ്ട് നാം കാണുന്നത് കർത്താവായ യേശുക്രിസ്തുവിനെയാണ്.

### അല്പം നിർത്താം... ചിന്തിക്കാം

1. കുരിശ് എന്നതിന് സുറിയാനിഭാഷയിൽ പറയുന്ന പേരെന്ത്?

   ..............................................................................................................................

2. ക്രിസ്തുവിനു മുമ്പ് കുരിശ് എന്തിന് ഉപയോഗിച്ചിരുന്നു?

   ..............................................................................................................................

3. കുരിശിനെ നാം വണങ്ങുന്നതെന്തുകൊണ്ട്?

   ..............................................................................................................................

കുരിശ് പള്ളിയുടെ മുകളിലും, വി. ത്രോണോസിന്മേലും, കുരിശിൻ തൊട്ടികളിലും കാണുന്നുണ്ടല്ലോ. ആഭരണമായി കുരിശ് ധരിക്കാറുണ്ട്. വിവാഹസമയത്ത് മണവാളന്റെയും മണവാട്ടിയുടെയും തലയിൽ ആഘോഷിക്കുന്നത് കുരിശ് ആണ്. പ്രധാന പെരുന്നാളുകളിലെല്ലാം ആരാധനയിൽ സ്ലീബാ ആഘോഷിക്കുന്നത് നാം കണ്ടിട്ടുണ്ടല്ലോ. നമ്മുടെ തിരുമേനിമാർ സ്ലിബാ കയ്യിൽ പിടിച്ചിരിക്കുന്നത് കണ്ടിട്ടില്ലേ?

സ്ലീബാ എവിടെ കണ്ടാലും കുരിശുവരയ്ക്കുന്ന രീതിയാണ് നമുക്കുള്ളത്. അതുപോലെതന്നെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വനാമം കേൾക്കുമ്പോഴും നാം കുരിശുവരയ്ക്കുന്നു.

കുരിശുവരയുടെ അർത്ഥം (സാരാംശം) എന്താണെന്ന് നമുക്ക് നോക്കാം.

### കുരിശുവരയുടെ സാരാംശം

നമ്മുടെ കർത്താവ് സകല സൃഷ്ടിയുടെയും വീണ്ടെടുപ്പിനും രക്ഷയ്ക്കുമായി സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറങ്ങിയതിനാൽ നെറ്റിയിൽ നിന്ന് നെഞ്ചിലേക്കും ആദാമിന്റെ പാപം നിമിത്തം ഇടത്തേതിന്റെ മക്കളായിരുന്ന നമ്മെ കുരിശിന്മേലുള്ള മരണത്താൽ വലത്തേതിന്റെ മക്കളാക്കി തീർത്തതുകൊണ്ട് ഇടത്തേതോളിൽ നിന്ന് വലത്തേ തോളിലേയ്ക്കും കുരിശുവരയ്ക്കണം.

കുരിശുവരയ്ക്കുന്നതിലൂടെ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരവും കുരിശിൽ കൂടി നമുക്ക് ലഭിച്ച രക്ഷയുടെ ഓർമ്മയും സ്തോത്രവും, സമർപ്പണവുമാണ് നാം നടത്തുന്നത്.

### നമുക്ക് ചിന്തിക്കാം.... പ്രവർത്തിക്കാം....

1. തിരുമേനിമാരുടെ ശിരോവസ്ത്രത്തിൽ (മസ്നപ്സാ) എത്ര കുരിശ് അടയാളമുണ്ട് എന്ന് കണ്ടുപിടിക്കുക.

   (സൂചന: കർത്താവിനെയും ശിഷ്യന്മാരെയുമാണ് ഇത് സൂചിപ്പിക്കുന്നത്)

2. ഒരു കുരിശിന്റെ ചിത്രം വരച്ച് ചായം കൊടുക്കുക.

3. യാത്ര ചെയ്യുമ്പോൾ പള്ളിയും, കുരിശിൻ തൊട്ടികളും കാണുമ്പോൾ കുരിശുവരച്ച് പ്രാർത്ഥിക്കുക.

4. കുരിശുവരയുടെ സാരാംശം മന:പാഠം പഠിച്ച് ചൊല്ലിക്കേൾപ്പിക്കുക.

## നമുക്ക് പാടാം

സ്ലീബാ വെന്നൂ; വെല്ലുന്നു;
സ്ലീബാ വിദ്വേഷിയെ വെന്നു;
സ്ലീബായെ സാക്ഷിച്ചോർക്കായ്
സ്ലീബായാകട്ടെ കോട്ട.

ശുഭ ചിഹ്നം താൻ സ്ലീബാ
വിജയക്കൊടിതാൻ സ്ലീബാ
നമ്മെ രക്ഷിച്ചീടും
സ്ലീബായിൽ പുകഴുന്നൂ നാം.

## നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ രക്ഷയ്ക്ക് കാരണമായ സ്ലീബായെ എന്നും ബഹുമാനിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. ആമ്മീൻ

**നിശ്ചയം**

**കുരിശുവരയ്ക്കേണ്ട സന്ദർഭങ്ങളിലെല്ലാം കുരിശുവരച്ച് കർത്താവിനെ ഞങ്ങൾ ഓർക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി.മർക്കോ. 13:-8 |
| തിങ്കൾ | സംഖ്യ 21:4-9 | വി.മർക്കോ. 13:9-13 |
| ചൊവ്വ | 1 ശമു. 17:37-39 | വി.മർക്കോ. 13:14-23 |
| ബുധൻ | 1 ശമു. 17:40-44 | വി.മർക്കോ. 13:24-27 |
| വ്യാഴം | 1 ശമു. 17:45-47 | വി.മർക്കോ. 13:28-37 |
| വെള്ളി | 1 ശമു. 17:48-53 | ഗലാ. 2:17-21 |
| ശനി | യിരെ. 32:36-41 | ഗലാ. 5:16-24 |
| ഞായർ | സങ്കീ. 34:1-8 | * |

## യൂണിറ്റ് ഏഴ്
# മഹദ്വ്യക്തിപരിചയം

### പാഠം 22
## വിശുദ്ധ യോഹന്നാൻ സ്നാപകൻ

**മുഖ്യസന്ദേശം:** യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയ്ക്ക് മുന്നോടിയായി വന്ന് ക്രിസ്തുവിനെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചും പ്രസംഗിച്ചും പഠിപ്പിച്ചും വഴിയൊരുക്കിയ വിശുദ്ധനാണ് സ്നാപക യോഹന്നാൻ.

**മനഃപാഠവാക്യം:** "നീയോ പൈതലേ അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും." (വി. ലൂക്കോസ് 1:76)

### ആമുഖം

*റോഡിൽകൂടി യാത്രചെയ്യുമ്പോൾ പൈലറ്റ് വാഹനങ്ങൾ കണ്ടിട്ടുണ്ടോ? എന്തിനാണ് ഈ പൈലറ്റ് വാഹനങ്ങൾ?*

പിന്നിൽ വരുന്ന പ്രധാനപ്പെട്ട വ്യക്തിയ്ക്ക് (മന്ത്രിയോ, മുഖ്യമന്ത്രിയോ, ഗവർണ്ണറോ അങ്ങനെ പലരുമാകാം) തടസ്സങ്ങൾ കൂടാതെ യാത്രചെയ്യാനുള്ള വഴിയൊരുക്കുകയാണ് അവർ ചെയ്യുന്നത്.

*മറ്റെന്തെങ്കിലും ഉദ്ദേശ്യമുണ്ടാകുമോ?*

ഏതെങ്കിലും പ്രത്യേകമായ ചടങ്ങിനോ ദൗത്യത്തിനോ (പാലം, പുതിയ സ്കൂൾ കെട്ടിടം ഇവയുടെ ഒക്കെ ഉദ്ഘാടനം) വരുന്നതെങ്കിൽ അതു നാട്ടുകാരെ അറിയിക്കുന്നതും ഈ പൈലറ്റ് വാഹനത്തിൽ യാത്രചെയ്യുന്നവരാണ്. ഇതുപോലെ നമ്മുടെ കർത്താവ് ഈ ഭൂമിയിലെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് കർത്താവിന്റെ വരവിനേക്കറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ഒരാൾ ചില അറിയിപ്പുകൾ നൽകി. അദ്ദേഹത്തെക്കുറിച്ച് ആരെങ്കിലും കേട്ടിട്ടുണ്ടോ?

അദ്ദേഹമാണ് യോഹന്നാൻ സ്നാപകൻ അദ്ദേഹം കർത്താവിന്റെ മുന്നോടി എന്നാണ് അറിയപ്പെടുന്നത്. അദ്ദേഹത്തെപ്പറ്റിയാണ് നാമിന്ന് പഠിക്കുന്നത്.

### പാഠഭാഗം

യോഹന്നാൻ സ്നാപകന്റെ ജനനത്തേക്കുറിച്ച് ചില പ്രത്യേകമായ വിവരങ്ങൾ വിശുദ്ധ വേദപുസ്തകം നമുക്കു നൽകുന്നുണ്ട് (വി.ലൂക്കോ. 1:5-13). വി. യോഹന്നാന്റെ മാതാപിതാക്കളായ ഏലിശബേത്തും സഖറിയായും വളരെ ദൈവഭക്തരായിരുന്നു.

പ്രായമായിട്ടും അവർക്ക് മക്കൾ ഉണ്ടായില്ല. അവർ നല്ല പ്രാർത്ഥനാശീലമുള്ളവരായിരുന്നു. പിതാവ് സഖറിയ. ഒരു പുരോഹിതൻ കൂടിയായിരുന്നു. അദ്ദേഹം ഒരിക്കൽ ദേവാലയത്തിൽ ധൂപം വീശി പ്രാർത്ഥിക്കുമ്പോൾ, മാലാഖ പ്രത്യക്ഷപ്പെട്ട് ഒരു മകനെ ലഭിക്കുമെന്നുള്ള അറിയിപ്പു നൽകി. അതിനുശേഷമാണ് ഏലിശബേത്ത് ഗർഭം ധരിച്ച് മകനെ പ്രസവിച്ചത്.

ഈ കുഞ്ഞിന്റെ ജനനത്തിൽ പ്രത്യേകത ഉണ്ടായിരുന്നതുപോലെ വളർച്ചയിലും ഉണ്ടായിരുന്നു. മരുഭൂമിയിൽ ഏകാന്തവാസിയായി യോഹന്നാൻ വളർന്നു. ലളിതമായ ഭക്ഷണവും, പരുക്കൻ വസ്ത്രധാരണവും. ആ കാലത്തുള്ള മനുഷ്യരുടെ എല്ലാ ദുഷ്ടതകൾക്കുമെതിരെ യോഹന്നാൻ സ്നാപകൻ ശക്തിയോടെ പ്രസംഗിച്ചു. യേശുക്രിസ്തുവിന്റെ വരവിനെ മനസ്സിൽ കണ്ടുകൊണ്ട് അദ്ദേഹം പ്രത്യേകം പ്രസ്താവിച്ചു. 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ നിങ്ങൾ മാനസാന്തരപ്പെടുവിൻ.' (വി. ലൂക്കോ. 3:79 വായിക്കുക) തിന്മകളെ ഉപേക്ഷിച്ച് ഏറ്റുപറയുന്നവർക്ക് അദ്ദേഹം മാനസ്സാന്തരത്തിന്റെ സ്നാനം നൽകി. പാപമില്ലാത്ത യേശുക്രിസ്തുവും ആ യോഹന്നാനിൽ നിന്ന് സ്നാനം ഏറ്റു.

**അല്പം നിർത്താം... ചിന്തിക്കാം**

1. വി. യോഹന്നാൻ സ്നാപകന്റെ മാതാപിതാക്കൾ ആരെല്ലാം?

   ..........................................................................................................

2. സഖര്യാ പുരോഹിതന് ദൈവദൂതൻ നൽകിയ അറിയിപ്പ് എന്ത്?

   ..........................................................................................................

3. യോഹന്നാൻ സ്നാപകന്റെ പ്രത്യേകതകൾ എന്തെല്ലാം?

   ..........................................................................................................

   ..........................................................................................................

സമൂഹത്തിലെ തെറ്റുകളെയും അധാർമ്മികതയെയും യോഹന്നാൻ ചോദ്യം ചെയ്യുമായിരുന്നു. അങ്ങനെയിരിക്കെ യഹൂദ്യയിലെ രാജാവായ ഹേറോദാവ് തന്റെ സഹോദരന്റെ ഭാര്യയായ ഹേറോദ്യയെ വിവാഹം ചെയ്തു. ഇതു വലിയ തിന്മയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. രാജാവിനും ഭാര്യ ഹേറോദ്യക്കും ഇത് ഇഷ്ടപ്പെട്ടില്ല. യോഹന്നാനെ അവൾ തടവിലാക്കി.

ആ സമയത്താണ് ഹേറോദാവിന്റെ ജന്മദിനാഘോഷങ്ങൾ നടത്തപ്പെട്ടത്. അന്ന് ഹേറോദ്യയുടെ മകൾ ശലോമി ഒരു നൃത്തം ചെയ്തു. അതിൽ ഇഷ്ടപ്പെട്ട രാജാവ് അവളോട് നീ എന്തുചോദിച്ചാലും നിനക്കുതരാം എന്നു പറഞ്ഞു. അവൾ അമ്മയോട് അഭിപ്രായം ചോദിച്ചു. വിശുദ്ധനോട് കടുത്ത ദേഷ്യമുള്ള ഹേറോദ്യയുടെ ആലോചന കേട്ട് ആ മകൾ യോഹന്നാൻ സ്നാപകന്റെ തല ഛേദിച്ച് ഒരു പാത്രത്തിൽ നൽകണമെന്ന് ആവശ്യപ്പെട്ടു. രാജാവ് വൈമനസ്യത്തോടെയെങ്കിലും കൊടുത്ത വാക്ക് പാലിക്കുവാനായി അതുപോലെ ചെയ്യുവാൻ ഉത്തരവിട്ടു. യോഹന്നാന്റെ ശിരസ്സ് ഛേദിച്ച് താലത്തിൽ വെച്ച് ശലോമിക്കു നൽകി.

ജീവൻ നഷ്ടപ്പെട്ടെങ്കിലും വിശുദ്ധന്റെ ആത്മാവ് അപ്പോൾ തന്നെ പറുദീസായിലെ സന്തോഷത്തിൽ എത്തിച്ചേർന്നു. ഹേറോദാവിനും കുടുംബത്തിനും ഒട്ടേറെ തിരിച്ചടികൾ പിൻകാലത്ത് ഉണ്ടായി. ഹേറോദാവിന്റെ അന്ത്യം ദാരുണമായിരുന്നു.

കർത്താവിന്റെ മുന്നോടിയായ സ്നാപകയോഹന്നാൻ സഭയിലെ ഒരു വലിയ പരിശുദ്ധനായി അംഗീകരിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ നാമത്തിൽ, നമ്മുടെ സഭയിൽ പള്ളികളുമുണ്ട്.

## നമുക്ക് ചിന്തിക്കാം

1. സ്നാപകൻ എന്ന വാക്കിന്റെ അർത്ഥം എന്ത്?

   ..........................................................................................................................

2. സ്നാപകയോഹന്നാന്റെ മാതാവിന്റെ പേരു പറയുക.

   ..........................................................................................................................

3. യോഹന്നാനെ ശിരച്ഛേദം ചെയ്യിച്ച രാജാവ്.

   ..........................................................................................................................

4. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ നിങ്ങൾ ......................................................

5. നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോട് .......................................ഞങ്ങളുടെ മേൽ ........................ ചെയ്യേണമേ.

## പ്രവർത്തനങ്ങൾ

1. യോഹന്നാന്റെ പിതാവായ സഖറിയാ ആരായിരുന്നു? ശരിയായിട്ടുള്ളത് (✓) ചെയ്യുക
   1. കൂടാരപ്പണിക്കാരൻ ☐
   2. മീൻപിടുത്തക്കാരൻ ☐
   3. പുരോഹിതൻ ☐
   4. മരപ്പണിക്കാരൻ ☐
2. യോഹന്നാനെ എപ്രകാരമാണ് രാജാവ് വധിച്ചത്.
   1. കുരിശിൽ തറച്ചുകൊന്നു. ☐
   2. തലകീഴായി ക്രൂശിച്ചു. ☐
   3. ദുഷ്ടമൃഗത്തിന് എറിഞ്ഞുകൊടുത്തു. ☐
   4. വാളുകൊണ്ട് തലവെട്ടി കൊന്നു. ☐
3. യോഹന്നാന്റെ സ്വഭാവസവിശേഷത എന്തായിരുന്നു.
   1. ഒന്നിനോടും പ്രതികരിക്കാത്ത ആളായിരുന്നു. ☐
   2. എന്തിനോടും യോജിച്ചുപോകുന്ന ആളായിരുന്നു. ☐
   3. തെറ്റ് കണ്ടാൽ ഭയമില്ലാതെ അത് ചോദ്യം ചെയ്യുന്ന ആളായിരുന്നു. ☐
   4. ജീവനെ പേടിയുള്ള ആളായിരുന്നു. ☐
4. സ്നാപകയോഹന്നാന്റെ ചിത്രം നിങ്ങൾ ഏതെങ്കിലും ദൈവാലയത്തിൽ കണ്ടിട്ടുണ്ടോ?

### നമുക്കുപാടാം

നിൻ ജനനി മറിയാം - സ്നാപകനാം യൂഹാനോൻ
എന്നിവരർത്ഥിക്കും - നിന്നൊട്, ഞങ്ങൾക്കായ്
കൃപ ചെയ്തീടണമേ.

(സ്ലീബാ, പ്രഭാതം)

### നമുക്ക് പ്രാർത്ഥിക്കാം

(ഒരാൾ ചൊല്ലിക്കൊടുത്ത് മറ്റുള്ളവർ ഏറ്റുപറയുക). കാരുണ്യവാനായ കർത്താവേ തിന്മയ്ക്കു കീഴടങ്ങാതിരിക്കാനുള്ള ശക്തി ഞങ്ങൾക്കു നല്കേണമേ...! നന്മചെയ്യുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. ദൈവരാജ്യം സുവിശേഷിക്കുവാൻ ഞങ്ങളെ ശക്തരാക്കേണമെ. മാനസാന്തരപ്പെട്ടു എന്നു വ്യക്തമാക്കുന്ന ജീവിതവും പ്രവർത്തനങ്ങളും ഞങ്ങൾക്കു നല്കേണമെ. സ്നാപകയോഹന്നാനെപ്പോലെ വ്രതശുദ്ധിയുള്ളവരായി ജീവിക്കുവാൻ ഞങ്ങളെ ഒരുക്കേണമേ. ആമ്മീൻ

**നിശ്ചയം**

**കള്ളം, ചതി, വിദ്വേഷം, കോപം മുതലായ എല്ലാ തിന്മകളിൽനിന്നും അകന്ന് ഞങ്ങൾ ജീവിക്കും**

### തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി.മത്താ. 11:1-19 |
| തിങ്കൾ | വി.ലൂക്കോ. 1:5-7 | വി.മർക്കോ. 10:3-16 |
| ചൊവ്വ | വി.ലൂക്കോ. 1:8-17 | വി. മത്താ. 18:-5 |
| ബുധൻ | വി.ലൂക്കോ. 1:18-23 | 1 യോഹ. 3:-3 |
| വ്യാഴം | വി.ലൂക്കോ. 1:57-66 | എഫേ. 6:-4 |
| വെള്ളി | വി.ലൂക്കോ. 3:1-6 | കൊലോ. 3:20-21 |
| ശനി | വി.ലൂക്കോ. 3:7-14 | സങ്കീ. 128:1-6 |
| ഞായർ | വി.മത്താ. 14:1-12 | * |

## പാഠം 23

# കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്
## (പാമ്പാടി തിരുമേനി)

**മുഖ്യസന്ദേശം:** ലളിത ജീവിതവും ദാനശീലവും, പ്രാർത്ഥനയും ജീവിത വിശുദ്ധിയും കൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തിയ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് എന്ന പാമ്പാടി തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ നമുക്കു ശരണപ്പെടാം.

**മനഃപാഠവാക്യം:** "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ." (എബ്രായർ 13:7)

### ആമുഖം

നമ്മുടെ സഭ പരിശുദ്ധന്മാരായി പ്രഖ്യാപിച്ചിട്ടുള്ളത് ആരെയെല്ലാമാണ് എന്ന് നിങ്ങൾക്കറിയാമോ? പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും യൽദോ മാർ ബസേലിയോസും വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയും.

പരിശുദ്ധന്മാരായി പ്രഖ്യാപിച്ചില്ലെങ്കിലും വിശുദ്ധരായി വിശ്വാസികൾ അംഗീകരിക്കുന്ന മറ്റു പലപിതാക്കന്മാരുമുണ്ട്. അവരേക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? ആരുടെയെങ്കിലും പേരുകൾ നിങ്ങൾക്കറിയാമോ...?

കുറിച്ചി ബാവാ എന്നു വിളിക്കപ്പെടുന്ന ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ. ഏകദേശം 27,000 പേരെ സഭയിൽ ചേർത്ത പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി, പാമ്പാടി തിരുമേനി എന്നു വിളിക്കപ്പെടുന്ന കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തുടങ്ങിയ പിതാക്കന്മാർ അനേകരുണ്ട്. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെപ്പറ്റി നമുക്ക് ഇന്ന് പഠിക്കാം.

### പാഠഭാഗം

പാമ്പാടി തിരുമേനിയുടെ ബാല്യകാലത്തിലെ ഒരു സംഭവം വളരെ ശ്രദ്ധേയമാണ്. പാമ്പാടി പള്ളിയിലേക്കു ഈ ബാലൻ നടന്നുവരുമ്പോൾ, പള്ളിയുടെ മുറ്റത്ത് ഒരു പശു ചാണകമിട്ടിരിക്കുന്നതു കണ്ടു. ഈ ബാലൻ അത് കൈകൊണ്ടു കോരി അടുത്തുള്ള മരത്തിൻചുവട്ടിൽ കൊണ്ടിട്ടു. കാലും കൈയും കഴുകി പള്ളിയിലേക്കു കയറാൻ തുടങ്ങുമ്പോൾ പള്ളിയിലെ ശുശ്രൂഷക്കാരൻ ബാലനെ വിളിച്ചു. തിരുമേനി വിളിക്കുന്നു എന്നു പറഞ്ഞു. അന്ന് പാമ്പാടി സെന്റ് ജോൺസ് പള്ളിയിൽ കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനി വിശ്രമിക്കുന്നുണ്ടായിരുന്നു. ബാലന്റെ ഈ നല്ല പ്രവർത്തിയെ തിരുമേനി ദൂരെ നിന്നു കാണുന്നുണ്ടായിരുന്നു.

അവനെ വിളിച്ചു പേര് ചോദിച്ചു. കുറിയാക്കോസ് എന്ന് മറുപടിയും പറഞ്ഞു. അതോ ടൊപ്പം ആരും നിർദ്ദേശിക്കാതെ ചെയ്ത നല്ല പ്രവർത്തിയെ തിരുമേനി വളരെ അഭിന ന്ദിച്ചു. ബാലന്റെ പിതാവിനെ വരുത്തി അവനെ ദൈവവേലയ്ക്ക് അയയ്ക്കണമെന്ന് ആവശ്യപ്പെട്ടു. പിതാവ് അപ്രകാരം ചെയ്തു.

ചെറുതെങ്കിലും ചെയ്ത നല്ല പ്രവർത്തിയിലൂടെ ആ ബാലന്റെ ഉള്ളിലെ നന്മയെ തിരുമേനി തിരിച്ചറിഞ്ഞു. നമ്മുടെ കർത്താവ് പഠിപ്പിച്ച 'അല്പത്തിൽ വിശ്വസ്തനായവനെ അധികത്തിനു വിചാരകനാക്കും' എന്ന കല്പന ഈ ബാലനിൽ കാലക്രമേണ നിറവേറി.

## തിരുമേനിയുടെ ജനനവും ബാല്യകാലവും

1885 ഏപ്രിൽ 5-ന് കോട്ടയം ജില്ലയിലെ പാമ്പാടി എന്ന ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന് മൂന്നു സഹോദരന്മാരും അഞ്ചു സഹോദരിമാരും ഉണ്ടായിരുന്നു. കുറിയാക്കോസ് എന്നായിരുന്നു അദ്ദേഹത്തിന്റെ നാമം. മക്കളെ നല്ല ദൈവഭക്തിയിൽ മാതാപിതാക്കൾ വളർത്തി. രാമൻപിള്ളയെന്ന മത്തിലാശാനാണ് എഴുത്തും വായനയും പഠിപ്പിച്ചത്. അന്നത്തെ ഗുരുശിഷ്യബന്ധം ഒരു പ്രത്യേക തരത്തിലായിരുന്നു. ശിഷ്യന്മാരെ സൽസ്വഭാവികളും ദൈവഭക്തരും മാതാപിതാക്കളെയും ഗുരുക്കന്മാരെയും അനുസരി ക്കുന്നവരും, സാധുക്കളോടു കരുണയുള്ള വരുമായി വളർത്തുന്നതിലായിരുന്നു കൂടുതൽ ശ്രദ്ധിച്ചിരുന്നത്. കുറിയാക്കോസ് ഈ കാര്യങ്ങളിലെല്ലാം മുൻപന്തിയിലായിരുന്നു.

## തിരുമേനി ദൈവികപദവിയിലേക്ക്

അദ്ദേഹത്തിന്റെ ബാല്യത്തിൽ തന്നെയുള്ള ഭക്തിജീവിതം കണ്ടിട്ട് 14-ാം വയസ്സിൽ ശെമ്മാശ്ശപട്ടവും 21-ാം വയസ്സിൽ കശ്ശീശാപട്ടവും നൽകി. മലങ്കര സഭയിലെ ഒന്നാമത്തെ കാതോലിക്കായായിരുന്ന പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ആണ് അദ്ദേഹത്തിന് 1906 ജൂലൈ 28-ന് കശ്ശീശാപട്ടം നൽകിയത്. പഴയസെമിനാരിയിലെ സുറിയാനി പഠന ത്തിലൂടെ പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയുടെ വാത്സല്യ ശിഷ്യനുമായി.

## തിരുമേനിയുടെ പ്രാർത്ഥനാജീവിതം

നിങ്ങൾ പതിവായി പ്രാർത്ഥിക്കാറുണ്ടോ? പ്രാർത്ഥന നമ്മെ ശുദ്ധീകരിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്നു. വിശുദ്ധരെല്ലാം പതിവായി പ്രാർത്ഥിച്ചിരുന്നു. എപ്പോഴും പ്രാർത്ഥിക്കുന്ന ഒരു താപസശ്രേഷ്ഠനായി വളർന്നു. ഇതിനോടകം ആശ്രമവ്രതമായ റമ്പാൻ സ്ഥാനം സ്വീകരിച്ചുകഴിഞ്ഞിരുന്നു. ഏകാന്തതയിൽ പ്രാർത്ഥിയ്ക്കാനായിട്ട് അദ്ദേ ഹത്തിന്റെ ഗുരുശ്രേഷ്ഠനായ മത്തിലാശാൻ പൊത്തൻപുറം കുന്നിൽ 12 ഏക്കർ സ്ഥലം കുറിയാക്കോസ് റമ്പാച്ചന് നൽകി. അന്ന് പാമ്പാടിയിലെ പൊത്തൻപുറം കുന്ന് തികച്ചും കാട്ടുപ്രദേശം തന്നെയായിരുന്നു. മഹർഷിമാരേപ്പോലെ ഈ കുന്നിന്റെ മുകളിൽ ചെറിയ കുടിൽ കെട്ടി, അദ്ദേഹം അവിടെ താമസിച്ചു. പ്രാർത്ഥനയിലും നോമ്പിലും, ഉപവാസ ത്തിലും മുഴുകി. വലിയ ആത്മീയശക്തി അദ്ദേഹത്തിനുണ്ടായി. മെത്രാച്ചനാകണമെന്നു നിർബന്ധിച്ചപ്പോൾ ഒഴിഞ്ഞുമാറി. ഒടുവിൽ തന്റെ ഗുരുവായ വട്ടശ്ശേരിൽ തിരുമേനിയുടെ നിർബന്ധം മൂലം 1929-ൽ മെത്രാനായി. പൊത്തൻപുറത്ത് പള്ളിയും, ആശ്രമ കെട്ടിടവും ഉണ്ടാക്കി. അതിന് താബോർഗിരി എന്ന് പേരിടുകയും ചെയ്തു. അദ്ദേഹം 36 വർഷം കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്നു.

## തിരുമേനിയുടെ മദ്ധ്യസ്ഥതയാൽ രോഗസൗഖ്യം

പരിശുദ്ധരുടെ പ്രാർത്ഥനയാൽ നടന്ന ഏതെങ്കിലും ഒരു അദ്ഭുതസംഭവം പറയാമോ? പാമ്പാടി തിരുമേനിയുടെ പ്രാർത്ഥനമൂലം അനേകം രോഗികൾ സൗഖ്യം പ്രാപിച്ചിട്ടുണ്ട്. പാമ്പാടി ദയറാ, ദുഃഖിതർക്കും പീഡിതർക്കും ദരിദ്രന്മാർക്കും ഒരു അഭയ കേന്ദ്രമായി. ഓരോരുത്തരുടെയും ശാരീരിക, മാനസിക, ആത്മീയ ആവശ്യങ്ങൾക്കനുസരിച്ച് തിരുമേനിയുടെ അടുക്കൽ വന്ന എല്ലാവർക്കും അദ്ദേഹം ആശ്വാസം നൽകി. എന്തിനധികം, പ്ലേഗ് എന്നറിയപ്പെടുന്ന മാരകരോഗം വന്ന കുന്നംകുളം പ്രദേശത്തേക്ക് അദ്ദേഹംപോയി. ആ കാലത്ത് ഇത്തരം പകരുന്ന രോഗം വന്നാൽ മരണം സുനിശ്ചിതമായിരുന്നു. തന്നെയുമല്ല അത് പകരുന്നതുമാണ്. തിരുമേനി ഇതൊന്നും കണക്കിലെടുക്കാതെ കുന്നംകുളത്തേക്കു യാത്രയായി. രോഗികളുടെ എല്ലാ ഭവനങ്ങളിലും കയറിയിറങ്ങി പ്രാർത്ഥിച്ചു. എല്ലാവർക്കും സൗഖ്യം കിട്ടി. അതുപോലെ സാമ്പത്തിക ഞെരുക്കമുള്ളവർക്കും പട്ടിണിക്കാർക്കും കണക്കുനോക്കാതെ സഹായം നൽകി. ആ കാലത്ത് പട്ടിണിയും ദാരിദ്ര്യവും ഇന്നത്തേക്കാൾ ഏറെയായിരുന്നു. ദൈവസ്നേഹവും മനുഷ്യസ്നേഹവും ഒരു പോലെ സംയോജിപ്പിച്ച തിരുമേനിയിൽ കൂടി ഒട്ടേറെ അതിശയങ്ങൾ നടന്നു. ദൈവിക ഇടപെടലുകളുണ്ടായി. എന്നാൽ അത്ഭുതങ്ങൾ പ്രസിദ്ധപ്പെടുത്തി പ്രചരിപ്പിക്കുവാൻ അദ്ദേഹം ആഗ്രഹികൃച്ചിരുന്നില്ല.

## തിരുമേനിയുടെ അന്ത്യം

തിരുമേനിമാരുടെ കബറടക്കശുശ്രൂഷകളിൽ നിങ്ങൾ പങ്കെടുത്തിട്ടുണ്ടോ? പാമ്പാടി തിരുമേനിയുടെ അന്ത്യം വളരെ അത്ഭുതകരമായിരുന്നു. 1965 ഏപ്രിൽ 5-ാം തീയതി തന്റെ 80 വയസ്സ് പൂർത്തിയായ ജന്മനാളിൽതന്നെ വെളുപ്പിന് 2.35-ന് തിരുമേനി കാലം ചെയ്തു. മരണം സംഭവിച്ച ഉടനെ തിരുമേനി എപ്പോഴും ഉപയോഗിച്ചിരുന്ന തന്റെ വാച്ച് നിന്നുപോയി. ആ വാച്ച് ഇന്നും ദയറായിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അതിൽ സമയം 2.35 എന്ന് നമുക്ക് കാണാം. പൊത്തൻപുറം കുന്നിലുള്ള ദയറാപള്ളിയിൽ തിരുമേനിയുടെ ഭൗതിക ശരീരം കബറടക്കി. അനേകം പേർ ഇന്നും അദ്ദേഹത്തിന്റെ കബറിടം സന്ദർശിച്ച് പ്രാർത്ഥിക്കുകയും അനുഗ്രഹം നേടുകയും ചെയ്യുന്നു. ആ കബറിടത്തിൽ നിങ്ങളും അവസരം കിട്ടുമ്പോൾ പോയി പ്രാർത്ഥിക്കുന്നത് അനുഗ്രഹപ്രദമായിരിക്കും.

### നമുക്ക് ചിന്തിക്കാം

1. മലങ്കരയിലെ പ്രഖ്യാപിത പരിശുദ്ധർ ആരെല്ലാം?
2. വിശുദ്ധജീവിതം നയിച്ച് ജീവിച്ച് കാലം ചെയ്ത അഞ്ചു പിതാക്കന്മാരുടെ പേരുകൾ പറയുക.
3. പാമ്പാടി തിരുമേനിയുടെ ഗുരുനാഥൻ ആരായിരുന്നു?
4. സ്ലീബാ ദാസസമൂഹത്തിന്റെ സ്ഥാപകനും ഏറ്റവും കൂടുതൽ ആളുകളെ സഭയിലേക്കു ചേർക്കുകയും ചെയ്ത പിതാവ്.
5. ബാലനായ കുറിയാക്കോസിന്റെ ഏത് പ്രവൃത്തിയാണ് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയെ ആകർഷിച്ചത്?
6. ദയറാ എന്നതുകൊണ്ട് നിങ്ങൾ മനസ്സിലാക്കുന്നതെന്ത്?

## പ്രവർത്തനങ്ങൾ

7. ശരിയായ ഉത്തരത്തിനു നേരെ (✓) അടയാളമിടുക.

1. ഏതു സ്ഥലത്തുള്ള ആളുകളെയാണ് പ്ലേഗ്രോഗം വന്നപ്പോൾ തിരുമേനി വീടുകൾ തോറും കയറി പ്രാർത്ഥിച്ചു സൗഖ്യം വരുത്തിയത്.
    1. പാമ്പാടി
    2. കോട്ടയം
    3. പരുമല
    4. കുന്നംകുളം
2. മെത്രാൻ സ്ഥാനം സ്വീകരിക്കുവാൻ പാമ്പാടി തിരുമേനിയെ നിർബന്ധിച്ച വ്യക്തി.
    1. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ
    2. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ്
    3. പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ്
    4. പത്രോസ് മാർ ഒസ്താത്തിയോസ്
3. ഇന്ന് 'പാമ്പാടി ദയറാ' എന്ന് അറിയപ്പെടുന്ന പൊത്തമ്പുറം കുന്നിന് തിരുമേനി നല്കിയ പേര്.
    1. താബോർ ഗിരി
    2. ബസേലിയോസ് ദയറാ
    3. കർമ്മേൽ ദയറാ
    4. ബഥനി ആശ്രമം
4. പാമ്പാടി ദയറായിൽ തിരുമേനിയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിക്കുക.
5. പാമ്പാടി തിരുമേനിയുടെ ജീവചരിത്രം വായിക്കുക.
6. പാമ്പാടി ദയറായോടനുബന്ധിച്ചുള്ള മ്യൂസിയം സന്ദർശിച്ച് ചിത്രങ്ങൾ ശേഖരിക്കുക.

### നമുക്ക് പാടാം

കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്
പാമ്പാടിയിലെ മുനിശ്രേഷ്ഠാ
മലങ്കര സഭയുടെ പനിമലരേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ഉത്തമ ദയറായക്കാരാ
വാത്സല്യം നിറയും താതാ
താബോർ മലയിലെ ദിവ്യഗുരോ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

പ്രാർത്ഥന നോമ്പെന്നിവയാലെ
വിശ്വാസം പരിരക്ഷിച്ച
കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

## നമുക്ക് പ്രാർത്ഥിക്കാം

(ഒരാൾ ചൊല്ലിക്കൊടുക്കണം. എല്ലാവരും ചേർന്ന് പ്രതിവാക്യം പറയണം.)

ഒരാൾ: വിശുദ്ധനായ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനീ...

എല്ലാവരും: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

ഒരാൾ: നോമ്പ്, ഉപവാസം, പ്രാർത്ഥന എന്നിവ മൂലം വിശുദ്ധരായിത്തീരുവാൻ...

എല്ലാവരും: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

ഒരാൾ: അങ്ങയെപ്പോലെ മനുഷ്യനോടും സകല ജീവജാലങ്ങളോടും സ്നേഹപൂർവ്വം പെരുമാറുവാനുള്ള മനസ്സ് ലഭിക്കുവാൻ...

എല്ലാവരും: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

**നിശ്ചയം**

**പാവങ്ങളോട് കരുണയും ദയയും സ്നേഹവും പരിചരണവും
കാട്ടിത്തന്ന പാമ്പാടി തിരുമേനിയുടെ ജീവിതപാത
ഞാൻ പിന്തുടരും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 22:1-5 |
| തിങ്കൾ | 1 ശമു. 2:8-11 | സങ്കീ. 47:1-9 |
| ചൊവ്വ | 1 ദിന. 16:8-15 | സങ്കീ. 30:1-4 |
| ബുധൻ | ലേവ്യ 11:14-45 | സങ്കീ. 93:1-5 |
| വ്യാഴം | യെശ. 57:14-15 | സങ്കീ. 99:1-9 |
| വെള്ളി | 1 പത്രോസ് 1:13-16 | 1 തീമൊ. 4:6-12 |
| ശനി | 1 കൊരി. 3:16-17 | വി.യോഹ. 15:4-5 |
| ഞായർ | റോമർ 12:1-2 | * |

## യൂണിറ്റ് എട്ട്

# നല്ല ശീലങ്ങൾ

## പാഠം 24

## വിനയം: മഹത്വത്തിലേക്കുള്ള പാത

**മുഖ്യസന്ദേശം**: ഒരു വ്യക്തിയെ മഹത്വമണിയിക്കുന്ന ഗുണവിശേഷമായ വിനയത്തെക്കുറിച്ച് പഠിച്ച് അത് ജീവിതത്തിൽ പ്രാവർത്തികമാക്കുക.

**മനഃപാഠവാക്യം**: "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ." (വി.മത്തായി 11:29)

### ആമുഖം

വേദപുസ്തകത്തിൽ ഏറ്റവും സൗമ്യനായ ഒരു വ്യക്തിയെപ്പറ്റി പറഞ്ഞിട്ടുണ്ട്. അദ്ദേഹം ആരാണെന്നറിയാമോ? മോശ എന്ന പ്രവാചകനായിരുന്നു. ചെറുപ്പം മുതൽ വിനയം ഉള്ളവരായി ജീവിക്കുവാൻ എങ്ങനെയാണ് നമുക്ക് കഴിയുക. വിനയം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുവാൻ നമുക്ക് പരിശ്രമിക്കാം. വിനയം എന്ന ശ്രേഷ്ഠഗുണത്തെപ്പറ്റി നമുക്ക് ഇന്ന് പഠിക്കാം.

### പാഠഭാഗം

അനുകരിക്കുവാൻ പ്രയാസവും എന്നാൽ ജീവിതവിജയത്തിന് അത്യന്താപേക്ഷിതവുമായ ഒരു നല്ല ഗുണമാണ് വിനയം. വിനയം എന്നാൽ എന്ത്? അത് ഒരു ആന്തരികഭാവമാണ്. "ആത്മസംയമനം, അഹംഭാവമില്ലായ്മ, മറ്റുള്ളവർക്ക് അസഹ്യമായ അഭിപ്രായ പ്രകടനങ്ങളിൽ നിന്നും പിൻവാങ്ങുക, സംഭാഷണത്തിൽ മിതത്വമാചരിക്കുക, പെരുമാറ്റത്തിൽ മര്യാദപുലർത്തുക തുടങ്ങിയ ഗുണങ്ങളുടെ സമ്മോഹന സമ്മേളനമാണ് വിനയം."

ദൈവവിശ്വാസമുള്ളവർ എപ്പോഴും വിനയശാലികളായിരിക്കും. കാരണം പ്രപഞ്ചശക്തിയെക്കുറിച്ച് അവർക്കു ബോദ്ധ്യമുണ്ട്. മറ്റുള്ളവരുടെ സ്നേഹത്തിനും, ആദരവിനും നിദാനമായ ഒരു ഗുണവിശേഷമാണ് വിനയം. വിനയമുള്ളവർക്ക് ഉയർച്ചയുണ്ട്. കാരണം അവരെ ആരും സഹായിക്കും.

വിനയമുള്ളവരെ എങ്ങനെ നമുക്ക് തിരിച്ചറിയാം? നമ്മുടെ കർത്താവ് അരുളിച്ചെയ്തു. "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട്

പഠിപ്പിൻ." (വി. മത്തായി 11:20) വിനയത്തിന്റെ ശ്രേഷ്ഠ ഉദാഹരണമാണ് നമ്മുടെ കർത്താവിന്റെ പുൽക്കൂട്ടിലെ ജനനം. യേശു വളർന്നത് സാധാരണ യഹൂദ കുടുംബത്തിൽ ആണ്. യേശുവിന്റെ വളർച്ചയെപ്പറ്റി വി. വേദപുസ്തകം പറയുന്നത്: "യേശുവോ ജ്ഞാന ത്തിലും കൃപയിലും മുതിർന്നുവന്നു." (വി. ലൂക്കോസ് 2: 52) മറ്റുള്ളവർക്ക് വിധേയരായി കഴിയണമെങ്കിൽ വിനയം ആവശ്യമാണ്. മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിനും അവർക്ക് സേവനം ചെയ്യുന്നതിനും കഴിയണമെങ്കിൽ വിനയഭാവമുള്ളവർക്കേ കഴിയൂ. "മനുഷ്യ പുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നത്." (മർക്കോ. 10:45) നമ്മുടെ കർത്താവ് വിനയ ത്തിന്റെ ഏറ്റവും വലിയ മാതൃക തന്റെ ശിഷ്യന്മാരുടെ കാൽ കഴുകിക്കൊണ്ടു ലോകത്തിനു കാണിച്ചുകൊടുത്തു.

പ്രവാചകന്മാരുടെ തലവനായ മോശയെക്കുറിച്ച് വി. വേദപുസ്തകം പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: "മോശ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു." (സംഖ്യ 12:3) ഇസ്രായേലിന്റെ നേതൃസ്ഥാനത്തേക്ക് മോശയെ ദൈവം വിളിച്ചപ്പോൾ വിനയത്തോടെ തന്റെ ബലഹീനതയെ യഹോവയുടെ മുമ്പിൽ മോശ അറിയിക്കുകയാണ് ചെയ്തത്. സൗമ്യനായ മോശയെ ദൈവം എടുത്ത് ഉപയോ ഗിച്ചു.

### അല്പം നിർത്താം... ചിന്തിക്കാം

1. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഏറ്റവും സൗമ്യനായ വ്യക്തി ആര്?

   ......................................................................................................................

2. 'വിനയം' എന്നതിന് ഒരു നിർവചനം നൽകുക.

   ......................................................................................................................

3. പ്രവാചകന്മാരുടെ തലവൻ ആര്?

   ......................................................................................................................

വിനയം ഹൃദയത്തിനു പരിശുദ്ധിയുണ്ടാക്കുന്നു. ഉപരിപ്ലവമായ അഭിപ്രായങ്ങൾക്കൊ രുമ്പെടാതെ പക്വമായി ചിന്തിക്കുന്നതിനും വിലയിരുത്തുന്നതിനും സഹായിക്കുന്നു. വിനയം വളരുന്നതിന് നമ്മിൽ ചില സുകൃതങ്ങൾ ആവശ്യമാണ്. ക്ഷമ, ധൈര്യം, സഹി ഷ്ണുത, നിഷ്ക്കപടത, ഔദാര്യം എന്നീ ഗുണങ്ങൾ നിറയുന്ന ഹൃദയത്തിലാണ് വിനയം മുളയ്ക്കുന്നതും വളരുന്നതും.

ദൈവകാരുണ്യത്തിനായി പ്രാർത്ഥിക്കുന്നവന് വിനയം അവശ്യം വേണമെന്ന് വ്യക്ത മാക്കുവാൻ യേശുക്രിസ്തു ഒരു ഉപമ പറഞ്ഞു. (വി. ലൂക്കോസ് 18:9-14) രണ്ടുപേർ ദൈവാ ലയത്തിലേക്ക് പ്രാർത്ഥിക്കുവാൻ പോയി. പരീശനും ചുങ്കക്കാരനും. പരീശൻ തന്റെ കൃത്യങ്ങളും നേട്ടങ്ങളും ഓരോന്നായി ദൈവമുമ്പാകെ നിരത്തി. മറ്റാരെക്കാളും താൻ മികച്ചവനെന്ന് അവകാശപ്പെട്ടു. എന്നാൽ സമൂഹത്തിൽ നിന്ദിതനായി കരുതപ്പെട്ടിരുന്ന ചുങ്കം പിരിവുകാരൻ അകലത്തുനിന്ന് സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തുന്നതിനു പോലും ധൈര്യപ്പെടാതെ മാറത്തടിച്ചുകൊണ്ട് 'ദൈവമേ, പാപിയായ എന്നോട്

കരുണയുണ്ടാകേണമേ' എന്നു പ്രാർത്ഥിച്ചു. രണ്ടുപേരുടെയും പ്രാർത്ഥനയെക്കുറിച്ചും അതിന്റെ ഫലത്തെക്കുറിച്ചും യേശുക്രിസ്തു ഒരു വിലയിരുത്തൽ നടത്തി. "ചുങ്കക്കാരൻ പരീശനേക്കാൾ നീതികരിക്കപ്പെട്ടവനായി സ്വഭവനത്തിലേക്ക് മടങ്ങിപ്പോയി. എന്തെന്നാൽ സ്വയം ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; സ്വയം താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" എന്ന് യേശു പറഞ്ഞു.

ഒരു സംഭവം പറയട്ടെ. ബംഗാളിലെ ഒരു റെയിൽവേസ്റ്റേഷൻ. ഒരു ട്രെയിൻ വന്നു നിന്നു. വേഷഭൂഷാധികൾ ധരിച്ച പരിഷ്ക്കാരിയായ ഒരു ചെറുപ്പക്കാരൻ ഒരു പെട്ടിയും പിടിച്ച് ട്രെയിനിൽനിന്നിറങ്ങി. അവിടെത്തന്നെ നിന്നു. ഈ പെട്ടി ചുമന്നുകൊണ്ടുപോകുവാൻ ഒരു കൂലിക്കാരനെ പ്രതീക്ഷിച്ച് അവിടെ നില്ക്കുന്നു. 'കൂലി കൂലി' എന്ന് ഒന്നു രണ്ടുപ്രാവശ്യം ഉച്ചത്തിൽ വിളിച്ചു. ആരുമില്ല. കുറെക്കൂടെ കഴിഞ്ഞപ്പോൾ വീണ്ടും വിളിച്ചു. അപ്പോൾ അതുവഴി ഒരാൾ വന്നു. ബംഗാളി ഷാൾ പുതച്ച ഒരാൾ തന്നെ.

"ഇവിടെ കൂലിക്കാരെ കിട്ടില്ലെ?" ചെറുപ്പക്കാരൻ ബംഗാളിയോട് ചോദിച്ചു. ആരുമില്ല-ഇതുമാത്രമല്ലേ ഞാൻ എടുക്കാം എന്നു ബംഗാളി പറഞ്ഞു - കൂലിയൊക്കെ പറഞ്ഞോണം എന്ന് ചെറുപ്പക്കാരൻ പറഞ്ഞത് പുഞ്ചിരിയോടെ മാത്രമെ അയാൾ കേട്ടുള്ളു. ചെറുപ്പക്കാരൻ വലിയ ഗൗരവത്തോടെ നടന്നു. പെട്ടിയുമായി പിറകെ ബംഗാളിയും - 'നിങ്ങൾക്ക് ഈശ്വരചന്ദ്രവിദ്യാസാഗറിന്റെ വീടറിയാമോ?' എന്ന് ചെറുപ്പക്കാരൻ ചോദിച്ചതിന് അറിയാം എന്നും അയാൾ മറുപടി പറഞ്ഞു.

"കൊള്ളാം നമുക്ക് അങ്ങോട്ടാണ് പോകേണ്ടത്. എനിക്ക് അദ്ദേഹത്തെ നേരിട്ട് കാണണം. ആ പാദങ്ങളിൽ നമസ്ക്കരിക്കണം." ചെറുപ്പക്കാരൻ പറഞ്ഞു.

"കുട്ടി, നിങ്ങൾ അന്വേഷിക്കുന്ന ആ ഈശ്വരചന്ദ്രവിദ്യാസാഗർ ഞാൻ തന്നെയാണ്. ബംഗാളി പഴയ പുഞ്ചിരിയോടെ പറഞ്ഞ." - പത്തൊമ്പതാം നൂറ്റാണ്ടിലെ ഭാരത ചരിത്രത്തിൽ അദ്വിതീയ സ്ഥാനം കരസ്ഥമാക്കിയിരുന്ന ഈശ്വര ചന്ദ്രവിദ്യാസാഗർ തന്നെയായിരുന്നു ആ ബംഗാളിയും.

ചെറുപ്പക്കാരന്റെ അഹങ്കാരം തലതാഴ്ത്തി. തന്റെ വിനയമില്ലായ്മയിൽ ഖേദിച്ചു. മഹാമനസ്കനായ വിദ്യാസാഗർ അയാളെ ആശ്വസിപ്പിച്ചു, അനുഗ്രഹിച്ചയച്ചു.

ദൈവം അഹങ്കാരത്തെ വെറുക്കുന്നു. വിനയത്തെ സ്നേഹിക്കുന്നു. അഹങ്കാരം ആപത്താണ് എന്ന് നാം കേട്ടിരിക്കും. ഇവിടെ ഈ കഥയിൽനിന്നും നാം പഠിക്കുന്നത് അതു തന്നെ.

വിനയമില്ലാത്തവർ തങ്ങൾ മഹാപണ്ഡിതരാണെന്നും സർവ്വകലാവല്ലഭരാണെന്നും ഭാവിച്ചു നടക്കും. അല്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിയിൽ കുടപിടിക്കും എന്ന പഴമൊഴി ഇത്തരക്കാർക്കാണ് ഇണങ്ങുക. പക്ഷേ ഇങ്ങനെയുള്ളവരെ ജനം ഉള്ളാലെ പുച്ഛിക്കുകയേയുള്ളു എന്നതാണ് പരമാർത്ഥം.

സംസ്ക്കാരത്തിന്റെ പ്രധാന ലക്ഷണം നല്ല പെരുമാറ്റമാണ്. മറ്റുള്ളവർക്ക് സന്തോഷവും മതിപ്പും ഉളവാക്കാൻ കഴിയുന്ന പെരുമാറ്റം വലിയ മൂലധനംതന്നെ. അത് നമ്മെ ഔന്നത്യത്തിലേക്ക് വഴിനടത്തും. വിനയം എന്ന അതിമഹത്തായ സുകൃതമാണ് നല്ല പെരുമാറ്റത്തിന് വഴിയൊരുക്കുന്നത്. വിനയമുള്ളവർക്കേ മറ്റുള്ളവരെ അംഗീകരിക്കു

വാനും ബഹുമാനിക്കുവാനും കഴിയുകയുള്ളു. വിനയത്തോടെയുള്ള പെരുമാറ്റം നമ്മുടെ വ്യക്തിത്വത്തെ മറ്റുള്ളവർ മാനിക്കുവാൻ ഇടയാക്കു. അത് നന്മകളിലേക്ക് നമ്മെ എത്തിക്കും. വിശിഷ്ടമായ സ്ഥാനങ്ങളും നേട്ടവും കൈവരിക്കുവാൻ അത് സഹായിക്കും. നമ്മുടെ കർത്താവ് ഗിരിപ്രഭാഷണത്തിലെ ഭാഗ്യവചനങ്ങളിലൂടെ നമ്മെ പഠിപ്പിക്കുന്നു. "സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും." (വി. മത്തായി 5:5)

## നമുക്ക് ചിന്തിക്കാം... പ്രവർത്തിക്കാം

1. ജീവിതത്തിൽ വിനയം കാട്ടിയിട്ടുള്ളവരെ വി. വേദപുസ്തകത്തിൽനിന്നും കണ്ടെത്തുക.
2. വിനയം സ്വഭാവഗുണമായുള്ള വ്യക്തികളെ പരിചയപ്പെടുക.
3. വിനയമുള്ള വ്യക്തികൾക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ എന്തെല്ലാമെന്ന് ടീച്ചറും കൂട്ടുകാരുമൊത്ത് ഒരു ചർച്ച നടത്തുക.
4. പൂരിപ്പിക്കുക

   1. ........................................ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും. (വി. മത്താ. 5:5)

   2.. യേശുവോ ................................യും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും ................................ മുതിർന്നു വന്നു. (വി. ലൂക്കോ. 2:52)

   3. ഞാൻ ................................യും ................................യും ഉള്ളവൻ ആകയാൽ എന്റെ ........................... ഏറ്റുകൊണ്ട് എന്നോട് പഠിപ്പീൻ. (വി. മത്തായി 11:29)

## നമുക്ക് പാടാം

സൗമ്യരിലല്ലാതെങ്ങമരും ഞാൻ എന്നുര ചെയ്തോൻ
ജാതരിലേറ്റം താഴ്മപ്പെട്ടുള്ളവളിൽ പാർത്താൻ.
ആരുമുയർത്തപ്പെട്ടില്ലിതുപോലതിനാൽ സ്പഷ്ടം
മറിയാമേപ്പോലാരും താഴ്മപ്പെട്ടിട്ടില്ല.
(സ്ലീബാ നമസ്കാരം മൂന്നാം മണി)

## നമുക്ക് പ്രാർത്ഥിക്കാം

സ്നേഹവാനായ കർത്താവേ, പ്രവാചകന്മാരുടെ തലവനായ മോശയെപ്പോലെയും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിനെപ്പോലെയും വിനയമുള്ളവരായി ജീവിപ്പാൻ ഞങ്ങളെ സഹായിക്കേണമെ. ആമ്മീൻ

**നിശ്ചയം**

**എല്ലാ മനുഷ്യരോടും സൗമ്യതയോടെ ഇടപെടുവാൻ ഞങ്ങൾ ശ്രദ്ധിക്കും**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 45:1-4 |
| തിങ്കൾ | സെഫ. 2:1-3 | സങ്കീ. 25:8-13 |
| ചൊവ്വ | കൊലോ. 3:12-13 | സങ്കീ. 149:1-5 |
| ബുധൻ | യാക്കോ. 1:19-20 | സങ്കീ. 37:1-11 |
| വ്യാഴം | 1 പത്രോസ് 3:13-15 | സങ്കീ. 147:1-7 |
| വെള്ളി | തീത്തോസ് 3:1-5 | വി.മത്താ. 5:1-9 |
| ശനി | 1 തീമോ. 6:10-13 | വി.മത്താ. 11:28-30 |
| ഞായർ | 2 തീമോ. 2:23-26 | * |

## പാഠം 25

# സത്യം: വിലയേറിയ നിധി

**മുഖ്യസന്ദേശം**: ദൈവം സത്യമാണ്. നാം ദൈവത്തിന്റെ മന്ദിരവും ദൈവം നമ്മിൽ വസിക്കുകയും ചെയ്യുന്നതിനാൽ നാം എപ്പോഴും സത്യസന്ധതയുള്ളവരായിരിക്കണം.

**മനഃപാഠവാക്യം**: 'ആകയാൽ ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് സത്യം ആചരിപ്പീൻ. നാം തമ്മിൽ അവയവങ്ങൾ അല്ലോ.' (എഫേസ്യർ 4:25)

### ആമുഖം

ഒരിക്കൽ ഒരു ബാലൻ വീട്ടിലുണ്ടായിരുന്ന കൈക്കോടാലിയുടെ മൂർച്ച പരിശോധിച്ചത് എങ്ങിനെയായിരുന്നു എന്നറിയാമോ? മുറ്റത്തുനിന്ന മനോഹരമായ ചെറിമരത്തിനിട്ട് ഒരു വെട്ടുകൊടുത്തു. പിതാവ് ഓമനിച്ച് വളർത്തിയിരുന്ന ആ ചെറിമരം മുറിഞ്ഞ് താഴെ വീണു. പിതാവ് വന്നപ്പോൾ ഈ കാഴ്ച കണ്ട് ദേഷ്യപ്പെട്ട് 'ആരാണിത് ചെയ്തത്?' എന്ന് ചോദിച്ചു. നല്ല ഭയം ഉള്ളിലുണ്ടായിരുന്നു എങ്കിലും ഈ ബാലൻ പിതാവിന്റെ അടുക്കലേക്ക് നേരെ ചെന്ന് ഇപ്രകാരം പറഞ്ഞു. "ഞാനാണപ്പാ ഇത് ചെയ്തത്; കോടാലിയുടെ മൂർച്ച നോക്കിയപ്പോൾ പറ്റിയതാണ്. എന്നോട് ക്ഷമിക്കൂ അപ്പാ." തന്റെ മകൻ സത്യംപറഞ്ഞത് കേട്ട് ആ പിതാവിന്റെ ദേഷ്യം ഇല്ലാതെയായി. സത്യസന്ധനായ ഈ ബാലൻ ആരായിരുന്നു എന്ന് അറിയേണ്ടേ? അമേരിക്കൻ പ്രസിഡന്റായിരുന്ന ജോർജ് വാഷിംഗ്ടൺ ആയിരുന്നു ആ ബാലൻ. അദ്ദേഹത്തെക്കുറിച്ച് പ്രചാരത്തിലുള്ളതാണ് ഈ കഥ. 'സത്യം' എന്ന സദ്ഗുണത്തെപ്പറ്റിയാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

ദൈവം നമ്മിൽ നിന്ന് എപ്പോഴും ആഗ്രഹിക്കുന്നത് സത്യത്തിൽ അടിസ്ഥാനമിട്ട ഒരു ജീവിതമാണ്. താത്ക്കാലിക ലാഭത്തിനായി പലരും സത്യസന്ധത ഉപേക്ഷിക്കുന്നു. അതു മൂലമുണ്ടാകുന്ന വിപത്തുകൾ വാക്കുകൾക്ക് അതീതമാണ്. എന്നാൽ സത്യം എന്നും നിലനിൽക്കും. അത് നമ്മെ സ്വതന്ത്രമാക്കി രക്ഷിക്കും.

വിശുദ്ധ വേദപുസ്തകത്തിൽ സത്യത്തിന്റെ മഹാത്മ്യവും ആവശ്യവും നമുക്ക് കാണുവാൻ കഴിയും. സത്യമായത് ഒക്കെയും ചിന്തിച്ചുകൊള്ളുവാൻ വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു (ഫിലിപ്യർ 4:8). "നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും നില്പിൻ." (എഫേസ്യർ 6:14) "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹന്നാൻ 8:32) എന്നുള്ള വചനം നാം വായിക്കുന്നുണ്ടല്ലോ. നമ്മുടെ കർത്താവിന്റെ മരണം

തന്നെ സത്യത്തിന് സാക്ഷിയാണ്. ദുഃഖവെള്ളിയാഴ്ച കുഴിച്ചുമൂടിയ സത്യം ഞായറാഴ്ച ഉയിർത്തെഴുന്നേറ്റു. അതേ, എത്ര മൂടിവെച്ചാലും സത്യം ഒരുനാൾ പുറത്തുവരിക തന്നെ ചെയ്യും. "സത്യം പറയുന്നവൻ നീതി അറിയിക്കുന്നു; കള്ളസാക്ഷിയോ വഞ്ചന അറിയിക്കുന്നു." (സദൃശ്യവാക്യങ്ങൾ 12:17) "സത്യം പറയുന്ന അധരം എന്നേക്കും നിലനില്ക്കും; വ്യാജം പറയുന്ന നാവോ മാത്രനേരത്തേക്കേയുള്ളൂ." (സദൃശ്യവാക്യങ്ങൾ 12:19) ഈ വാക്യങ്ങൾ ഒക്കെ വി. വേദപുസ്തകം സത്യത്തിനു നൽകുന്ന വില എത്രമാത്രം വലിയതാണെന്നു നമ്മെ പഠിപ്പിക്കുന്നു.

ഹൃദയങ്ങളെ ശ്രദ്ധയോടെ ദൈവം നോക്കി കാണുന്നു. ആയതിനാൽ നാം ദൈവസന്നിധിയിൽ കളങ്കമില്ലാത്ത ചിന്തയും വാക്കുകളും പ്രവർത്തനങ്ങളും കാഴ്ചവെക്കണം. അപ്പോഴാണ് പരിശുദ്ധാത്മാവിന്റെ കൃപകൾ നമ്മിൽ വർഷിക്കുന്നത്. ജീവിത ശൈലി സംശുദ്ധമാണെങ്കിൽ മാത്രമേ ലക്ഷ്യസ്ഥാനത്തെത്തുകയുള്ളൂ. അതിന് നാം എപ്പോഴും സത്യസന്ധരായിരിക്കണം. ചില കഷ്ടനഷ്ടങ്ങൾ ജീവിതത്തിൽ സംഭവിച്ചാലും നാം സത്യമെ പറയാവൂ. സത്യത്തിന്റെ വില നാം പിന്നീട് മനസ്സിലാക്കും. വി. വേദപുസ്തകം പഠിക്കുമ്പോൾ അകിലാവിനെയും പ്രിസ്കില്ലയേയും പോലെ സത്യസന്ധരാകുവാൻ നമുക്കും ദൈവത്തിൽ ആശ്രയിക്കാം. എന്നാൽ അനന്യാസിന്റെയും സഫീറയുടെയും കഥ മറ്റൊന്നാണ്. അവർ സത്യത്തെ മറച്ചുവെച്ചു. അനന്യാസ് തന്റെ നിലം വിൽക്കുന്ന വിവരം ഭാര്യയായ സഫീരയോട് ആലോചിച്ചാണ് ചെയ്തത്. വിറ്റുകിട്ടിയ പണം മുഴുവൻ അപ്പോസ്തലന്മാരെ ഏല്പിക്കാതെ ഒരു വീതം മാറ്റിവെയ്ക്കുവാൻ തയ്യാറായി. മാത്രമല്ല മറ്റുള്ളവരുടെ മുമ്പാകെ ബഹുമാനവും മാന്യതയും അവർ ആഗ്രഹിച്ചു. എന്നാൽ ദൈവമുമ്പാകെ തങ്ങളുടെ ഹൃദയം നേരുള്ളതല്ലായിരുന്നു. ഫലമോ, മരണശിക്ഷ അവർ അനുഭവിക്കുകയും ചെയ്തു. (അപ്പോ. പ്രവൃത്തികൾ 5:5-10)

ലോകചരിത്രത്തിൽ മഹാന്മാരായ നിരവധി വ്യക്തികളുടെ സത്യസന്ധത പ്രത്യേകം പരാമർശിക്കപ്പെട്ടിരിക്കുന്നു. ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നതും നാം സത്യസന്ധതയുള്ളവരായിരിക്കണം എന്നത്രേ. സമൂഹത്തെ താങ്ങുന്ന തൂണുകൾ സത്യം പറയുന്നവരത്രെ. സത്യം തുറന്നു പറയുമ്പോൾ മാത്രമേ ആന്തരിക സമാധാനം ലഭിക്കുകയുള്ളൂ.

**അല്പം നിർത്താം... ചിന്തിക്കാം**

1. സത്യത്തിന്റെ മാഹാത്മ്യം വ്യക്തമാക്കുന്ന വേദപുസ്തകവാക്യങ്ങൾ പറയുക.

   ..........................................................................................................

2. സത്യം കാത്തുസൂക്ഷിച്ചവരും സത്യം മറച്ചുവച്ചതുമായ ഭാര്യാഭർത്താക്കന്മാരെ ബൈബിളിൽനിന്നും കണ്ടുപിടിക്കുക?

   ..........................................................................................................

3. ലോകചരിത്രത്തിൽ സത്യസന്ധരായിരുന്ന ചില മഹദ്വ്യക്തികളുടെ പേരുകൾ പറയുക.

   ..........................................................................................................

മഹാത്മാഗാന്ധി സ്കൂളിൽ പഠിക്കുമ്പോൾ പരിശോധനയ്ക്കെത്തിയ ഇൻസ്പെക്ടർ ക്ലാസ്സിൽ കുട്ടികൾക്ക് കേട്ടെഴുത്തിട്ടു. അഞ്ചു വാക്കുകൾ പറയും. അത് എഴുതണം. മോഹൻദാസ് (മഹാത്മാഗാന്ധി) എന്ന കുട്ടിക്ക് Kettle എന്ന വാക്കിന്റെ സ്പെല്ലിങ് അറിയില്ലായിരുന്നു. ക്ലാസ് ടീച്ചർ രഹസ്യമായി മോഹൻദാസിന്റെ അടുത്തെത്തി കെറ്റിലിന്റെ സ്പെല്ലിങ് അടുത്തു നില്ക്കുന്ന കുട്ടിയുടെ സ്ലേറ്റിൽ നോക്കി എഴുതുവാൻ ആവശ്യപ്പെട്ടു. പക്ഷേ, അവൻ അതു ചെയ്യാൻ തയ്യാറല്ലായിരുന്നു. കോപ്പിയടിക്കാൻ അദ്ധ്യാപകൻ ആവശ്യപ്പെടുമെന്ന് ഒരിക്കലും അവൻ കരുതിയിരുന്നില്ല. ഒടുവിൽ കേട്ടെഴുത്ത് പരീക്ഷ കഴിഞ്ഞപ്പോൾ മോഹൻദാസ് ഒഴികെ ക്ലാസ്സിലെ മറ്റു കുട്ടികളെല്ലാം എല്ലാ വാക്കുകളും ശരിയാക്കി. കെറ്റിൽ എന്ന വാക്ക് അവന് തെറ്റി. ആരുമറിയാത്ത ചെറിയൊരു കള്ളത്തരത്തിലൂടെ ശരിയാക്കാമായിരുന്ന ഒരു തെറ്റ്. പക്ഷേ, മോഹൻദാസിനെ സംബന്ധിച്ച് അത് സത്യവിരുദ്ധമായിരുന്നു. ജീവിതത്തിലെ വിശ്വസ്തതയെ മുറുകെ പിടിച്ചു. തന്നിലുള്ള സത്യം ലോകത്തിനു മുമ്പിൽ അദ്ദേഹം കാണിച്ചുകൊടുത്തു.

സത്യത്തെക്കാൾ വലിയ ധർമ്മമില്ല. സത്യത്തെ മുറുകെ പിടിച്ച് ജീവിതത്തെ ധന്യമാക്കുവാൻ നമുക്കും കഴിയും. നമ്മുടെ ഭവനത്തിൽ നാം സത്യസന്ധത പരിശീലിക്കണം. നാം സത്യമേ സംസാരിക്കാവൂ. അത് ചിലപ്പോൾ ചെറിയ നഷ്ടങ്ങൾ ജീവിതത്തിൽ ഉണ്ടാക്കും. എന്നാൽ സത്യം നമ്മുടെ മനസ്സിന് ശാന്തി പകർന്നുതരും. സ്കൂളിൽ അദ്ധ്യാപകരുടെയും സഹപാഠികളുടെയും മുമ്പിൽ നാം സത്യത്തിന് വില കല്പിച്ച് പെരുമാറുമ്പോൾ നമ്മുടെ ജീവിതം സുരക്ഷിതമായ ഒരു ഭാവിയിലേക്കുള്ള പ്രയാണം ആരംഭിക്കുകയാണ്. ക്രിസ്തീയ ജീവിതത്തിൽ നാം കാണിക്കുന്ന സത്യസന്ധത നമ്മുടെ കർത്താവിനെ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുന്ന ഏറ്റവും വലിയ സാക്ഷ്യമാണ്. സത്യവാനായ ഒരു വിദ്യാർത്ഥി അല്ലെങ്കിൽ ഒരു ക്രിസ്ത്യാനി എന്ന് മറ്റുള്ളവർ നമ്മുടെ ജീവിതം കണ്ടു സാക്ഷിക്കണം. സത്യത്തിന് വില കല്പിക്കാതെ തന്റേടവും അഹങ്കാരവും കാണിക്കുന്നവർക്ക് പിന്നീട് അതെക്കുറിച്ച് ഓർത്തു ദുഃഖിക്കേണ്ടിവരും.

**നമുക്ക് ചിന്തിക്കാം... പ്രവർത്തിക്കാം**

1. ജീവിതത്തിൽ നിങ്ങളെ സത്യത്തിൽ നിന്നകറ്റിയ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടോ? അതിന്റെ കാരണമെന്ത്? വ്യക്തമാക്കുക.
2. സത്യസന്ധരല്ലാത്തപ്പോൾ നിങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പറയുക.
3. സത്യം പറഞ്ഞു എന്നു ബോദ്ധ്യപ്പെട്ട ഒരു സന്ദർഭം മനസ്സിൽ കാണുക. അതുമൂലം അനുഭവിച്ച സന്തോഷം പങ്കിടുക.

### നമുക്ക് പാടാം

മണ്ണാൽ മനയപ്പെട്ടവനേ! - നീ നിഗളിക്കേണ്ട
മണ്ണേ! നാളെ ചേരും നീ - മാതാവാം മണ്ണിൽ
എങ്ങനെ വലിയോർ - ഭീകരരായ്ത്തീർന്നു
കബറിനുള്ളിൽ-കയറി കാണുക നീ

ഉന്നതരെ താഴ്ത്തും ദൈവം - താഴ്മ വരിക്കുക നീ
ഉന്നതിയേകും വിനയത്തെ - കൈക്കൊണ്ടെന്നാകിൽ
ഹാലേലുയ്യാ നീ പുകഴാർന്നീടും.
(വലിയ നോമ്പ്, ചൊവ്വാഴ്ച പ്രഭാത നമസ്കാരം)

## നമുക്ക് പ്രാർത്ഥിക്കാം

സത്യമായ ദൈവം തമ്പുരാനേ, ഞങ്ങളെ അവിടുന്ന് കാത്തുകൊള്ളേണമെ. സത്യം മാത്രം സംസാരിക്കുവാനും സത്യമായത് മാത്രം പ്രവർത്തിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കേണമെ. ആമ്മീൻ.

### നിശ്ചയം

**എന്ത് പ്രയാസങ്ങൾ ഉണ്ടായാലും ഞങ്ങൾ എന്നും സത്യം മാത്രം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യും.**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സദൃ. 23:19-24 |
| തിങ്കൾ | ആവർത്തനം 32:1-4 | സദൃ. 3:1-4 |
| ചൊവ്വ | വി.യോഹ. 14:1-7 | എഫേ. 6:13-18 |
| ബുധൻ | വി.യോഹ. 1:9-14 | സങ്കീ. 33:1-5 |
| വ്യാഴം | വി.യോഹ. 16:7-13 | സങ്കീ. 111:1-11 |
| വെള്ളി | വി.യോഹ. 17:21 | സങ്കീ. 119:153-160 |
| ശനി | യോശുവ 24:14-15 | ഫിലി. 4:4-9 |
| ഞായർ | 1 രാജാ. 2:1-4 | * |

ശ്ല